# ഇളകാത്തഅടിസ്ഥാനം

**സാക്പുന്നൻ**

## ഉള്ളടക്കം


ഈ പുസ്തകവും നിങ്ങളും

1. മാനസാന്തരം
2. വിശ്വാസം
3. തിരഞ്ഞെടുപ്പും നീതീകരണവും
4. ശിഷ്യത്വം
5. ജലസ്നാനം
6. പരിശുദ്ധാത്മസ്നാനം
7. വിശുദ്ധീകരണം
8. ദൈവവചനവും പ്രാർത്ഥനയും
9. കൂട്ടായ്മയും സഭയും
10. ഈ യുഗത്തിന്റെ പര്യവസാനം

# ഈ പുസ്തകവും നിങ്ങളും....

ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ അവൻ എങ്ങനെ ജീവിക്കണമെന്ന് ആഗ്രഹിച്ചിരുന്നുവോ, അതുപോലെതന്നെ ജീവിക്കുവാൻ ഇപ്പോൾ അവനു കഴിയുമെന്ന സുവാർത്തയാണ് സുവിശേഷം . ക്രിസ്തുവിന്റെ നിർദ്ദേശങ്ങൾക്കു സമ്പൂർണ്ണമായി കീഴടങ്ങുന്ന ഒരുവനു നിരന്തരമായ ഒരു വിജയജീവിതം നയിക്കാൻ കഴയും.എന്നാൽ സുവിശേഷം വാഗ്ദാനം ചെയ്യുന്ന ഈ മഹത്വപൂർണ്ണമായ ജീവിതത്തിലേക്ക് ക്രിസ്തുവിനെ കൈക്കൊണ്ടിട്ടുള്ള പലരും പ്രവേശിക്കുന്നില്ല. എന്തുകൊണ്ട്?

പലപ്പോഴും ഇതിനുള്ള കാരണം അവരുടെ ക്രിസതീയജീവിതത്തിന്റെ ആരംഭത്തിൽ ഒരു നല്ല അടിസ്ഥാനം ഇടുവാൻ സാധിക്കുന്നില്ല എന്നതുതന്നെ.

വീണ്ടും ജനനം പ്രാപിച്ചതിനുശേഷമുള്ള നമ്മുടെജീവിതത്തെ ഒരു ഭവനത്തിന്റെ ഏറ്റവും പ്രധാനമായ ഭാഗം അതിന്റെ അടിസ്ഥാനമാണെന്ന കാര്യം നമുക്കെല്ലാം അറിവുണ്ട് നാലാംനിലയിലെ ഭിത്തിയിൽ ഒരു പൊട്ടൽ കാണപ്പെട്ടാൽ അതിന്റെ കാരണം ഉറപ്പില്ലാത്ത അടിസ്ഥാനമാണെന്നുള്ളതു വ്യക്ത മാണല്ലോ.

നമ്മുടെ ജീവിതവും ഇതുപോലെതന്നെ. നാം ക്രിസ്തുവിൽ വിശ്വസിച്ച് അനേകവർഷം കഴിഞ്ഞശേഷം തെറ്റായ ഒരടിസ്ഥാനത്തിന്റെ തിക്തഫലങ്ങൾ കാണപ്പെട്ടുവെന്നുവരാം.

പാപത്തിന്റെമേൽ വിജയമുള്ള ഒരു ജീവിതം പുതിയനിയമം നമ്മുക്കു വാഗ്ദാനം ചെയ്യുന്നു. റോമർ 6:14 നോക്കുക "നിങ്ങൾ ന്യയപ്രമാണത്തിനല്ല, കൃപയ്ക്കത്രേ അധീനരാകയാൽ പാപം നിങ്ങളുടെമേൽ കർത്തൃത്വം നടത്തുകയില്ല.".ഉൽകണ്ഠയിൽനിന്ന് തികച്ചും സ്വാതന്ത്രവും നിരന്തരസന്തോഷം നിറഞ്ഞതുമായ

ഒരു ജീവിതം അതു നമ്മുക്കു വാഗ്ദാനം ചെയ്യുന്നു. ഫിലി. 4; 4,6 നോക്കുക. "കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ.......ഒന്നിനേക്കുറിച്ചും വിചാരപ്പെടരുത്".

ദൈവം ഒരു കാര്യം കൽപ്പിക്കുമ്പോൾ അതു ചെയ്യുവാനുള്ള കഴിവും അവിടുന്ന് നമുക്ക് നൽകുമെന്നോർക്കുക. അതിനാൽ അവിടുത്തെ കല്പനകൾ ഒരർത്ഥത്തിൽ കൃപയാൽ നമുക്ക് നേടിയെടുക്കുവാൻ സാധിക്കുന്ന വാഗ്ദാനങ്ങൾ കൂടിയാണ്. തന്മൂലം മുകളിൽ നാം കണ്ട കല്പനകളെ നിരന്തരസന്തോഷവും ഉത്ക്കണ്ഠയിൽ നിന്നുള്ള പൂർണ്ണസ്വാതന്ത്ര്യംവും പ്രാപിക്കുവാൻ ദൈവം തന്നിട്ടുള്ള വാഗ്ദാനങ്ങളായും നമുക്കു കരുതാം.

പുതിയനിയമത്തിൽ ഇതുപോലെ വേറെയും പല വാഗ്ദാനങ്ങൾ അടങ്ങിയിരിക്കുന്നു. സുവിശേഷം യഥാർത്ഥത്തിൽ ഒരു സുവാർത്തയെന്നു തെളിയിക്കുവാൻ മുകളിൽ പരാമർശിച്ച കാര്യങ്ങൾ മതിയാവും.

എന്നാൽ സുവിശേഷം കൈക്കൊണ്ടുവെന്ന് അവകാശപ്പെടുന്ന ഭൂരിപക്ഷം ക്രിസ്ത്യാനികളും മുകളിൽ ഉദ്ദേരിച്ച വാക്യങ്ങളിൽ വിവരിച്ചിട്ടുള്ളതുപോലെയുള്ള ഒരു ജീവിതം നയിക്കുന്നില്ല എന്നത് ഒരു ദുഃഖസത്യമാണ്.

നിങ്ങളെപ്പറ്റിയുള്ള ദൈവത്തിന്റെ പൂർണ്ണലക്ഷ്യം നിറവേറത്തക്കവണ്ണം നിങ്ങളുടെ ജീവിതത്തിന് ഒരു ശരിയായ അടിസ്ഥാനം ഇടുവാൻ നിങ്ങളെ സഹായിക്കുക എന്നതാണ് ഈ പുസ്തകത്തിന്റെ ഉദ്ദേശ്യം.

അതിനാൽ തുടർന്ന് വായിക്കുക. പരിശുദ്ധാത്മാവ് നിങ്ങളുടെ ഹൃദയത്തോട് സംസാരിക്കട്ടെ.

ഇത് നിങ്ങളുടെ ജീവിതത്തിൽ തികച്ചും പുതിയ ഒരദ്ധ്യായത്തിന്റെ തുടക്കം ആയിരിക്കുവാൻ സാധ്യതയുണ്ട്.

# അദ്ധ്യായം ഒന്ന്
# മാനസാന്തരം

**ത**ന്റെ ആട്ടിൻ തൊഴുത്തിലേക്ക് പ്രവേശിക്കുവാനുള്ള ശരിയായ വഴി അതിന്റെ വാതിലിലൂടെയാണെന്ന് യേശു പറഞ്ഞിട്ടുണ്ട്. എന്നാൽ ചിലർ മതിൽചാടിക്കടന്ന് ഉള്ളിൽക്കടക്കുവാൻ ശ്രമിക്കുമെന്നും കർത്താവ് സൂചിപ്പിച്ചിട്ടുണ്ട്(യോഹ.10:1).

മനുഷ്യന് രക്ഷ സ്വായത്തമാക്കുവാൻ ദൈവം നിയമിച്ചിട്ടുള്ള വഴി മാനസാന്തരവും കർത്താവായ യേശു ക്രിസ്തുവിലുള്ള വിശ്വാസവുമാണ്. അതു മാത്രമാണ് വഴി മറ്റേതെങ്കിലും വഴിയിലൂടെ കടക്കാനാഗ്രഹിക്കുന്ന ഒരുവനെ ദൈവത്തിന് ഒരിക്കലും കൈക്കൊള്ളുവാൻ സാധ്യമല്ല.

കർത്താവിന്റെ വഴി ഒരുക്കുവാൻ വന്ന യോഹന്നാൻ സ്നാപകൻ മാനസാന്തരം പ്രസംഗിച്ചു. യേശു വിനെ തങ്ങളുടെ രക്ഷകനായി സ്വീകരിക്കാൻ യിസ്രായേൽ ജനതയേ ഒരുക്കുന്നതിനുള്ള ഏകമാർഗ്ഗം അതായിരുന്നു. നമുക്കും അതല്ലാതെ മറ്റൊരു വഴിയില്ല.

### മാനസാന്തരവും വിശ്വാസവും.

ഇന്നത്തേ ഭൂരിപക്ഷം വിശ്വാസികൾക്കും ആദിമ ക്രസ്ത്യാനികൾക്കുമുണ്ടായിരുന്ന ആഴമോ സമർപ്പ ണമോ ശക്തിയോ കാണുന്നില്ല. ഇതിന്റെ കാരണമെന്തായിരിക്കണമെന്നാണ് നിങ്ങൾ കരുതുന്നത്?

പ്രസിദ്ധമായ ഒരു ഇംഗ്ലീഷ് പാട്ടിലെ ഈ അടികൾ ശ്രദ്ധിക്കുക: -

സത്യമായി വിശ്വസിച്ചീടും കൊടുംപാപി-

യ്ക്കപ്പഴേ നൽകിടും നാഥൻ ക്ഷമ. ഇതു വാസ്തവം തന്നെയോ? കൊടും പാപി വിശ്വസിക്കുന്നതു കൊണ്ടുമാത്രം ക്ഷമ നേടും എന്നതു സത്യമാണോ? അയാൾ ആദ്യം തന്നെ മാനസാന്തരപ്പെടേണ്ടതു ആവ ശ്യമല്ലേ?

യഥാർത്ഥവിശ്വാസത്തിൽ മാനസാന്തരവും ഉൾക്കൊണ്ടിരിക്കുന്നുവെന്ന് നിങ്ങൾ പറഞ്ഞേക്കാം. എന്നാൽ ഈ കാര്യം ആ കൊടും പാപിക്ക് വിശദീകരിച്ചു കൊടുക്കാത്തപക്ഷം താൻ വിശ്വസിച്ചതുകൊണ്ടു മാത്രം വീണ്ടും ജനനം പ്രാപിച്ചുവെന്നു സങ്കൽപ്പിച്ചുകൊണ്ട് അയാൾ കടന്നു പോകുവാനിടയാകും. അങ്ങനെയെ ങ്കിൽ അയാൾ വഞ്ചിതനായുരിക്കുന്നു എന്നതു നിസ്തർക്കമാണ്.

യേശുതന്നെയും പ്രസംഗിച്ച സന്ദേശം ഇതായിരുന്നു; - മാനസാന്തരപ്പട്ടു സുവുശേഷത്തിൽ വിശ്വസി പ്പിൻ (മർക്കോ 1:15). ഈ ദൂതു തന്നെ പ്രസംഗിക്കുവാനാണ് കർത്താവ് തന്റെ അപ്പോസ്തലന്മാരോടാജ്ഞാ പിച്ചതും(ലൂക്കോ.24:47)അപ്രകാരം തന്നെ അവർ പ്രവർത്തിക്കുകയും ചെയ്തു(അപ്പോ. 20 : 21).

ഇതിനെക്കറിച്ചുള്ള ദൈവവചനം വളരെ വ്യക്തമാണ്. സമ്പൂർണ്ണവും യഥാർത്ഥവുമായ ഒരു ജീവിതന വീകരണം നിങ്ങൾക്കുണ്ടാകണമെങ്കിൽ മാനസാന്തരവും വിശ്വാസവും അഭാജ്യമായവിധം ഒരുമിച്ച ്നിങ്ങ ളിൽ വ്യാപാരച്ചേ മതിയാവൂ. ദൈവം ഇവയെ തമ്മിൽ സംയോജിപ്പിച്ചിരിക്കുന്നു. ദൈവം യോജിപ്പിച്ചതിനെ മനുഷ്യർ വേർപിരിക്കരുത്.

ക്രിസ്തീയജീവിതത്തിന്റെ അടിസ്ഥാനത്തിലുള്ള ആദ്യത്തെ രണ്ടു ഘടകങ്ങൾ മാനസാന്തരവും വിശ്വാ സവും ആണ്. (എബ്രാ. 6.1). നിങ്ങൾ ശരിയായവിധം മാനസാന്തരപ്പെട്ടിട്ടില്ല എങ്കിൽ (അതായത് പാപ ങ്ങളെക്കുറിച്ചു അനുതപിച്ച് ദൈവത്തിങ്കലേക്ക് തിരിഞ്ഞിട്ടില്ലെങ്കിൽ) നിങ്ങളുടെ അടിസ്ഥാനം വികലമാകാനേ ഇടയുള്ളൂ. തൽഫലമായി നിങ്ങളുടെ ക്രിസ്തീയജീവിതം ഒന്നാകെത്തന്നെ അസ്ഥിരമായിരിക്കും.

ദൈവഭയം ജ്ഞാനത്തിന്റെ ആരംഭ (ആദ്യക്ഷരങ്ങൾ) ആണെന്ന് ദൈവവചനം പ്രസ്താവിക്കുന്നു (സ ദൃശ.9:10). നാം യഥാർത്ഥമായും ദൈവത്തെ ഭയപ്പെടുന്നുവെങ്കിൽ നാം പാപത്തിൽനിന്നു വിട്ടുമാറും (സദൃ. 3:7). അതിനാൽ മാനസാന്തരപ്പെട്ടു പാപത്തെ വിട്ടുമാറിയിട്ടില്ലാത്തവർ ക്രിസ്തീയജീവിതത്തിന്റെ ആദ്യക്ഷര ങ്ങൾ പോലും പഠിച്ചവരല്ല.

### മാനസാന്തരം - തെറ്റായതും ശരിയായതും

നിങ്ങൾ മാനസാന്തരപ്പെട്ട ഒരുവനെങ്കിൽ നിങ്ങളുടേത് ശരിയായ മാനസാന്തരമോ എന്നു ഉറപ്പു വരു ത്തേണ്ടതുണ്ട് . എന്തെന്നാൽ സാത്താൻ ഒരു കപടമാനാസാന്തരം വരുത്തി ആളുകളെ കബളിപ്പിക്കുക പതി വാണ്.

“നിങ്ങൾ പിടിക്കപ്പെടുവാനിടയാകരുത്”എന്ന ഒരൊറ്റ കല്പനയുടെ അടിസ്ഥാനത്തിലാണ് മിക്ക മനുഷ്യരും ജീവിക്കുന്നതെന്ന കാര്യം സാത്താന് അറിയാം.അതിനാൽ ആരാലും പിടിക്കപ്പെടുവാനിടയാകാതെ പാപം ചെയ്യുന്നതിനുള്ള വഴികൾ അവൻ അവർക്കു ഉപദേശിച്ചുകൊടുക്കുന്നു

ഒരു കള്ളൻ പോലും പിടിക്കപ്പെട്ടുപോയാൽ ദു;ഖം പ്രകടിപ്പിക്കുന്നു. പക്ഷേ അത് മാനസാന്തരമല്ല.

ബൈബിളിൽ കപടമാനസാന്തരത്തിന്റെ ചില ദൃഷ്ടാന്തങ്ങൾ നാം കാണുന്നു. ശൗൽ ദൈവത്തോടു അനുസരണക്കേടു കാണിച്ചപ്പോൾ “ ഞാൻ തെറ്റു ചെയ്തുപോയി” എന്നു ശമുവേലിന്റെ അടുക്കൽ ഏറ്റുപറയുന്നുണ്ട്. എന്നാൽ അതു ജനങ്ങൾ അറിയുന്നത് അവൻ ഇഷ്ടപ്പെട്ടില്ല.അപ്പോഴും മനുഷ്യരിൽനിന്നുള്ള മാനമാണ് അവൻ അന്വേഷിച്ചത്. യഥാർത്ഥമാനസാന്തരം അവന് ഉണ്ടായില്ല. താൻ പിടിക്കപ്പെട്ടുപോയി എന്നതിൽ അവനു ഖേദം തോന്നി (1 ശമൂ.15:23 –30). അതായിരുന്നു അവനും താൻ വീണുപോയപ്പോൾ തന്റെ പാപം തുറന്നു ഏറ്റുപറഞ്ഞ ദാവീദു രാജാവും തമ്മിലുണ്ടായിരുന്ന വ്യത്യാസം (സങ്കീ. 51).

ശൗലിനെപ്പോലെ മറ്റൊരുവനായിരുന്നു ആഹാബ് രാജാവ്. യഹോവ അവനെ വിധിക്കുവാൻ പോകുന്നതായി ഏലുയാവു അവനു മുന്നറിയിപ്പു നല്കിയപ്പോൾ അവൻ തന്നെക്കുറിച്ചുതന്നെ അനുതപിച്ചു. അവൻ രട്ടുടുത്തു തന്റെ പാപത്തെക്കുറിച്ചു വിലപിച്ചു. എന്നാൽ അവൻ വാസ്തവമായി മാനസാന്തരപ്പെട്ടില്ല. ദൈവീകന്യായവിധിയെ ഭയപ്പെട്ടു. അത്രമാത്രം.

ഈസ്കര്യോത്താ യൂദായുടെ അനുഭവം കപടമാനസാന്തരത്തിന്റെ മറ്റൊരു ദൃഷ്ടാന്തമാണ്. യേശുവിനെ മരണശിക്ഷയ്ക്കുവിധിച്ചെന്നു അവൻ മനസ്സിലാക്കിയപ്പോൾ അവൻ അനുതപിച്ചു. “ ഞാൻ പാപം ചെയ്തുപോയി”എന്നു ഏറ്റുപറഞ്ഞു (മത്താ. 27: 3–5). എന്നാൽ അവൻ ഏററുപറഞ്ഞതു ഇന്നും ചിലർ ചെയ്യുന്നതുപോലെ പുരോഹിതന്മാരോടായിരുന്നു. താൻ ചെയ്തുപോയതിനേപ്പറ്റി അവൻ ദു;ഖിച്ചുവെങ്കിലും മാനസാന്തരപ്പെട്ടില്ല. അവൻ യഥാർത്ഥമായി മാനസാന്തരപ്പെട്ടുരുന്നുവെങ്കിൽ അവൻ കർത്താവിന്റെ അടുക്കൽ ചെന്നു തുറന്ന മനസ്സോടെ ക്ഷമയ്ക്കുവേണ്ടി അപേക്ഷിക്കുമായിരുന്നു. എന്നാൽ അവൻ അപ്രകാരം ചെയ്തില്ല.

ഇപ്രകാരം , മാനസാന്തരം എന്തല്ല എന്നതിനെപ്പറ്റി നമുക്കു മനസ്സിലാക്കുവുന്ന ധാരാളം കാര്യങ്ങൾ ഈ ദൃഷ്ടാന്തങ്ങളിലുണ്ട്.

യഥാർത്ഥമാനസാന്തരം വിഗ്രഹങ്ങളെ വിട്ടു കർത്താവിങ്കലേക്കു തിരിയുകയാണ്. (1തെസ്സ.1:9). ജാതികളുടെ ക്ഷേത്രങ്ങളിൽക്കാണുന്ന തടിയും കല്ലും കൊണ്ടുണ്ടാക്കിയ രൂപങ്ങൾ മാത്രമല്ല വിഗ്രഹങ്ങൾ. അവയെപ്പോലെ മ്ലേച്ഛമായിത്തോന്നിക്കാത്തവയെങ്കിലും ജനങ്ങൾ ആരാധിക്കുന്നവയും അവയ്ക്കു തുല്യം ആപൽക്കരങ്ങളുമായ വിഗ്രഹങ്ങൾ ഉണ്ട്.ലോകസുഖം,ആഡംബരംപണം, പ്രശസ്തി, സ്വന്തവഴി തന്നെ നേടിവാനുള്ള ആഗ്രഹം തുടങ്ങിയവയാണ് ഈ വിഗ്രഹങ്ങൾ. ഇവയെ അനേകവർഷമായി നാമെല്ലാം ആരാധിച്ചുപോരുന്നു. മാനസാന്തരപ്പെടുക എന്നുവച്ചാൽ ഇവയെ ആരാധിക്കുന്നതു നിർത്തിയിട്ടു അവയെ വിട്ട് ദൈവത്തിങ്കലേക്ക് തിരിയുകയാണ്.

യഥാർത്ഥമാനസാന്തരത്തിൽ നമ്മുടെ മുഴുവൻ വ്യക്തിത്വവും ഉൾക്കൊണ്ടിരിക്കും. നമ്മുടെ മനസ്സു, വികാരങ്ങൾ, ഇച്ഛാശക്തി എല്ലാം തന്നെ.

ഒന്നാമതായി , മാനസാന്തരമെന്നുവച്ചാൽ പാപത്തെയും ലോകത്തെപ്പറ്റിയുമുള്ള നമ്മുടെ മനോഭാവത്തിൽ മാറ്റമുണ്ടാവുകയാണ്. നമ്മുടെ പാപം നമ്മെ ദൈവത്തിൽ നിന്നകറ്റിയതായി മനസ്സിലാക്കുന്നു ഈ ലോകത്തിന്റെ ജീവിതരീതി ഒന്നാകെത്തന്നെ ദൈവവിരുദ്ധമെന്നു നാം ഗ്രഹിക്കുന്നു.അപ്രകാരം ദൈവത്തെ അപമാനിക്കുന്ന ജീവിതരീതിയിൽനിന്നു വിട്ടുമാറുവാൻ നാം ആഗ്രഹിക്കുകയും ചെയ്യുന്നു.

രണ്ടാമതു മാനസാന്തരം നമ്മുടെ വികാരങ്ങളെയും കൂടി സംബന്ധിക്കുന്ന ഒന്നാണ്. നാം പിൻതുടർന്നുപോയ ജീവിതരീതികളെപ്പറ്റി നമുക്കു ദു:ഖമുണ്ടാകുന്നു. (2കൊരി.7:10).നമ്മുടെ ഭൂതകാലപ്രവർത്തികളെയോർത്തു നമുക്കു നമ്മോടുതന്നെ വെറുപ്പു തോന്നുന്നു അതിലുമധികമായി മറ്റാർക്കും കാണാൻ കഴിയാത്ത വിധം നമ്മിലുള്ള വലിയ തിന്മയെപ്പറ്റി നമുക്കുതന്നെ ജുഗുപ്സയുണ്ടാകുന്നു.(യെഹെ. 36:31).

നമ്മുടെ ജീവിതരീതികൊണ്ടു നാം ദൈവത്തെ വളരെയധികം വേദനിപ്പിച്ചതോർത്തു നാം കരയുകയും വിലപിക്കുകയും ചെയ്യുന്നു. ബൈബിളിലുള്ള അനേകം മഹാവ്യക്തികൾക്കു തങ്ങളുടെ പാപത്തെപ്പറ്റി ബോധമുണ്ടായപ്പോഴത്തെ അവരുടെ പ്രതികരണം ഈ വിധത്തിലുള്ളതായിരുന്നു. ദാവീദ് (സങ്കീ.51) , ഇയ്യോബ് (ഇയ്യോ.42:6), പത്രോസ് (മത്താ. 26:75)– ഇവരെല്ലാം തങ്ങളുടെ പാപങ്ങളെപ്പറ്റി അനുതപിച്ചപ്പോൾ അതിദു;ഖത്തോടെ കരഞ്ഞിട്ടുണ്ട്.യേശുവും അപ്പോസതലന്മാരും നമ്മുടെ പാപങ്ങളെ യോർത്ത് കരഞ്ഞു വിലപിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നുണ്ട് (മത്താ.26:75)– അതാണ് ദൈവത്തിങ്കലേക്കു തിരിച്ചു വരുവാനുള്ള വഴി .

അന്തിമമായി, മാനസാന്തരത്തിൽ നമ്മുടെ ഇച്ഛാശശക്തിയുടെ പ്രവർത്തനം കൂടി ഉൾപ്പെട്ടിട്ടുണ്ട്. ആർക്കും വഴങ്ങാത്ത നമ്മുടെ സ്വേച്ഛയെ – സ്വന്തം വഴിയിൽക്കൂടിയുള്ള നമ്മുടെ ജീവിതത്തെ –കൈവിട്ട് നാം യേശുവിന് കുഴടങ്ങണം ഭരണകർത്താവായി നാം സ്വീകരിക്കണം . ഇപ്പോൾമുതൽ നാം എന്തുചെയ്യണമെന്നു ദൈവം ആഗ്രഹിക്കുന്നുവോ അതു ചെയ്യുവാൻ നാം സന്നദ്ധരാകണമെന്നാണ് അതിന്റെ അർത്ഥം . അതിനു കൊടുക്കേണ്ടവില എന്തുതന്നെയായിരുന്നാലും, അതു എത്രമാത്രം അപമാനകരമായാലും അതു നാം ചെയ്തേ മതിയാവൂ.

മുടിയൻപുത്രിന്റെ മാനസാന്തരം ഓർത്തുനോക്കുക. തകർന്നതും കീഴടങ്ങിയതുമായ ഹൃദയത്തോടെ തന്റെ പിതാവു കല്പിക്കുന്നതെന്തും ചെയ്യാൻ സന്നദ്ധനായി അവൻ സ്വഭവത്തിലേക്കു തിരിച്ചുവന്നു. അതാണു യഥാർത്ഥമാനസാന്തരം (ലൂക്കോ.15:11–24).

നാം എക്കാലവും ചെയ്തിട്ടുള്ള എല്ലാ പാപങ്ങളും ഒന്നൊന്നായി നാം ദൈവത്തോട് ഏറ്റുപറയേണ്ട ആവശ്യമില്ല. എത്രയായാലും അവയെല്ലാം ഓർമ്മിക്കുക എന്നതുതന്നെ നമുക്ക് അസാധ്യമായിരിക്കും. മുടിയൻ പുത്രൻ അതു ചെയ്തില്ല. അവൻ പറഞ്ഞത് ഇത്രമാത്രമായിരുന്നു:"അപ്പാ, ഞാൻ പാപം ചെയ്തിരിക്കുന്നു." നാമും പറയേണ്ടതു അത്രമാത്രമാണ്.

എന്നാൽ ഈസ്കര്യോത്താ യൂദായും "ഞാൻ പാപം ചെയ്തിരിക്കുന്നു" എന്ന് ഏറ്റുപറഞ്ഞത് ഓർക്കുക. എന്നാൽ അവന്റെ ഏറ്റുപറച്ചിലും മുടിയൻപുത്രന്റെ ഏറ്റുപറച്ചിലും തമ്മിൽ ധ്രുവങ്ങൾ തമ്മിലുള്ള അന്തരമുണ്ട്. നാം പറയുന്ന വാക്കുകൾ മാത്രമല്ല ദൈവം കേൾക്കുന്നത്. വാക്കുകൾക്കു പിന്നിലുള്ള മനോഭാവത്തെ അവിടുന്നു മനസ്സിലാക്കുകയും അതനുസരിച്ചു അവിടുന്നു നമ്മോടു ഇടപെടുകയും ചെയ്യുന്നു.

**മാനസാന്തരത്തിന്റെ ഫലം**

മാനസാന്തത്തിനു യോഗ്യമായ ഫലം കായ്ക്കുവാൻ യോഹന്നാൻ സ്നാപകൻ പരീശന്മാരോട് ആവശ്യപ്പെട്ടു (മത്താ.3:8). നാം യഥാർത്ഥമായി മാനസാന്തരപ്പെട്ടിട്ടുണ്ടെങ്കിൽ അതു നമ്മുടെ മുഴുവൻ ജീവിതത്തെയും വ്യത്യാസപ്പെടുത്തും.

നാം മാനസാന്തരപ്പെട്ടശേഷം ആദ്യമായി ചെയ്യേണ്ട കാര്യങ്ങളിലൊന്നു നമ്മുടെ ജീവിതത്തിൽ നാം ചെയ്തുപോയിട്ടുള്ള തെറ്റുകൾക്കു പ്രായശ്ചിത്തം അനുഷ്ഠിക്കുക എന്നതാണു.

യേശു സക്കായിയുടെ വീട്ടിൽ പ്രവേശിച്ചപ്പോൾ തന്നെ അവനു തന്റെ പാപങ്ങളെക്കുറിച്ചു ബോധം വന്നതായി നാം സുവിശേഷങ്ങളിൽ വായിക്കുന്നു (ലൂക്കോ. 19:1-10). പണത്തെ സ്നേഹിച്ചിരുന്ന ഒരു മനുഷ്യനായിരുന്നു സക്കായി. എങ്കിലും മാനസാന്തരത്തിന്റെ പ്രായോഗികഫലം എന്താണെന്നു അവൻ മനസ്സിലാക്കിയിരുന്നു. താൻ യേശുവിന്റെ ഒരു ശിഷ്യനായിത്തീരുകയാണെങ്കിൽ തന്റെ ജീവിതകാലത്തു ചെയ്തിട്ടുള്ള എല്ലാ തെറ്റുകൾക്കും പ്രായശ്ചിത്തമനുഷ്ഠിക്കേണ്ടത് ആവശ്യമാണെന്നു അവൻ മനസ്സിലാക്കി.

അവൻ ധാരാളം പേരേ കബളിപ്പിച്ചിട്ടുള്ളവനായിരുന്നതിനാൽ അപ്രകാരം ചെയ്യുന്നത് വളരെ സാമ്പത്തിക നഷ്ടത്തിനിടയാക്കുമായിരുന്നു. എങ്കിലും തന്റെ മാനസാന്തരം പൂർണ്ണഹൃദയത്തോടെയുള്ളതായിരിക്കുവാൻ അവൻ ആഗ്രഹിച്ചു. അതിനാൽ തന്റെ സ്വത്തിൽ പകുതി താൻ ദരിദ്രർക്കു കൊടുക്കുമെന്നും പിന്നീടു താൻ വഞ്ചിച്ചിട്ടുള്ളവർക്കെല്ലാം നാലുമടങ്ങായി തിരിയെ കൊടുക്കുമെന്നും അവൻ കർത്താവിനോടു പറഞ്ഞു.

ഇപ്രകാരം താൻ പ്രായശ്ചിത്തമനുഷ്ഠിക്കുമെന്നു സക്കായി പറഞ്ഞപ്പോൾ മാത്രമാണ് ആ ഭവനത്തിനു രക്ഷ വന്നിരിക്കുന്നുവെന്ന് യേശു പ്രഖ്യാപിച്ചത്. യഥാർത്ഥരക്ഷയുടെ ഒരു തെളിവ് ഇപ്രകാരം പ്രായശ്ചിത്തം ചെയ്യുവാനുള്ള സന്നദ്ധതയാണ് (ലൂക്കോ.19:1-10).

യേശു പറഞ്ഞ ഉപയിലെ ബുദ്ധിയുള്ള മനുഷ്യൻ ആഴത്തിൽക്കുഴിച്ച് മണലിന്റെയും മണ്ണിന്റെയുമെല്ലാം അടിയിലുള്ള പാറമേൽ തന്റെ ഭവനത്തിനു അടിസ്ഥാനമിട്ടു (ലൂക്കോ.6:48. ബുദ്ധിഹീനനായ മനുഷ്യനും അതേ സ്ഥലത്തു തന്നെ തന്റെ ഗൃഹം പണിതു. എന്നാൽ അവൻ വേണ്ടത്ര ആഴത്തിൽ കുഴിച്ചില്ല. ഉപരിതലത്തിലുള്ള മണ്ണിന്മേൽ തന്നെ അവൻ തന്റെ വീടിനു അടിസ്ഥാനമിട്ടു. ഈ ഉപമ യഥാർത്ഥവും കപടവുമായ മാനസാന്തരങ്ങളെ തമ്മിൽ വേർതിരിച്ചുകാണിക്കുന്നതു നാം മനസ്സിലാക്കണം. നമ്മുടെ ജീവിതത്തിൽ പൂർണ്ണമായ പ്രായശ്ചിത്തമനുഷ്ഠിക്കുന്നതിന്റെ ക്ലേശം നാം ഏറ്റെടുക്കുമ്പോൾ മാത്രമേ നാം ആഴെക്കുഴിച്ച് പാറമേൽ അടിസ്ഥാനമിടുന്നുള്ളൂ.

നാം ക്രിസ്തുവിങ്കലേക്കു തിരിയുമ്പോൾ ആരംഭത്തിൽതന്നെ നമ്മുടെ മാനസാന്തരത്തിനു മുമ്പുള്ള ജീവിതത്തിലെ എല്ലാ കാര്യങ്ങളും വകതിരിച്ചു പരിശോധിക്കുവാൻ സമയം എടുക്കുന്നത് ഉത്തമമായിരിക്കും. ഇവിടെ നാം ഉപരിപ്ലവബുദ്ധികളായി ചില കാര്യങ്ങൾ അവഗണിക്കുന്നപക്ഷം നമ്മുടെ അടിസ്ഥാനം ബലഹീനമാണെന്നും തന്മൂലം ഒരിക്കൽ നമ്മുടെ ഭവനം നിലംപതിക്കുവാനിടയാകുമെന്നും തീർച്ചയാണ്.

## പ്രായശ്ചിത്തത്തിൽ എന്തെല്ലാം ഉൾക്കൊള്ളുന്നു?

പ്രായശ്ചിത്തം ചെയ്ക എന്നുവച്ചാൽ എന്താണതിന്റെ അർത്ഥം?

അതിന്റെ അർത്ഥം ഇതാണ്: നിങ്ങൾ നികുതി കൊടുക്കുന്നതിലോ മറ്റേതെങ്കിലും കാര്യത്തിലോ ഗവമെന്റിനെ കബളിപ്പിച്ചിട്ടുങ്കിൽ ഇപ്പോൾ അതു മടക്കിക്കൊടുക്കണം. ചിലപ്പോൾ ആ തുക നിശ്ചിത ഡിപ്പാർട്ടുമെന്റിനു തിരിച്ചുകൊടുപ്പാൻ സാധ്യമല്ലെന്നു വരാം. എന്നാൽ പ്രായശ്ചിത്തം ചെയ്വാൻ മനസ്സുണ്ടെങ്കിൽ– ദൈവത്തെ അനുസരിപ്പാൻ നിങ്ങൾക്കാഗ്രഹുമുണ്ടെങ്കിൽ – അതിനു വഴിയും ഉണ്ടാകും. നമുക്ക് പോസ്റ്റ്ഓഫീസിലെ സ്റ്റാമ്പോ, റെയിൽവേ ടിക്കറ്റോ വാങ്ങിയശേഷം നാം ഗവർമ്മെന്റിനു കൊടുക്കുവാനുള്ള തുക അവർക്കു ലഭിക്കുന്നുവെന്ന് ഉറപ്പുവരുമാറ് അതു നശിപ്പിച്ചു കളയുവാൻ കഴിയും.

ചില വ്യക്തികളെയാണു നിങ്ങൾ വഞ്ചിച്ചിട്ടുള്ളതെങ്കിൽ നിങ്ങൾ ആ പണം അവർക്കു തിരിച്ചുകൊടുക്കുന്നതോടൊപ്പം അവരോടു ക്ഷമ ചോദിക്കുകയും കൂടി ചെയ്യണം. നിങ്ങളുടെ ജീവിതത്തിൽ എപ്രകാരം മാറ്റം വന്നുവെന്ന് അവരോടു പറയുകയും വേണം. ഇതെല്ലാം ചെയ്യുവാനാവശ്യമായ ധൈര്യം നിങ്ങൾക്കുലഭിക്കുന്നില്ലെങ്കിൽ, ഈ പ്രായശ്ചിത്തം ചെയ്യുന്ന സമയത്തു ഒരു സഹോദരനെക്കൂടി ഒപ്പം കൂട്ടിക്കൊണ്ടുപോകുക.

നിങ്ങളുടെ കടങ്ങൾ മുഴുവൻ ഒറ്റയടിക്കു തീർക്കുവാൻ നിങ്ങൾക്കു കഴിവില്ലെങ്കിൽ തവണകളായി അവ കൊടുത്തു തീർക്കുക. ഒരാരംഭം ഇടുക. ഒരുവേള അത് അഞ്ചുരൂപായായിരുന്നാലും തരക്കേടില്ല. തന്റെ കടങ്ങൾ കൊടുത്തുതീർക്കുവാൻ സക്കായി തീരുമാനിച്ച ദിവസത്തിൽ ദൈവം അവനെ കൈക്കൊണ്ടു. അവന്റെ മുഴുവൻ കടബാധ്യതയും തീർന്നശേഷമല്ല ദൈവം അപ്രകാരം ചെയ്തത്.

നിങ്ങൾ ഒരാളെ കബളിപ്പിക്കയും അയാൾ ഇപ്പോൾ എവിടെയുണ്ടെന്നറിവില്ലാതിരിക്കയും ചെയ്താൽ നിങ്ങൾ ആ പണം എല്ലാ സമ്പത്തിന്റെയും ആദിമഉടമസ്ഥനായ ദൈവത്തിനു തിരിച്ചു നൽകുക. യിസ്രായേൽക്കാർക്കായി ദൈവം നിശ്ചയിച്ച പ്രമാണം അതായിരുന്നു (സംഖ്യാ.5:6–8).

എങ്ങനെയൊക്കെയായാലും നിയമവിരുദ്ധമായി നമുക്കു ലഭിച്ച ഒരു വകമുതലും നമ്മുടെ പക്കൽ ഉണ്ടായിരിക്കരുത്. അത്തരം പണത്തെ അനുഗ്രഹിക്കുവാൻ ദൈവത്തിനു സാധ്യമല്ല.

ധനനഷ്ടം ഉൾക്കൊള്ളാത്ത വിധത്തിൽ നാം ആരെയെങ്കിലും മുറിപ്പെടുത്തുകയോ ആർക്കെങ്കിലും നഷ്ടം വരുത്തുകയോ ചെയ്തിട്ടുണ്ടെങ്കിൽ നാം അയാളുടെ അടുക്കൽപ്പോയി ക്ഷമ ചോദിക്കണം.

അനേകമാസങ്ങളായി പണം ലാഭിച്ചശേഷം തങ്ങൾ അടച്ചുതീർക്കാതിരുന്ന നികുതിയോ കസ്റ്റംസ് തീരുവയോ ഗവന്മെന്റിലേക്ക് അടച്ചു തീർക്കുവാനായി തങ്ങളുടെ ബാങ്ക് അക്കൗണ്ട് മുഴുവൻ കാലിയാക്കിയിട്ടുള്ള സഹോദരന്മാരെ എനിക്കറിയാം. ഒരു വലിയ ബാങ്ക് അക്കൗണ്ടിനെക്കാൾ മെച്ചമായ കാര്യങ്ങൾ നൽകി ദൈവം അവരെ അനുഗ്രഹിച്ചിട്ടുമുണ്ട്.

ബസ്സിലോ, ട്രെയിനിലോ ടിക്കറ്റുകൂടാതെ തങ്ങൾ യാത്ര ചെയ്ത തവണകളും അതിന്റെ പണവും കണക്കുകൂട്ടി ആ തുകകൾ തിരിച്ചുകൊടുത്തിട്ടുള്ള സഹോദരന്മാരെയും എനിക്കറിയാം. ചെറിയ കാര്യങ്ങളിൽ വിശ്വസ്തരായിരിക്കുന്നുവരാണു ദൈവത്തിനുവേണ്ടി വൻകാര്യങ്ങൾ നിറവേറ്റുന്നത്.

തങ്ങളുടെ ഡിഗ്രി സർട്ടിഫിക്കേറ്റുമായി യൂണിവേഴ്സിറ്റി അധികൃതരുടെ അടുക്കൽച്ചെന്ന് തങ്ങളുടെ ഫൈനൽ പരീക്ഷയിൽ തങ്ങൾ വ്യാജം കാണിച്ച വസ്തുത സമ്മതിച്ചേറ്റുപറഞ്ഞ ചിലരെയും എനിക്കറിവുണ്ട്. ഒരു നല്ല മനസ്സാക്ഷി ലഭിക്കുന്നതിലേക്കു ആവശ്യമെങ്കിൽ തങ്ങളുടെ ഡിഗ്രികൾ ഉപേക്ഷിക്കുവാനും അവർ സന്നദ്ധരായിരുന്നു. ദൈവം സാധാരണയായി അത്തരം വിശ്വാസികൾക്കു അധികൃതരുടെ ദൃഷ്ടിയിൽ ദയ ലഭിക്കുമാറാക്കുകയും അവർ അതു ക്ഷമിച്ചുകൊടുക്കുകയും ചെയ്യാറുണ്ട്. പക്ഷേ എല്ലായ്പ്പോഴും അപ്രകാരം സംഭവിക്കണമെന്നില്ല. നിങ്ങളുടെ കാര്യത്തിൽ ചിലപ്പോൾ യൂണിവേഴ്സിറ്റി നിങ്ങളുടെ സർട്ടിഫിക്കേറ്റു റദ്ദു ചെയ്തെന്നു വരാം. അങ്ങനെയെങ്കിൽ നിങ്ങളെ സംബന്ധിച്ച ദൈവത്തിന്റെ പരമഹിതം അതാണെന്നു നിങ്ങൾ മനസ്സിലാക്കണം.

അനേകവർഷം മുമ്പ് ഒരു സ്റ്റാമ്പു ഒരാളുടെ പക്കൽനിന്ന് അപഹരിച്ചെടുത്തശേഷം അതിന്റെ ഉടമസ്ഥന്റെ പേർക്കു പിൽക്കാലത്തു ക്ഷമാപണക്കത്തെഴുതിയ ഒരു സഹോദരനെ എനിക്കറിയാം. അപഹരിച്ച വസ്തുവിന്റെ വില എത്ര ചെറുതായാലും മോഷണം മോഷണം തന്നെയാണ്. നമ്മുടെ വിശ്വസ്തത പരീക്ഷിക്കപ്പെടുന്നതു ചെറിയ കാര്യങ്ങളിലാണ്.

നിങ്ങളുടെ ഭൂതകാലജീവിതത്തിൽ നിങ്ങൾ ചെയ്തുപോയിട്ടുള്ള തെറ്റായ കാര്യങ്ങളെ സംബന്ധിച്ച് നിങ്ങളുടെ ഓർമ്മശക്തിയെ പിടിച്ചുലച്ച് നിങ്ങളെത്തന്നെ പീഡിപ്പിക്കണമെന്നല്ല ഞാൻ ഇവിടെ അഭിപ്രായപ്പെടുന്നത്. ഇല്ല, അപ്രകാരം നിങ്ങൾ ചെയ്യേണ്ടതില്ല. പ്രായശ്ചിത്തം ചെയ്യേണ്ട കാര്യങ്ങളെ സംബന്ധിച്ച് ദൈവം നിങ്ങൾക്കു ഓർമ്മ വരുത്തും. അപ്രകാരം ദൈവം ഓർമ്മ വരുത്തുന്ന കാര്യങ്ങൾക്കു മാത്രം നിങ്ങൾ പ്രായശ്ചിത്തമനുഷ്ഠിച്ചാൽ മതിയാകും.

ചെയ്തുപോയ തെറ്റു വളരെ സങ്കീർണ്ണതയുള്ള ഒന്നാകയാൽ ഇപ്പോൾ പ്രായശ്ചിത്തം ചെയ്വാൻ സാധിക്കാത്ത കാര്യങ്ങളും ഉണ്ട്. അത്തരം കാര്യങ്ങളിൽ നിങ്ങൾക്കു ആകെക്കൂടി ചെയ്യാവുന്നതു ദൈവമുമ്പാകെ നിങ്ങളുടെ ദുഃഖമറിയിച്ച് അവിടുത്തെ ദയയ്ക്കായി അപേക്ഷിക്കുക മാത്രമാണു.

ഒരു പ്രത്യേക സംഗതി ഇപ്പോൾ ശരിയാക്കാൻ സാധിക്കാതെ വരികമൂലം അതിനെപ്പറ്റിയുള്ള കുറ്റബോധം ബാധിച്ച് എന്നേക്കും കുറ്റവാളിയെന്നു വിധിയെഴുതപ്പെടുന്ന ഒരവസ്ഥയിൽ നിങ്ങളെ കൊണ്ടെത്തിക്കുവാൻ എന്തായാലും നിങ്ങൾ സാത്താനെ അനുവദിക്കരുത്.നിങ്ങളുടെ സാഹചര്യം ദൈവം പൂർണ്ണമായി മനസ്സിലാക്കുന്നു. ദൈവം നമ്മെ പീഡിപ്പിക്കുന്നവനല്ല. നിങ്ങൾ മനസ്സുള്ളവനെങ്കിൽ നിങ്ങൾക്കു ചെയ്വാൻ കഴിയുന്ന കാര്യം ദൈവം സ്വീകരിക്കും. നിങ്ങൾക്ക് ഒന്നും ചെയ്വാൻ കഴിയാതെ വന്നാലും നിങ്ങളുടെ മനസ്സിന്റെ നിലയെ ദൈവം അംഗീകരിക്കും.

അവിടുന്ന് അത്ര കരുണാസമ്പന്നനാകയാൽ നമുക്കു അവിടുത്തെ സ്തുതിക്കാം.

ദൈവത്തെ മാനിക്കുന്നവരെ ദൈവം മാനിക്കും (1 ശമൂ.2:30). ദൈവത്തെ മാനിക്കുവാനുള്ള ഒരു മാർഗ്ഗം ചെറിയ കാര്യങ്ങളിൽ വിശ്വസ്തത പുലർത്തുകയാണ്.

നാം പ്രായശ്ചിത്തം അനുഷ്ഠിക്കുന്നില്ലെങ്കിൽ ജീവിതകാലം മുഴുവൻ ഒരു ചങ്ങല കൊണ്ടുള്ള ബന്ധനം നാം സ്വയം സ്വീകരിക്കുകയായിരിക്കും ചെയ്യുന്നത്. നമ്മുടെ പണം, മാനം, ഡിഗ്രി, ജോലി എന്നിവയെക്കാൾ ഒരു ശുദ്ധമനസ്സാക്ഷിയെ വിലമതിക്കുന്നവരാണോ നാമെന്നറിയുവാനായി ദൈവം നമ്മെ പരീക്ഷിക്കും. പലരും ഈ പരീക്ഷയിൽ പരാജയപ്പെടും. എന്നാൽ എല്ലാ തലമുറയിലും ഭൂമിയിലുള്ള മറ്റെന്തിനെക്കാളുമധികം ദൈവത്തെ സ്നേഹിക്കുന്ന ഒരു ശേഷിപ്പുള്ളതിനാൽ നമുക്കു ദൈവത്തിനു സ്തോത്രം ചെയ്യാം.

## മറ്റുള്ളവരോടു ക്ഷമിക്കുക.

നമ്മോടു ഏതെങ്കിലും വിധത്തിൽ ദോഷം ചെയ്തിട്ടുള്ളവരോടു ക്ഷമിക്കുക എന്നതും മാനസാന്തരത്തിൽ ഉൾപ്പെടുന്നു. “നിങ്ങൾ മനുഷ്യരോടു പിഴകളെ ക്ഷമിക്കാഞ്ഞാലോ നിങ്ങളുടെ പിതാവ് നിങ്ങളുടെ പിഴകളെയും ക്ഷമിക്കയില്ല” എന്നു യേശു പറഞ്ഞിട്ടുണ്ട് (മത്താ.6:15). മാത്രമല്ല, നാം മറ്റുള്ളവരോടു ഉപരിപ്ലവമായിട്ടല്ല, ഹൃദയത്തിന്റെ അടിത്തട്ടിൽനിന്നുതന്നെ ക്ഷമിക്കണമെന്നും അവിടുന്നു കല്പിച്ചിരിക്കുന്നു (മത്താ.18:25). നാം മറ്റുള്ളവരോടു മുഴുഹൃദയത്തോടും സമ്പൂർണ്ണമായും ക്ഷമിക്കുന്നില്ലെങ്കിൽ നമുക്കു ദൈവ

ത്തിന്റെ ക്ഷമ ലഭിക്കുക അസാധ്യം തന്നെ.

മറ്റുള്ളവർ നമ്മോടു ചെയ്ത കാര്യം മറക്കുവാൻ നമുക്കു കഴിഞ്ഞില്ലെന്നു വരാം. എന്നാൽ അതിനെപ്പറ്റി ചിന്തിക്കുവാനുള്ള പ്രേരണയുണ്ടാകുമ്പോൾ അപ്രകാരം ചിന്തിക്കുന്നതിൽനിന്നും പിന്തിരിയുവാൻ നമുക്കു സാധിക്കും.

ഒരു പക്ഷേ ഏതെങ്കിലുമൊരാൾ വളരെ കഠിനമായി നിങ്ങളെ ദ്രോഹിച്ചിട്ടുള്ളതിനാൽ അയാളോടു പൂർണ്ണഹൃദയത്തോടെ ക്ഷമിക്കുന്നതു വാസ്തവത്തിൽ വിഷമമായി നിങ്ങൾക്കു തോന്നിയേക്കാം. അതു ക്ഷമിക്കുവാൻ നിങ്ങളെ സഹായിക്കുവാനായി ദൈവത്തോടപേക്ഷിക്കുക. അപ്പോൾ ഏതൊരാളോടും ക്ഷമിക്കുവാനുള്ള ആഗ്രഹവും കഴിവും രണ്ടും നിങ്ങൾക്കു നൽകുവാൻ ദൈവം തികച്ചും സന്നദ്ധനാണെന്ന് നിങ്ങൾക്കു ബോധ്യമാകും.

ദൈവം നിങ്ങളോടു സൗജന്യമായിത്തന്നെ ക്ഷമിച്ചിട്ടുള്ള ലക്ഷക്കണക്കിനു പാപങ്ങളെപ്പറ്റി ചിന്തിക്കുമ്പോൾ അതുപോലെ മറ്റുള്ളവരോടും ക്ഷമിക്കുവാൻ നമുക്കു പ്രയാസമുണ്ടാവുകയില്ല. നാം മറ്റുള്ളവരോടു ക്ഷമിക്കാതിരിക്കുമ്പോഴാണു സാത്താനു നമ്മുടെമേൽ അധികാരം ലഭിക്കുന്നത്. സാത്താൻ നമ്മെ തോൽപ്പിക്കാതിരിക്കേണ്ടതിനു നാം ക്ഷമിക്കണമെന്ന് പൗലോസ് പറയുന്ന ഭാഗം നോക്കുക (2 കൊരി. 2:10,11).

### സാത്താന്റെ നേരെയുള്ള മനോഭാവത്തിൽ മാറ്റം

നാം കാര്യങ്ങൾ ക്രമീകരിക്കേണ്ട ഒരു മണ്ഡലം കൂടിയുണ്ട്. സാത്താനോടും ദുരാത്മാക്കളോടുമുള്ള നമ്മുടെ ബന്ധത്തിന്റെ മണ്ഡലമാണത്. നിങ്ങൾ ജ്യോതിഷത്തിലോ വിഗ്രഹാരാധനയിലോ കൈനോട്ടത്തിലോ കൺകെട്ടുവിദ്യയിലോ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ, അഥവാ റോക്ക് സംഗീതത്തിലോ മയക്കുമരുന്നുകളിലോ നിങ്ങൾ തൽപരനായിരുന്നിട്ടുണ്ടെങ്കിൽ സാത്താനോടുള്ള ഈ ബന്ധങ്ങൾ പരിത്യജിച്ചേ തീരൂ. ഒരുപക്ഷേ ഇവയിൽ ചിലതു അബോധപൂർവം വന്നുചേരുന്ന ബന്ധങ്ങളായാൽപോലും.

നിങ്ങൾ ചെയ്യേണ്ട ഒന്നാമത്തെ കാര്യം നിങ്ങളുടെ പക്കലുള്ള എല്ലാ വിഗ്രഹങ്ങളെയും ജാലവിദ്യാഗ്രന്ഥങ്ങളെയും മാന്ത്രികവസ്തുക്കളെയും വിൽക്കുകയല്ല, നശിപ്പിക്കുക എന്നതാണ് (അപ്പോ.പ്ര.19:9). അനന്തരം നിങ്ങൾ ഇപ്രകാരം പ്രാർത്ഥിക്കണം: "കർത്താവായ യേശുവേ, അറിഞ്ഞുകൊണ്ടോ അറിയാതെയോ സാത്താനുമായി എനിക്കുണ്ടായിരുന്ന എല്ലാ ബന്ധങ്ങളെയും ഞാൻ ഉപേക്ഷിക്കുന്നു."

പിന്നീട് സാത്താനോടു നേരിട്ട് ഇങ്ങനെ പറയുക: "സാത്താനേ, കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ നാമത്തിൽ ഞാൻ നിന്നോടു എതിർത്തു നിൽക്കുന്നു. ഇപ്പോൾ ഞാൻ കർത്താവായ യേശുക്രിസ്തുവിന്റെ വകയാകയാൽ നിനക്കു മേലാൽ എന്നെ തൊടുവാൻ സാധ്യമല്ല." യാക്കോ.4:7 ൽ ഇപ്രകാരം പറയുന്നു: "ദൈവത്തിനു കീഴടങ്ങുവിൻ. പിശാചിനോടു എതിർത്തു നിൽപിൻ. അപ്പോൾ അവൻ നമ്മെ വിട്ടു ഓടിപ്പോകും." അങ്ങനെ സാത്താനു നിങ്ങളുടെ ജീവിതത്തിന്റെ മേൽ ഒരവകാശവും ഇല്ലാതെയാകും.

നാം തുടർച്ചയായി കർത്താവിനോടു ചേർന്നു നടക്കുന്നപക്ഷം അവിടുന്നു നമ്മുടെ ജീവിതത്തിലെ വിവിധ മണ്ഡലങ്ങളെപ്പറ്റി കൂടുതൽ കൂടുതൽ വെളിച്ചം നമുക്കു നൽകും. അത് ഒരു പക്ഷേ നമ്മുടെ വേഷത്തിലോ സംഭാഷണത്തിലോ ഉള്ള ലോകമയത്വത്തെപ്പറ്റിയായിരിക്കാം. നമ്മുടെ ശബ്ദത്തിന്റെ പാരുഷ്യത്തെപ്പറ്റിയാകാം. അഥവാ നമ്മുടെ വായനാശീലത്തിന്റെ പ്രത്യേകതമൂലം നമുക്ക് അശുദ്ധി ബാധിക്കുന്നതിനെപ്പറ്റിയുമാകാം. ഇപ്രകാരം നാം മാനസാന്തരപ്പെടുകയും ശുദ്ധീകരണം പ്രാപിക്കയും ചെയ്യേണ്ട പുതിയ പുതിയ തുറകൾ നാം നിരന്തരം കണ്ടെത്തിക്കൊണ്ടിരിക്കും.

ജീവിതകാലം മുഴുവൻ നിരന്തരമായ മാനസാന്തരത്തിന്റെ ഈ വഴിയിൽക്കൂടി നാം മുന്നോട്ടു പോകേണ്ടത് ആവശ്യമത്രേ.

## അധ്യായം രണ്ട്

# വിശ്വാസം

ക്രിസ്തീയജീവിതത്തിന്റെ അടിസ്ഥാനത്തിലെ ഒന്നാം ഭാഗമാണു മാനസാന്തരം: രണ്ടാം ഭാഗം വിശ്വാസവും.

ദൈവത്തിൽ വിശ്വാസമുണ്ടാവുക എന്നതിന്റെ അർത്ഥം ഏറ്റവും ലഭിതമായിപ്പറഞ്ഞാൽ, അവനിൽ ശരണപ്പെടുകയും തന്റെ വചനത്തിൽ അവിടുന്നു പറഞ്ഞിട്ടുള്ള കാര്യങ്ങൾ വിശ്വസിക്കുകയുമാണ്. നമ്മുടെ വികാരങ്ങൾ നമ്മോടു പറയുന്നവയും മറ്റു മനുഷ്യർ പറയുന്നവയുമായ കാര്യങ്ങളെ അവഗണിച്ചുകൊണ്ടാണു നാം ഇപ്രകാരം ചെയ്യേണ്ടത്.

ദൈവത്തെ സംബന്ധിച്ച മൂന്നു വസ്തുതകൾ ഇവയാണ്: 1) അവിടുന്ന് നമ്മെ അന്തമറ്റവിധം സ്നേഹിക്കുന്നു. 2) അവിടുന്ന് സമ്പൂർണ്ണജ്ഞാനമുള്ളവനാണ്. 3) അവിടുന്നു സർവശക്തനാണ്.

ഈ വസ്തുതകൾ വിശ്വസിപ്പാൻ പ്രയാസമുണ്ടോ? ഇല്ലതന്നെ. അങ്ങനെയെങ്കിൽ പൂർണ്ണഹൃദയത്തോടെ ദൈവത്തിൽ വിശ്വസിപ്പാൻ നമുക്കു പ്രയാസം തോന്നേണ്ടതില്ല.

ഹവ്വാ ഏദെൻതോട്ടത്തിൽവച്ച് സാത്താന്റെ വചനങ്ങളെ ശ്രദ്ധിച്ചപ്പോൾ അത് വിശ്വാസത്തെ കെടുത്തുന്ന ഒന്നായിത്തീർന്നു. ദൈവത്തിന്റെ കല്പനകൾ തന്റെ നന്മയ്ക്കു വേണ്ടിയുള്ളവയാണെന്നു അവൾ വിശ്വസിച്ചില്ല. ദൈവത്തിനു തന്നോടുള്ള സമ്പൂർണ്ണസ്നേഹത്തിൽ അവൾക്കു വിശ്വാസമില്ലാതെ വന്നതിനാൽ അവൾ ദൈവത്തോടു അനുസരണക്കേടു കാണിപ്പാനിടയായി.

## ദൈവത്തിന്റെ ദാനങ്ങൾ സ്വീകരിപ്പാനുള്ള വിശ്വാസം

നമുക്കു നൽകുവാനായി ഒട്ടനേകം അദ്ഭുതകാര്യങ്ങൾ ദൈവത്തിന്റെ പക്കലുണ്ട്. അവിടുത്തെ ദാനങ്ങളെല്ലാം കൃപയാലുള്ളവയാണ്. എങ്കിലും അവ സ്വീകരിക്കുവാൻ വിശ്വാസം നമുക്കു ആവശ്യമായിരിക്കുന്നു.

നാം കൃപയാൽ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതായി ദൈവവചനം പറയുന്നു (എഫേ. 2:8). സ്വീർഗ്ഗീയദാനങ്ങൾ നിറഞ്ഞതും നമ്മുടെ നേരേ നീട്ടപ്പെടുന്നതുമായ ദൈവത്തിന്റെ കരമാണു കൃപ. വിശ്വാസമെന്നതോ ദൈവത്തിങ്കലേക്കു ഉയർത്തപ്പെട്ടു സ്വർഗ്ഗീയാനുഗ്രഹങ്ങൾ സ്വീകരിക്കുന്ന നമ്മുടെ കരമത്രേ.

ദൈവം ഒന്നാമതായി നമുക്കു പാപമോചനം വാഗ്ദാനം ചെയ്യുന്നു. നാം മാനസാന്തരപ്പെട്ടവരെങ്കിൽ ഇപ്പോൾ നാം ചെയ്യേണ്ടത് ഇത്രമാത്രം: നമ്മുടെ കരം നീട്ടി ദൈവം സൗജന്യമായി നൽകുന്നതിനെ സ്വീകരിക്കുക. നാം അതിനുവേണ്ടി പ്രയത്നിക്കുകയോ അതിനു വില കൊടുക്കുകയോ ചെയ്യേണ്ട ആവശ്യമില്ല. കാൽവറിയിൽ അതിന്റെ വില കൊടുക്കപ്പെട്ടു കഴിഞ്ഞു. ഇപ്പോൾ നാം ചെയ്യേണ്ടത് ഇത്രമാത്രം: "പിതാവേ, നന്ദി" എന്നു പറഞ്ഞുകൊണ്ട് അതു സ്വീകരിക്കുക. അതാണു വിശ്വാസം.

ദൈവം വാഗ്ദാനം ചെയ്തത് നാം സ്വീകരിക്കാതിരിക്കുമ്പോൾ നാം സത്യത്തിൽ അവിടുത്തെ അപമാനിക്കുകയാണു: അവിടുത്തെ ദാനങ്ങളെ നാം നിന്ദിക്കുകയാണ്. ചിലർ കുട്ടികളുടെ നേരേ ചില കാര്യങ്ങൾ വച്ചു നീട്ടിയശേഷം കുട്ടികൾ വാങ്ങാൻ ഭാവിക്കുമ്പോൾ കൈ വലിച്ചുകളയുന്നതുപോലെ ദൈവം നമ്മെ പരിഹസിക്കുകയാണെന്ന് ഒരു പക്ഷേ നാം ചിന്തിച്ചേക്കാം. എന്നാൽ അത്തരം മനുഷ്യരെപ്പോലെ ദൈവം അല്പനോ തിന്മയുള്ളവനോ അല്ല. അവിടുന്നു ഒരു സ്നേഹപൂർണ്ണനായ പിതാവാണു. അവിടുന്നു യഥാർത്ഥമായും നമുക്കു നല്ല ദാനങ്ങൾ നൽകുവാനാഗ്രഹിക്കുന്നു.

അതിനാലാണു നാം മറ്റെന്തുതന്നെ ചെയ്താലും "വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കാൻ സാധ്യമല്ല" എന്നു ബൈബിൾ പറയുന്നത്.

നാം ദൈവത്തിൽ വിശ്വസിക്കുന്നപക്ഷം അവിടുന്ന് നമ്മുടെ പാപങ്ങൾ ക്ഷമിക്കും; മാത്രമല്ല, പാപത്തിന്റെ ശക്തിയിൽനിന്ന് നമ്മെ സ്വതന്ത്രരാക്കുകയും ചെയ്യും.

നമുക്ക് വിശ്വാസം എങ്ങനെ ലഭിക്കും? അതിന് ഒരൊറ്റ മാർഗ്ഗമേയുള്ളു. "വിശ്വാസം കേൾവിയാലും കേൾവി ദൈവത്തിന്റെ വചനത്താലും വരുന്നു" എന്ന് ദൈവവചനം പറയുന്നു (റോമർ 10:17). മറ്റൊരു പ്രകാരത്തിൽപ്പറഞ്ഞാൽ തന്റെ വചനത്തിലൂടെ നമ്മോടു സംസാരിക്കുവാൻ നാം ദൈവത്തെ അനുവദിക്കുമെങ്കിൽ നമുക്കു വിശ്വാസം ലഭിക്കും. നമുക്കു വിശ്വാസം വർദ്ധിക്കുന്നതും ആ വിധത്തിൽ തന്നെയാണു.

ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ചുവെന്നും വീണ്ടും ജീവിച്ചെഴുന്നേറ്റുവെന്നും ദൈവവചനത്തിലൂടെ നാം ഗ്രഹിക്കുന്നു. നാം പാപങ്ങളെക്കുറിച്ചു അനുതപിക്കുകയും അവനിൽ വിശ്വസിക്കുകയും ചെയ്താൽ ഉടൻതന്നെ സൗജന്യവും സമ്പൂർണ്ണവുമായ പാപക്ഷമ നമുക്കു ലഭിക്കുമെന്നും നാം മനസ്സിലാക്കുന്നു. അനന്തരം ഇതു സത്യമാണെന്നു പരിശുദ്ധാത്മാവു നമ്മോടു സാക്ഷ്യം പറയുന്നു. ഇപ്രകാരം ദൈവവചനത്തിന്റെയും പരിശുദ്ധാത്മാവിന്റെയും ദ്വിമുഖസാക്ഷ്യത്തിലൂടെ ദൈവം നമ്മോടു ക്ഷമിച്ചുവെന്നും നാം ദൈവത്തിന്റെ മക്കളായിത്തീർന്നുവെന്നും നമുക്കു പൂർണ്ണമായ ഉറപ്പു ലഭിക്കുന്നു.

## വിശ്വാസത്താലുള്ള നിർണ്ണയം

നമ്മുടെ ഹൃദയത്തിൽ നാം യഥാർത്ഥമായി ദൈവമക്കളാണെന്നുള്ള പൂർണ്ണനിർണ്ണയം ഉണ്ടായിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. ഈകാര്യത്തെപ്പറ്റി നാം ഒരിക്കലും സംശയത്തിൽക്കഴിയേണ്ട ആവശ്യമില്ല. എന്തെന്നാൽ നമുക്ക് ഉറപ്പ് നൽകുവാനായ് ധാരാളം വാഗ്ദത്തങ്ങൾ തന്റെ വചനത്തിലൂടെ ദൈവം നൽകിയിട്ടുണ്ട്.

താഴെ കൊടുത്തിരിക്കുന്ന വാഗദാനങ്ങൾ ശ്രദ്ധിക്കുക:-

യേശു അരുളിച്ചെയ്തു: " എന്റെ അടുക്കൽ വരുന്നവനെ ഞാൻ ഒരുനാളും തള്ളിക്കളകയില്ല.......സത്യമായി സത്യമായി ഞാൻ നിങ്ങളോട് പറയുന്നു: വിശ്വസിക്കുന്നവന് നിത്യജീവനുണ്ട്. "(യോഹ. 6:37,47)

" അവനെ (കർത്താവായ യേശുക്രിസ്തുവിനെ ) കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കളാകുവാൻ അവൻ അധികാരം കൊടുത്തു. " (യോഹ. 1:12).

" ഞാൻ അവരുടെ അകൃത്യങ്ങളെക്കുറിച്ച് കരുണയുള്ളവൻ ആകും: അവരുടെ പാപങ്ങളെ ഇനി ഓർക്കയില്ല എന്നു കർത്താവിന്റെ അരുളപ്പാട് " (എബ്രാ. 8:12).

ദൈവത്തിന്റെ വാഗ്ദാനങ്ങളിൽ വിശ്വാസം അർപ്പിക്കുന്നതിനെ ഒരു നദി കടക്കുമ്പോൾനമ്മുടെ കാലുകൾകൊണ്ട് ഉറപ്പുള്ള ഒരു പാലത്തിന്മേൽ ചവിട്ടിനടക്കുന്നതിനോടു ഉപമിക്കാം. പാലം ഉറപ്പുള്ളതാണെങ്കിൽ നമ്മുടെ കാൽ ബലഹീനമായാൽ പോലും കുഴപ്പമില്ല. അതിനാൽ ഉറപ്പായ വിശ്വാസം എന്നു പറയുന്നതു

എന്താണ് ? ഉറപ്പുള്ള ഒരു ദൈവത്തിലും അവിടുത്തെ വാഗ്ദാനങ്ങളിലും ശരണം വയ്ക്കുകയാണത്. നമ്മുടെ വികാരങ്ങൾ പലപ്പോഴും വളരെ വഞ്ചനാത്മകമാണ്.

അതിനാൽ നാം ഒരിക്കലും അവയിൽ ആശ്രയിക്കരുത് . വസ്തുത, വിശ്വാസം, വികാരം എന്നീ പേരുള്ള മൂന്നാളുകൾ ഒരിക്കൽ ഒന്നിനു പുറകേ ഒന്നായി വീതികുറഞ്ഞ ഒരു മതിലിന്റെ മീതെ കൂടി നടന്നുപോയതിനേപ്പറ്റി പറയുന്ന ഒരു ദൃഷ്ടാന്തകഥയുണ്ട്. വസ്തുത ഏറ്റവും മുമ്പിലായും വിശ്വാസം അയാൾക്കു പിറകിലായും വികാരം ഏറ്റവും പിന്നിലായും നടന്നു. വിശ്വാസം തന്റെ മുമ്പിലുള്ള വസ്തുതയുടെ മേൽദൃഷ്ടയുറപ്പിച്ചിരുന്ന സമയത്തോളം എല്ലാം ശുഭമായി മുന്നോട്ടുപോയി. എല്ലാവരും ഭദ്രമായിമുന്നോട്ടുപോയ്ക്കൊണ്ടിരുന്നു . വികാരം വിശ്വാസത്തിന്റെ പിമ്പിൽ സുരക്ഷിതനായി മുന്നോട്ടുപോയി. എന്നാൽ തന്റെ പിമ്പിലുള്ള വികാരം എങ്ങനെ തന്നെ പിന്തുടരുന്നുവെന്നറിയുവാനായി വിശ്വാസം ഒന്നു പിന്തിരിഞ്ഞു നോക്കിതോടെ അവൻ കാലുതെറ്റി താഴെ വീണു മരണമടഞ്ഞു. ഒപ്പം വികാരവും വീണ് മരണം പ്രാപിച്ചു. വസ്തുതയാകട്ടെ ഭിത്തിയുടെ മുകളിലൂടെ നിർബ്ബാധം മുന്നോട്ടുപോയി.

ഈ ഉപമനൽകുന്ന ഗുണപാഠം വ്യക്തമാണ്. ദൈവവചനത്തിൽ മാറ്റമില്ലാത്ത സത്യങ്ങൾ അഥവാ വസ്തുതകൾ ഉൾക്കൊണ്ടിരിക്കുന്നു. നമ്മുടെ വിശ്വാസം സ്ഥിരമായി വചനത്തിലേക്കു മാത്രം ദൃഷ്ടിയുറപ്പിക്കുന്നപക്ഷം ഒരിക്കലും നാം വീണുപോകുവാനിടയാവുകില്ല. വികാരങ്ങൾ സ്വാഭാവികരീതിയിൽ പിന്തുടരുകയും ചെയ്യുംനേരെ മറിച്ച് നമ്മുടെ വികാരങ്ങളിലേക്കു ദൃഷ്ടിയെ നയിക്കുന്നപക്ഷം നാം വേഗത്തിൽ വീണുപോകയും ധൈര്യക്ഷയത്തിലും ശിക്ഷാവിധിയിലും അകപ്പെടുകയും ചെയ്യും.

## വിശ്വാസത്തിന്റെ ഏറ്റുപറച്ചിൽ( The confession of faith)

നാം വിശ്വാസിക്കുന്ന കാര്യം ഏറ്റുപറയേണ്ടതാവശ്യമാണെന്ന് ബൈബിൾ പറയുന്നു." യേശുവിനെ കർത്താവെന്ന് വായ് കൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽനിന്നു ഉയിർത്തെഴുന്നെൽപിച്ചുവെന്നു ഹൃദയംകൊണ്ടു വുശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കയും വായ്കൊണ്ട് രക്ഷയ്ക്കായി എറ്റുപറകയും ചെയ്യുന്നു."(റോമർ 10:9,10).

വായ്കൊണ്ടുള്ള ഏറ്റുപറച്ചിൽ സുപ്രധാനമാണ്. ദൈവവചനം ഏറ്റുപറയുക ഏന്നുവച്ചാൽ ദൈവം പറയുന്ന അതേ കാര്യങ്ങൾ നാമും പറയുക എന്നാണർത്ഥം. അത് പ്രയാസമുള്ള ഒരു കാര്യമാകാൻ പാടില്ല. എന്തെന്നാൽ ദൈവവാഗ്ദാനങ്ങളോട് 'ആമേൻ ' (അപ്രകാരം തന്നെയാകട്ടെ) എന്നു പറയുകയാണല്ലോ അവിടെ നാം ചെയ്യുന്നത്.

വിശ്വസിക്കുക എന്നവാക്ക് തിരുവെഴുത്തിൽ ആദ്യമായി ഉപയോഗിച്ചിട്ടുള്ളത് ഉൽപത്തി പതിനഞ്ചാമദ്ധ്യായത്തിലാണ്. അവിടെ ദൈവം അബ്രാമിനോട് അവന് സന്തതിയില്ലാത്തവനായിരുന്നപ്പോൾ അവന് ആകാശത്തിലെ നക്ഷത്രങ്ങൾപ്പോലെ അത്രയധികം സന്താനങ്ങൾ ഉണ്ടാകുമെന്ന് അ്രുളിച്ചെയതതായി നാം വായിക്കുന്ന അവിടെ അബ്രാം ദൈവത്തിൽ വിശ്വസിച്ചു എന്നു എഴുതിയിരിക്കുന്നു. (വാ.6). അവിടെ വിശ്വസിക്കുക എന്നതിന് ഉപയോഗിച്ചിരിക്കുന്ന എബ്രായപദം 'ആമേൻ 'എന്നാണ്. ഇതിൽനിന്നാണ് ആമേൻ എന്ന പദം ഉണ്ടായിട്ടുള്ളത്. അത് അപ്രകാരം തന്നെയാകും എന്നാണ് അതിന്റെ അർത്ഥം. അതിനാൽ അബ്രാം ചെയ്ത ഏകകാര്യം ദൈവവാഗ്ദാനത്തോട് ആമേൻ എന്നുപറയുകയായിരുന്നു.

യഥാർത്ഥവിശ്വാസം അതാണ് ദൈവത്തോട് ആമേൻ എന്നു പറയുകതന്നെ.അതിന്റെ അടുത്തഭാഗത്തു അബ്രാം തന്നെത്തന്നെ അബ്രാഹാം എന്നു വിളിച്ചതായിനാം വായിക്കുന്നു. ജനസമൂഹത്തിന്റെ പിതാവ് എന്നാണ് ഈപേരിന്റെ അർത്ഥം. അപ്പോഴും അവന്റെ ഭാര്യയായ സാറാ മക്കളില്ലാത്തവളായിരുന്നു.പക്ഷേ അത് അബ്രാഹാമിന് ഒരു കാര്യമായിരുന്നില്ല. ദൈവം അരുളിച്ചെയ്തതു അവൻ വിശ്വസിക്കയാൽ അവൻ തന്നെത്തന്നെ "ജനസമൂഹത്തിന്റെ പിതാവ് "എന്നുവിളിച്ചു(ഉൽപ. 17:5).

ഇതാണ് വിശ്വസത്തിന്റെ ഏറ്റുപറച്ചിൽ ദൈവവാഗ്ദാനം നിറവേറിയതായി കാണാതിരിക്കെത്തന്നെ ദൈവം അരുളിച്ചെയ്തകാര്യം നാമും ഏറ്റുപറയുക എന്നതു തന്നെ. ഇപ്രകാരം ദൈവവാഗ്ദാനങ്ങളെ നാം ഏറ്റുപറയുമ്പോൾ ദൈവത്തിങ്കലുള്ള വിശ്വാസം നാം പ്രകാശിപ്പിക്കുകയാണ് ചെയ്യുന്നത്. അപ്പോൾ നമുക്കുവേണ്ടി പ്രവർത്തിപ്പാൻ ദൈവത്തിന് കഴിയും.

നാം സാത്താനെ ജയിക്കുന്നത് നമ്മുടെ സാക്ഷ്യവചനം മുഖേനയാണ് (വെളി.12:11). നമ്മുടെ രക്ഷയെപ്പറ്റി നമുക്കുള്ള ഉറപ്പും ദൈവമുമ്പാകെ നമുക്കുള്ള ധൈര്യവും അപഹരിക്കുവാനാണ് അപവാദിയായ സാത്താൻ എപ്പോഴും ശ്രമിക്കുന്നത്. അവനെ ജയിക്കുവാൻ നാം ആഗ്രഹിക്കുന്നുവെങ്കിൽദൈവവാഗ്ദാനങ്ങളെ നാം നേരിട്ട് അവന്റെ മുമ്പിൽ ഉദ്ധരിച്ചേ മതിയാവൂ.

യേശു പിന്നേയും " ഇപ്രകാരം എഴുതിയിരിക്കുന്നു." "ഇപ്രകാരം എഴുതിയിരിക്കുന്നു." ഇപ്രകാരം എഴുതിയിരിക്കുന്നു." എന്നിങ്ങനെ തിരുവെഴുത്തുകളെ സത്താന്റെ മുൻമ്പിൽ ഉദ്ധരിച്ചിരിട്ടാണ് അവനെ ജയിച്ചത് (മത്താ.4:1–11).

ദൈവവചനത്തെ നാം സംശ്യിക്കുന്ന പക്ഷം നാം ദൈവത്തെ അസത്യവാദിയാക്കുകയാണ്. എന്നാൽ നാം സാത്താന്റെ മുമ്പാകെ ദൈവവചനം ഏറ്റുപറുയുമ്പോൾ സാത്താനും അവന്റെ വ്യാജങ്ങൾക്കും എതിരായി നാം ദൈവത്തിന്റെയും ദൈവവചനത്തിന്റെയും പക്ഷത്തു ചേരുകയാണ് ചെയ്യുന്നത്. ഈവിധത്തിൽ നമ്മുടെ സാഹചര്യങ്ങളും വികാരങ്ങളും എന്തെല്ലാം നമ്മോടു പറഞ്ഞാലും ദൈവം അരുളിച്ചെയ്യ്തതു സത്യമാണെന്നു നാം വിശ്വസിക്കുന്നതായി സാത്താനോട് ഏറ്റുപറയുന്നതാണ് വിശ്വാസത്തിന്റെ ഏറ്റപറച്ചിൽ.

# അധ്യായം മൂന്ന്

# തിരെഞ്ഞെടുപ്പും നീതകരണവും

ദൈവം തന്റെ മക്കളെ തിരഞ്ഞെടുക്കുന്നതും അവരെ നീതീകരിക്കുന്നതും പുതിയനിയമം പഠിപ്പിക്കുന്ന മഹത്വകരമായ രണ്ടു സത്യങ്ങളാണ്.

## തിരഞ്ഞെടുപ്പ്

തന്റെ മുന്നറിവിൻ പ്രകാരം ദൈവം തന്റെ പുത്രന്മാരാകുവാൻ നമ്മെ തിരഞ്ഞെടുത്തുവെന്ന് ബൈബിൾ പറയുന്നു (1പത്രോസ്1:1) തന്റെ മക്കളാകുവാൻ പോകുന്നവരെ നിത്യകാലങ്ങൾക്കു മുമ്പുമുതലേ ദൈവം അറിഞ്ഞിരുന്നുവെന്നാണ് ഇതിന്റെയർത്ഥം.

ദൈവം ലോകസ്ഥാപനത്തിനുമുമ്പേ ക്രിസ്തുവിൽ തിരഞ്ഞെടുത്തു എന്നും ദൈവവചനം പറയുന്നു. (എഫേസ്യർ 1:4) ആദാം സൃഷ്ടിക്കപ്പെടുന്നതിന് എത്രയോ മുമ്പുതന്നെ ദൈവം നമ്മിലോരോരുത്തരേയും തന്റെ മക്കളായി അറിഞ്ഞിരുന്നു: നമ്മുടെ പേരുകൾ ജീവപുസ്തകത്തിൽ എഴുതപ്പെട്ടുമിരുന്നു (വെളി. 13:8). നമുക്ക് അദ്ഭുതകരമായ സുരക്ഷിതാബോധം നൽകുന്ന വസ്തുതകളാണിവ.

നാം നിൽക്കുന്നത് ദൈവത്തിന്റെ സുസ്ഥിരമായ അടിസ്ഥാനത്തിന്മേലാണ്. ഈ അടിസ്ഥാനത്തിന്മേൽ ദ്വിമുഖമായ ഒരു മുദ്രതയുള്ള്തായി ദൈവവചനം പറയുന്നു. അതിന്റെ ദൈവാഭിമുഖമായ വശത്ത് " കർത്താവ് തനിക്കുള്ളവരെ അറിയുന്നു" എന്നും മനുഷ്യാഭിമുഖമായ വശത്ത് "കർത്താവിന്റെ നാമം ഉച്ചരിക്കുന്ന വൻഎല്ലാം അനീതിവിട്ടകന്നുകൊള്ളട്ടെ" എഴുതപ്പെട്ടിരിക്കുന്നു. (2തിമോ. 2:19).

ലോകസ്ഥാപനത്തിനു മുമ്പുതന്നെ ദൈവം തന്റെ മക്കളെ അറിഞ്ഞിരിന്നു.എന്നാൽ നാമാകട്ടെ , നാം യഥാർത്ഥമായി മാനസാമന്തരപ്പെട്ടു തങ്കലേക്ക് തിരിയുമ്പോൾ മാത്രമേ നാം ദൈവമക്കളാണെന്ന് അറിയുന്നുള്ളൂ. ദൈവം തന്റെ മക്കളെ തിരഞ്ഞെടുക്കുകയും അപ്പോൾതന്നെ മനുഷ്യന് ദൈവത്തെ തിരഞ്ഞെടുക്കുവാനോ തിരഞ്ഞെടുക്കാതിരിക്കുവാനോ സ്വാതന്ത്ര്യം കൊടുക്കുകയും ചെയ്യുന്നതെങ്ങനെയെന്ന് നമ്മുടെ പരിമിതങ്ങളായ മനസ്സുകൾക്ക് ഗ്രഹിപ്പാൻ സാധ്യമല്ല. നമ്മുടെ ഗ്രഹണശക്തിയനുസരിച്ച് ഒരിക്കലും കൂട്ടിമുട്ടാത്ത രണ്ടു സമാന്തരരേഖകൾ പോലെയാണ് ഈ രണ്ടുകാര്യങ്ങൾ.

എന്നാൽ സമാന്തരരേഖകളുടെ ഗണിതശാസ്ത്രനിർവചനമനുസരിച്ച് അവ അപരിമേയതയിൽ (infinity) കൂടുച്ചേരുന്നുണ്ട്. അതു പോലെ ദൈവത്തിന്റെ നിത്യമായ മനസ്സിൽ ഇവ ഒന്നിച്ചുചേരുന്നു എന്നു പറയാം.

ഏതോ ഒരാൾ ഈ കാര്യത്തെ ഇപ്രകാരം വിശദീകരിച്ചിട്ടുണ്ട്. നിങ്ങൾ ജീവിതമാകുന്ന വഴിയിൽക്കൂടി നടന്നുകൊണ്ടിരിക്കെ ഒരു ദിവസം ഒരു തുറന്ന വാതിൽ കണ്ടു. അതിന്മേൽ ഇപ്രകാരം എഴുതിയിരുന്നു: മാനസാന്തരപ്പെട്ടു ക്രിസ്തുവിൽ വിശ്വസിക്കുന്ന ഏവനും ഇതിൽക്കൂടി കടന്നു നിത്യജീവൻ പ്രാപിക്കാം. " നിങ്ങൾ അതിലൂടെ പ്രവേശിച്ചു. അനന്തരം തിരിഞ്ഞുനോക്കുമ്പോൾ നിങ്ങൾ പ്രവേശിച്ച അതേ വാതിലിന്മേൽ തന്നെ അപ്രകാരം എഴുതിയിരിക്കുന്നതു കണ്ടു: " ലോകസ്ഥാപനത്തിനു മുമ്പേ ക്രിസ്തുവിൽ നിങ്ങൾ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു."

## നീതികരണം

പാപക്ഷമ ഭൂതകാലത്തെ സംബന്ധിച്ച കുറ്റബോധത്തെ നമ്മിൽനിന്നു നീക്കിക്കളയുന്നു. എങ്കിലും അതു നമ്മെ പൂർണ്ണവിശുദ്ധരാക്കുന്നില്ല. അതിനാൽ ഇപ്പോഴും പൂർണ്ണവിശുദ്ധനായ ഒരു ദൈവത്തിന്റെ മുമ്പിൽ നിൽപാൻ നമുക്കു കഴിവില്ല. തന്മൂലം നമുക്കുവേണ്ടി ഒരു കാര്യം കൂടി ചെയ്യേണ്ടത് ദൈവത്തിന് ആവശ്യമായിത്തീർന്നു.

നമ്മെ നീതികരിക്കേണ്ടതു അവിടുത്തേക്ക് ആവശ്യമായിരുന്നു. അതിനുവേണ്ടി ക്രിസ്തുവിന്റെ സമ്പൂർണ്ണമായ നീതിസ്വഭാവത്തെ ദൈവം നമ്മുടെ പേരിൽ കണക്കിട്ടു എന്നതാണ് നീതീകരണം എന്നതിന്റെ അർത്ഥം. അതിന്റെ ഫലം ഇതാണ്: ഇപ്പോൾ ദൈവമുമ്പാകെ നമ്മുടെ നിലപാട് ക്രിസ്തുവിന്റേതുപോലെ സമ്പൂർണ്ണതയുള്ള ഒന്നാണ്. ഇത് നമ്മെ അദ്ഭുതസ്തബ്ധരാക്കുന്ന ഒരു വസ്തുതയാണ്. അത് സത്യവുമത്. ഒരു നിർദ്ധനനായ ഭിക്ഷക്കാരന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ കോടിക്കണക്കിനു രൂപ ഒരാൾ നിക്ഷേപിക്കുന്നതുപോലെയാണ് ഇത്. ഈ പണം ഒരിക്കലും അവൻ സമ്പാദിച്ചതോ അവന് അർഹതയുള്ളതോ അല്ല. സൗജന്യദാനമായ അവന് നൽകിയതു മാത്രമാണ്.

**ഭൂതകാലത്തിൽ ഒരിക്കൽപോലും പാപം ചെയ്തിട്ടല്ലാത്തവർ എന്നപോലെയും വർത്തമാനകാല ജീവിതത്തിൽ പൂർണ്ണനീതിയുള്ളവർ എന്നപോലെയും ദൈവത്താൽ നാം സ്വീകരിക്കപ്പെടുന്നതിനാണ് നീതീകരണം എന്നു പറയുന്നത്.**

ദൈവവചനം ഇപ്രകാരം പ്രസ്താവിക്കുന്നു: " വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ട്.... നാം നിൽക്കുന്ന കൃപയിലേക്ക് നമുക്ക് അവൻമൂലം വിശ്വാസത്താൽ പ്രവേശനം ലഭിച്ചിരിക്കുന്നു" (റോമർ 5:1,2 ). ഇപ്പോൾ

നമുക്ക് ഏതു സമയത്തും ഭയമോ ശങ്കയോ കൂടാതെ ദൈവസന്നിധിയിലേക്ക് ധൈര്യത്തോടെ കടന്നു ചെല്ലാം. അതനുള്ള വഴി ദൈവം തുറന്നു തന്നിരിക്കുന്നു.

ഏദൻതോട്ടത്തിൽവച്ച് ആദാമും ഹവ്വായും പാപം ചെയ്ത ഉടൻതന്നെ അവർ കുറ്റബോധവും ലജ്ജയും നിറഞ്ഞവരായിതീർന്നു. അവർ അത്തിയില കൂട്ടിത്തുന്നി നാണം മറച്ചു. ദൈവം ആ അത്തിയിലയുടെ ആവ രണം നീക്കിയിട്ട് രു മൃഗത്തെ കൊന്ന് അതിന്റെ തോൽകൊണ്ടുള്ള വസ്ത്രം അവരെ ധരിപ്പിച്ചു.

ആ അത്തിയിലകൾ നമ്മുടെ തന്നെ സൽപ്രവർത്തികളുടെ പ്രതീകമാണ്. അത്തിയിലകളെപ്പോലെ തന്നെ നമ്മുടെ സൽപ്രവൃത്തികൾ ദൈവമുമ്പാകെ നമ്മുടെ നഗ്നതയെ മറയ്ക്ക്‌വാൻ പര്യാപ്തമല്ല. എന്തെന്നാൽ നമ്മുടെ അത്യുത്തമപ്രവൃത്തികൾപോലും ദൈവമുമ്പാകെ കറപുരണ്ട തുണിപോലെയാണെന്ന് ദൈവ വചനം പറയുന്നു(യെശ. 64:6). നമ്മുടെ പാപത്തിനായി മരണത്തിനേല്പിക്കപ്പെട്ട ക്രിസ്തുവിന്റെ ഒരു പ്രതീക മാണ് കൊല്ലപ്പെട്ട മൃഗം. നമ്മുടെ നഗ്നത മറയ്ക്കുവാനായി നൽകപ്പെടുന്നതും പൂർണ്ണനീതിയുള്ളതുമായ ക്രിസ്തുവിന്റെ സ്വഭാവത്തിന്റെ പ്രതീകമാണ് തോൽകൊണ്ടുള്ള ആ വസ്ത്രം.

നീതീകരണം ദൈവത്തിന്റെ ഒരു സൗജന്യദാനമാണ്. സ്വന്തം പ്രവൃത്തികളുടെ അടിസ്ഥാനത്തിൽ ഒരു മനുഷ്യൻപോലും ദൈവസന്നിധിയിൽ നീതീകരിക്കപ്പെടുകയില്ല. അതിനാൽ, ദൈവത്താൽ നീതീകരിക്കപ്പെട്ടവരാകുവാൻവേണ്ടി നമുക്ക് നീതിമാന്മാരായിത്തീരാം എന്നു പറയുന്നത് ഒരു പരമാബദ്ധമാണ്.

എന്നാൽ ഇതിനു നേരേ എതിർദിശയിലുള്ള മറ്റൊരു പരമാബദ്ധം കൂടിയുണ്ട്. 'നാം ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരും നീതീകരിക്കപ്പെട്ടവരുമായിരിക്കുന്ന സ്ഥിതിക്ക് ഇപ്പോൾ നാം പാപം ചെയ്തതു കൊണ്ടും കുഴപ്പമില്ല 'എന്നുപറയുന്നതാണത്. ദൈവം തങ്ങളെ തിരഞ്ഞെടുക്കുകയും നീതീകരിക്കുകയും ചെയതതു മൂലം പാപത്തെ ലാഘവബുദ്ധിയോടെ വീക്ഷിക്കുന്നവർ അവരുടെ പ്രവൃത്തിയാൽ തന്നെ അവർ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമല്ല എന്നു തെളിയിക്കുകയാണ് ചെയ്യുന്നത്. (റോമർ 4:5-നെ യാക്കോ. 2:24-നോട് താരതമ്യം ചെയ്തു നോക്കുക).

നാം ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരും നീതീകിരിക്കപ്പെട്ടവരുമെന്ന നിർണ്ണയം ഒരിക്കൽ പ്രാപിച്ചുകഴിഞ്ഞാൽ പിന്നീട് സാത്താന്റെ കുറ്റാരാപണങ്ങൾ നമ്മുടെമേൽ ഫലിക്കാതെയായിത്തീരും. എന്തെന്നാൽ, "ദൈവം നമുക്കനുകൂലമെങ്കിൽ പിന്നെ നമുക്കു പ്രതികൂലം ആര്?"(റോമർ 8:31). നമ്മുടെ ജീവിതത്തിൽ പിന്നീടൊരിക്കൽപ്പോലും നാം ദൈവത്താൽ ശിക്ഷയ്ക്കു വിധിക്കപ്പെട്ടവരെന്നോ തള്ളപ്പെട്ടവരെന്നോ നമുക്കു തോന്നേണ്ട ആവശ്യമില്ല.

"ദൈവം തിരഞ്ഞെടുക്കപ്പെട്ടവരെ ആർ കുറ്റം ചുമത്തും? നീതീകരിക്കുന്നവൻ ദൈവം. ശിക്ഷവിധിക്കുന്നവൻ ആർ?." റോമർ 8:33). ഹല്ലേലുയ്യാ!

സുവിശേഷത്തിലടങ്ങിയിരിക്കുന്ന സുവാർത്ത ഇവിധമുള്ളതാണ് . ആസ്ഥിതിക്ക് ദൈവ തങ്ങളെ തിരഞ്ഞെടുക്കുകയും നീതീകരിക്കുകയും ചെയ്തിരിക്കുന്നു എന്ന സത്യം പല വിശ്വാസികളിൽനിന്നും സാത്താൻ മറച്ചു വച്ചിരിക്കുന്നതിൻ അദ്ഭുതപ്പെടുവാനില്ല.

## അധ്യായം നാല്

# ശിഷ്യത്വം

"ആകയാൽ നിങ്ങൾ പുറപ്പെട്ടു ....... സകലജാതികളേയും ശിക്ഷ്യരാക്കികൊൾവിൻ" എന്നു യേശു തന്റെ ശിഷ്യന്മാരോടു കല്പിച്ചപ്പോൾ അവിടുന്ന് എന്താണുദ്ദേശിച്ചതെന്നതിനെപ്പറ്റി അവർക്കു യാതൊരു സംശയവുമുണ്ടായിരുന്നില്ല (മത്താ.28:19). കാരണം തന്റെ ശിഷ്യനാകുക എന്നതിന്റെ അർത്ഥമെന്താണെന്ന് അവിടുന്ന് നേരത്തെ തന്നെ അവർക്കു വിശദമാക്കിക്കൊടുത്തിരുന്നു.

ശിഷ്യത്വത്തിന്റെ മൂന്നു വ്യവസ്ഥകൾ ഏറ്റവും വ്യക്തമായി വെളിപ്പെടുത്തുന്ന വേദഭാഗമാണ് ലൂക്കോ. 14:25-35 എന്നീ വാക്യങ്ങൾ . അവിടെ ഒരു ഗോപുരം പണിയുവാൻ അടിസ്ഥാനമിട്ടശേഷം അതിന്റെ പണിക്കാവശ്യമായ പണം കൊടുപ്പാൻ കഴിവില്ലാത്തതിനാൽ അതു പൂർത്തിയാക്കുവാൻ കഴിയാതെ പോയ ഒരു മനുഷ്യന്റെ ദൃഷ്ടാന്തം കർത്താവു പറയുന്നുണ്ട് (വാ. 28-30). ഒരു ശിഷ്യനാകുക എന്നതു വളരെ വിലകൊടുക്കേണ്ട ഒരു കാര്യമാണെന്ന് ആഭാഗം തെളിയിക്കുന്നു. അതിനാൽ പണിയുവാനാരംഭിക്കുന്നതിനുമുമ്പ് ആദ്യമേതന്നെ ഇരുന്ന് വില തിട്ടപ്പെടുത്തി നോക്കുവാൻ യേശു നമ്മോടാവശ്യപ്പെടുകയാണ്

ശിഷ്യത്വം വാസ്തവത്തിൽ എന്താണെന്ന് ഗ്രഹിക്കുവാൻ നാം നമുക്കു പാപക്ഷമ ലഭിച്ചശേഷം അനേകവർഷക്കാലം കാത്തിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നില്ല. ആളുകൾ തന്റെ അടുക്കൽ വന്ന ഉടൻതന്നെ ശിഷ്യത്വത്തിനു കൊടുക്കേണ്ടവിലയെപ്പറ്റി യേശു അവരോടു പറയുകയാണ് ചെയ്തിട്ടുള്ളത്.

ശിഷ്യനാകുവാൻ മനസ്സില്ലാത്ത ഒരു വിശ്വാസി ,കാരം അഥവാ ഉപ്പുരസം നഷ്ടപ്പെട്ടുപോയ ഉപ്പുപോലെ ദൈവത്തിന് പ്രയോജനമില്ലാത്തവനാണെന്ന്- ഒന്നിനും കൊള്ളരുതാത്തവനാണെന്ന്- കർത്താവു വ്യക്തമാക്കിയിട്ടുണ്ട് (ലൂക്കോ.14:35).

**സ്വജനങ്ങളെ വെറുക്കുക**

ശിഷ്യത്വത്തിന്റെ ഒന്നാമത്തെ വ്യവസ്ഥ നമ്മുടെ സ്വജനങ്ങളോട് സമുക്കു സ്വഭാവികമായിട്ടുള്ള അതിരുകടന്ന സ്നേഹം വിച്ഛേദിക്കുക എന്നതാണ്. യേശു പറഞ്ഞു: "എന്റെ അടുക്കൽ വരികയും അപ്പനെയും അമ്മയേയും ഭാര്യയെയും മക്കളെയും സഹോദരന്മാരെയും സഹോദരിമാരെയും സ്വന്തജീവനെയും കൂടെ പകെക്കാതിരിക്കുകയും ചെയ്യുന്നവന് എന്റെ ശിഷ്യനായിരിപ്പാൻ കഴികയില്ല"(ലൂക്കോ.14:26).

ഇവ കടുപ്പമുള്ള വാക്കുകളാണ്. പകയ്ക്കുക എന്നു പറഞ്ഞാൽ എന്താണതിന്റെ അർത്ഥം? പകയ്ക്കുക എന്നത് കൊ ല്ലുക തന്നെയാണെന്ന് തിരുവചനം പറയുന്നു(യോഹ. 3:15). ഇവിടെ നാം മരിപ്പിക്കണം എന്നു കർത്താവാവശ്യപ്പെടുന്നത് നമ്മുടെ സ്വജനങ്ങളോട് നമുക്കുള്ള സ്വാഭാവികമായ മമതാബന്ധമാണ്.

നാം അവരെ സ്നേഹിക്കേണ്ടതില്ല എന്നാണോ ഇതിന്റെ അർത്ഥം? അല്ല, തീർച്ചയായും അല്ല. നാം അവരോടുള്ള നമ്മുടെ മാനുഷികമായ മമതാബന്ധം ഉപേക്ഷിക്കുമ്പോൾ ദൈവം അതിന്റെ സ്ഥാനത്ത് ദിവ്യസ്നേഹം നമുക്കു നൽകും. അപ്പോൾ സ്വജനങ്ങളോടു നമ്മുക്കുള്ള സ്നേഹം സംശുദ്ധമായിത്തീരും .അതിന്റെ അർത്ഥം ഇതാണ്. എല്ലാ സമയത്തും നമ്മുടെ ചിന്തകളിൽ ഒന്നാം സ്ഥാനം നമ്മുടെ സ്വജനങ്ങൾക്കല്ല, ദൈവത്തിനു തന്നെ ആയിത്തീരും.

തങ്ങളുടെ മാതാപിതാക്കൾക്കോ ഭാര്യയ്ക്കോ മറ്റു പ്രിയപ്പെട്ടവർക്കോ ഇടർച്ചയുണ്ടാക്കുവാൻ ഭയപ്പെടുന്നമൂലം ഒട്ടനവധി ആളുകൾ ദൈവത്തെ അനുസരിക്കാതിരിക്കുന്നു. നമ്മുടെ ജീവിതത്തിൽ തനിക്ക് ഒന്നാം സ്ഥാനം ലഭിക്കണമെന്ന് കർത്താവ് ആഗ്രഹിക്കുന്നു. ആ സ്ഥാനം അവിടുത്തേക്കു നാം നൽകുന്നില്ലെങ്കിൽ നമുക്ക് അവിടുത്തെ ശിഷ്യന്മാരാകുവാൻ ഒരുക്കലും സാധ്യമല്ല. യേശുവിന്റെ ദൃഷ്ടാന്തം നോക്കുക. അവിടുന്ന് വിധവയായ തന്റെ മാതാവിനു വേണ്ടി തന്റെ ജീവീതാന്ത്യം വരെയും കരുതിയിരുന്നെങ്കിലും ചെറിയ കാര്യങ്ങളിൽപ്പോലും തന്റെ പിതാവിന്റെ ഹിതം നിറവേറ്റുന്നതിൽ തന്നെ സ്വാധീനീക്കുവാൻ ഒരിക്കലും അവരെ അനുവദിച്ചിരുന്നില്ല. കാനാവിലെ കല്യാണവസരത്തിൽ തന്റെ മാതാവിന്റെ പ്രേരണപ്രകാരം പ്രവർത്തിക്കുവാൻ യേശു വിസമ്മതിക്കുന്നത് ഇതിനൊരു ദൃഷ്ടാന്തമാണ് (യോഹ. 2:4).

നമ്മുടെ സഹോദരന്മാരെ വെറുക്കേണ്ടതെങ്ങനെയെന്നും യേശു നമ്മെ പഠിപ്പിച്ചു. ക്രൂശുമരണം വരിക്കുന്നതിൽനിന്ന് തന്നെ തടയുവാൻ പത്രോസ് ശാസിച്ചു. ആ ശാസനവാക്കുകൾ കർത്താവ് ഉച്ചരിച്ചിട്ടുള്ളവയിൽവച്ച് ഏറ്റവും മൂർച്ചയേറിയ ചില വാക്കുകളായിരുന്നു. അവിടുന്നു പറഞ്ഞു : "സാത്താനെ , എന്നെ വിട്ടുപോ: നീ എനിക്ക് ഇടർച്ചയാകുന്നു"(മത്താ.16: 23). വളരെ മാനുഷിക സ്നേഹത്തോടുകൂടെയാണ് പത്രോസ് തന്റെ അഭിപ്രായം കർത്താവിനെ അറിയിച്ചത് . എന്നാൽ അവന്റെ അഭിപ്രായം തന്റെ പിതാവിന്റെ ഹിതത്തിന് വിരുദ്ധമായിരുന്നതിനാൽ കർത്താവ് അവനെ ശാസിക്കുകയാണുണ്ടായത്.

യേശുവിന് ഏറ്റവുമധികം മമതാബന്ധം ഉണ്ടായിരുന്നത് തന്റെ സ്വർഗ്ഗസ്ഥപിതാവിനോടായിരുന്നു. നമുക്കും അതേ മനോഭാവം തന്നെ ഉണ്ടായിരിക്കണമെന്ന് അവിടുന്നു പ്രതീക്ഷിക്കുന്നു. തന്റെ ഉയിർത്തെഴുന്നേൽപിനു ശേഷം ഭൗമിക മായ സകലത്തിനും മീതേ തന്നെ അവൻ സ്നേഹിക്കുന്നുണ്ടോ എന്നു കർത്താവു പത്രോസിനോടു ചോദിച്ചു (യോഹ. 21:15– 17). കർത്താവിനെ സർവോന്നതമായി സ്നേഹിക്കുന്നവർക്കു മാത്രമേ സഭയിൽ എന്തെങ്കിലും ചുമതല നൽകുവാൻ അവിടുത്തേക്ക് സാധ്യമാകൂ.

എഫെസോസിലെ സഭയുടെ നേതാവിന് കർത്താവിനോടുള്ള അവന്റെ ആദ്യസ്നേഹം നഷ്ടമാകുക മൂലം അവൻ കർത്താവിനാൽ പരിത്യജിക്കപ്പെടുവാൻ സാധ്യതയുള്ള ഒരു ആപൽക്കരമായ അവസ്ഥയിൽ എത്തിച്ചേർന്നു (വെളി.2:1–5).

സങ്കീർത്തനക്കാരനെപ്പോലെ , " കർത്താവെ , സ്വർഗ്ഗത്തിൽ എനിക്ക് ആരുള്ളൂ ? ഭൂമിയിലും നിന്നെയല്ലാതെ ഞാൻ ഒന്നും ആഗ്രഹിക്കുന്നില്ല." എന്നു പറയുവാൻ നമുക്കു സാധിക്കുമെങ്കിൽ , അപ്പോൾ ശിഷ്യത്വത്തിന്റെ ഒന്നാമത്തെ വ്യവസ്ഥ നാം നിറവേറ്റിയിരിക്കുന്നു (സങ്കീ. 73:25).

നമ്മിൽനിന്ന് യേശു ആവശ്യപ്പെടുന്ന സ്നേഹം അവിടുത്തെ സംബോധന ചെയ്തുകൊണ്ടു വികാരതീവ്രതയുള്ള ഭക്തിഗാനങ്ങൾ ആലപിക്കുവാൻ പ്രേരിപ്പിക്കുന്ന വൈകാരികവും ഭാവതരളവുമായ സ്നേഹമല്ല. നേരേ മറിച്ച്, നാം കർത്താവിനെ സ്നേഹിക്കുന്നവരെങ്കിൽ അപ്പോൾ അവിടത്തെ കല്പനകൾ നാം അനുസരിക്കും.

**സ്വന്തജീവനെ വെറുക്കുക**

ശിഷ്യത്വത്തിന്റെ രണ്ടമത്തെ വ്യവസ്ഥ നമ്മുടെ സ്വന്തജീവനെ (self -life) നാം വെറുക്കണം എന്നതാണ്. യേശു പറഞ്ഞു : " എന്റെ അടുക്കൽ വരികയും സ്വന്തജീവനെ പകയ്ക്കാതിരിക്കുകയും ചെയ്യുന്നവന് എന്റെ ശിഷ്യനായിരിപ്പാൻ കഴിയുകയില്ല"(ലൂക്കോ,14:26). ഇതിനെ കൂടുതൽ വിശദമാക്കിക്കൊണ്ട് അവിടുന്ന് വീണ്ടും പറഞ്ഞു: " തന്റെ ക്രൂശെടുത്തുകൊണ്ടു എന്റെ പിന്നാലെ വരാത്തവനും എന്റെ ശിഷ്യനായിരിപ്പാൻ കഴിയുകയില്ല "(ലൂക്കോ. 14:27).

യേശുവിന്റെ ഉപദേശങ്ങളിൽവച്ച് ആളുകൾ ഏറ്റവും കുറവായി മാത്രം ഗ്രഹിച്ചിട്ടുള്ള ഒരു വസ്തുതയാണിത്.

ഒരു ശിഷ്യൻ നാൾതോറും തന്നെത്താൻ ത്യജിച്ച് ചന്റെ ക്രൂശെടുക്കണമെന്ന് അവിടുന്ന് അരുളിച്ചെയ്തു (ലൂക്കോ. 9:23). നാൾതോറും ബൈബിൾ വായിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നതിനേക്കാൾ പ്രധാനമായി നാം ചെയ്യേണ്ടകാര്യം നാൾതോറും നമ്മത്തന്നെ ത്യജിച്ച് നമ്മുടെ ക്രൂശെടുത്ത്കൊണ്ടു കർത്താവിനെ പിന്തുടരുക എന്നതാണ്. തന്നെത്താൻ ത്യജിക്കുക എന്നതു സ്വന്തജീവനെ, അതായത് ആദാമിൽനിന്ന് നാം

അവകാശമാക്കിയിട്ടുള്ള ജീവനെ, പകയ്ക്കുക എന്നതുതന്നെയാണ്. ആ ജീവനെ കൊല്ലുന്നതിനുമുമ്പ് അതിനെ നാം വെറുക്കേണ്ടതു ആവശ്യമത്രേ.

ക്രിസ്തുവിന്റെ ജീവൻ നമ്മിൽ വെളിപ്പെടുന്നതിന് പ്രധാനശത്രുവായിരിക്കുന്നത് നമ്മുടെ സ്വന്തജീവൻ ആണ്. ഈ ജീവനെ ബൈബിൾ ജഡം എന്ന പേരിൽ വിളിക്കുന്നു. നമ്മുടെ സ്വന്തലാഭം, സ്വന്തമാനം, സ്വന്തസുഖം തുടങ്ങിയവയെല്ലാം അന്വേഷിക്കുവാനായി നമ്മെ പ്രലോഭപ്പിക്കുന്നവയായി നമ്മുടെ ഉള്ളിലുള്ള എല്ലാവിധ ദുർമ്മോഹങ്ങളുടേയും കലവറയാണ് ജഡം. നമ്മുടെ ഏറ്റവും നല്ല പ്രവൃത്തികൾപോലും നമ്മുടെ ദുർമ്മോഹങ്ങളിൽ നിന്നുദ്ഭവിക്കുന്ന ദുഷ്പ്രേരണകളാൽ ദുഷിതമാണെന്ന് നാം സത്യസന്ധരെങ്കിൽ നമുക്കു സമ്മതിക്കേണ്ടി വരും. ഈ ജഡത്തെ നാം വെറുക്കുന്നില്ലെങ്കിൽ നമുക്കൊരിക്കലും കർത്താവിനെ അനുഗമിപ്പാൻ സാധ്യമല്ല.

ഈ കാരണത്താലാണ് സ്വന്തജീവനെ വെറുക്കുന്നതിതിനെപ്പറ്റി (അഥവാ നഷ്ടപ്പെടുത്തുന്നതിനെപ്പറ്റി ) കർത്താവ് ഇത്രയധികം പ്രസ്താവിക്കുവാനിടയായിട്ടുള്ളത്.

യഥാർത്ഥത്തിൽ ആറു പ്രാവശ്യം ഈ പദപ്രയോഗം സുവിശേഷങ്ങളിൽ ആവർത്തിച്ചിട്ടുണ്ട് (മത്താ.10;39, 16:25;മർക്കോ. 8: 35: ലൂക്കോ.9:24; 14:26;യോഹ. 12:25). സുവിശേഷങ്ങളിൽക്കാണുന്ന കർത്താവിന്റെ പ്രസ്താവനകളിൽ ഏറ്റവുമധികം കൂടെക്കൂടെ ആവർത്തിച്ചിട്ടുള്ള ഒന്നാണത്. എന്നിട്ടും ഏറ്റവും കുറവായി പ്രസംഗിക്കപ്പെടുകയും ഏറ്റവും കുറച്ച് ഗ്രഹിക്കപ്പെടുകയും ചെയ്യതിട്ടുള്ളതും ഇതു തന്നെ.

നിങ്ങളുടെ സ്വന്തജീവനെ വെറുക്കുക എന്നു വച്ചാൽ നിങ്ങളുടെ സ്വന്തമായ അവകാശങ്ങളെയും പദവികളേയും അന്വേഷിക്കുന്നത് നിറുത്തുകയാണ്. സ്വന്തം പ്രശ്സതി അന്വേഷിക്കുന്നത് വെടിയുക; നിങ്ങളുടെ ഉൽകഷേച്ഛകളും താൽപര്യങ്ങളും കൈവിടുക ;സ്വന്തവഴി പിന്തുടരുന്നത് നിറുത്തുക എന്നിവയെല്ലാമാണ് അതിൽ ഉൾക്കൊണ്ടിരിക്കുന്നത്. ഈ വഴിയിൽക്കൂടി പോകുവാൻ നിങ്ങൾക്കു മനസ്സുണ്ടെങ്കിൽ മാത്രമേ യേശുവിന്റെ ഒരു ശിഷ്യനായിത്തീരുവാൻ നിങ്ങൾക്കു കഴിയുകയുള്ളൂ.

**നമ്മുടെ എല്ലാ വസ്തുവകകളും ഉപേക്ഷിക്കുക**

ശിഷ്യത്വത്തിന്റെ മൂന്നാമത്തെ വ്യവസ്ഥ നമ്മുടെ എല്ലാ വസ്തവകകളും ഉപേക്ഷിക്കുകയാണ്. യോശു അരുളിച്ചെയ്തു: "ഒരുവൻ തനിക്കുള്ളതൊക്കെയും വിട്ടുപിരിയുന്നില്ലെങ്കിൽ അവന് എന്റെ ശിഷ്യനായിരിപ്പാൻ കഴിയുകയില്ല "(ലൂക്കോ. 14:33).

നമ്മുടെ വസ്തുവകകൾ എന്നുവച്ചാൽ സ്വന്തമെന്ന നിലയിൽ നമുക്കുള്ള സകലവുമാണ്. അവയെല്ലാം ഉപേക്ഷിക്കുക എന്നുവച്ചാൽ മേലാൽ അവയിലൊന്നും നമ്മുടെ സ്വന്തമെന്നു പരിഗണിക്കാതിരിക്കുക തന്നെയാണ്.

അബ്രാഹാമിന്റെ ജീവിതത്തിൽ ഇതിന് ഒരു ദൃഷ്ടാന്തം നാം കാണുന്നു. യിസ്ഹാക്ക് അബ്രാഹാമിന്റെ സ്വന്തപുത്രൻ , അഥവാ അദ്ദേഹത്തിന്റെ ഒരു സമ്പത്ത് ആയിരുന്നു. ഒരു ദിവസം യിസഹാക്കിനെ ഒരു യാഗമായി അർപ്പിക്കുവാൻ

ദൈവം കൽപിച്ചു. അബ്രാഹാം യിസ്ഹാക്കിനെ യാഗപീഠത്തിന്മേൽ കിടത്തി അവനെ കൊല്ലുവാൻ കത്തിയോങ്ങി. എന്നാൽ ദൈവം അതിനെ തടഞ്ഞുകൊണ്ടു ഈ കല്പന അനുസരിക്കുവാൻ സന്നദ്ധനെന്ന് അദ്ദേഹം സ്വയം തെളിയിക്കുകയാൽ ഇനി ആ യാഗം ആവശ്യമില്ലെന്ന് അദ്ദേഹത്തോടു കല്പച്ചു (ഉൽപ. 22). അതിനുശേഷം യിസ്ഹാക്ക് തന്റെ ഗൃഹത്തിൽ ഉണ്ടായിരുന്നെങ്കിൽത്തന്നെയും അവനെ തന്റെ സ്വന്തവകയായി താൻ ഗണിക്കുന്നില്ലെന്ന് അബ്രാഹാം മനസ്സിലാക്കി. യിസ്ഹാക്ക് ദൈവത്തിന്റെ വകയായി മാറി.

നമ്മുടെ സകല വസ്തുവകകളും കൈവിട്ടുകളയുക എന്നതിന്റെ അർത്ഥം ഇതാണ്. നമുക്കുള്ള സകലവും നാം യാഗപീഠത്തിന്മേൽ അർപ്പിക്കുകയും ദൈവവത്തിനായി വിട്ടുകളയുകയും ചെയ്യണം.

ഈ വസ്തുവകകളിൽ ചിലതിനെ നാം തുടർന്ന് ഉപയോഗിക്കുവാൻ ദൈവം നമ്മെ അനുവദിച്ചേക്കാം. എന്നാൽ മേലാൽ അവയെ നമ്മുടെ സ്വന്തമെന്ന്കരുതുവാൻ നമുക്കു സാധ്യമല്ല. നാം നമ്മുടെ സ്വന്തവീട്ടിൽ താമസിക്കുന്നുവെങ്കിലും ആ വീടിനെ ദൈവത്തിന്റെ വകയായും അതിൽ വാടക കൂടാതെ താമസിക്കുവാൻ ദൈവം നമ്മെ അനുവദിച്ചതായും നാം കരുതണം. ഇതാണ് യഥാർത്ഥശിഷ്യന്മാരായിരിപ്പാൻ നാം ആഗ്രഹിക്കുന്നുവെങ്കിൽ ഇവയെല്ലാം യാഗപീഠത്തിന്മേൽ അർപ്പിക്കേണ്ടതാണ്. നാം പൂർണ്ണഹൃദയത്തോടെ ദൈവത്തെ സ്നേഹിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. മത്താ. 5:8- ൽ പറഞ്ഞിട്ടുള്ള ശുദ്ധഹൃദയത്തിന്റെ അർത്ഥം ഇതാണ്: ശുദ്ധമായ ഒരു മനസാക്ഷി ഉണ്ടായിരിക്കുക കൊണ്ടുമാത്രം മതിയാകുന്നില്ല. ശുദ്ധമനസാക്ഷിയുടെ അർത്ഥം നാം പാപത്തെ ഉപേക്ഷിച്ചു എന്നു മാത്രംമാണ്. സകലവും ഉപേക്ഷിച്ചതായ ഒരു ഹൃദയമാണ് ശുദ്ധഹൃദയം.

അതിനാൽ ശിഷ്യത്വമെന്നതു 1)നമ്മുടെ സ്വജനങ്ങളും മിത്രങ്ങളും, 2)നമ്മുടെ സ്വാർത്ഥജീവിതം (Self life), 3) നമ്മുടെ വസ്തുവകകൾ എന്നിവയുടെ നേരേ നമുക്കുള്ള മനോഭാവത്തിൽ സമൂലമായ ഒരു മാറ്റം ഉൾക്കൊള്ളുന്നതാണെന്ന് നാം മനസ്സിലാക്കുന്നു.

നമ്മുടെ ക്രിസ്തീയജീവിതത്തിന്റെ ആരംഭത്തിൽ തന്നെ ഈ പ്രശ്നങ്ങളെല്ലാം പൂർണ്ണമായും അസന്ദിഗ്ദ്ധമായും അഭിമുഖീകരിക്കാത്തപക്ഷം അതിന് ഒരു ശരിയായ അടിസ്ഥാനം ഇടുവാൻ നമുക്ക് സാധ്യമല്ല.

# അധ്യായം അഞ്ച്
# ജലസ്നാനം

തന്റെ സ്വർഗ്ഗാരോഹണത്തിന് മുമ്പ് യേശു ശിഷ്യന്മാരോട് അവസാനമായി കല്പിച്ച ചില പ്രധാന കാര്യങ്ങൾ ഇവയായിരുന്നു:-

1) നിങ്ങൾ പോയി സകലജാതികളെയും ശിഷ്യരാക്കുക.

2) പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവരെ സ്നാനം കഴിപ്പിക്കുക.

3) താൻ കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം അവരെ ഉപദേശിക്കുക.

ഇവിടെയുള്ള പൂർവ്വാപരക്രമം പ്രധാനമാണ്. ശിഷ്യന്മാരാകുവാൻ സന്നദ്ധതയുള്ളവരെ മാത്രമാണ് സ്നാനം കഴിപ്പിക്കേണ്ടത്.മറ്റാരെയും പാടില്ല.

ശിശുക്കളെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നപ്പോൾ അവിടുന്ന് അവരുടെ തലമേൽ കൈവച്ച് അവരെ അനുഗ്രഹിച്ചു (മർക്കോ.10:13-16). എന്നാൽ മാനസാന്തരാനുഭമുള്ള മുതിർന്നവർ തന്റെ അടുക്കൽ വന്നപ്പോൾ തന്റെ ശിഷ്യന്മാരെക്കൊണ്ട് അവിടുന്ന് അവരെ സ്നാനം കഴിപ്പിച്ചു (യോഹ.4:1,2).

എന്നാലിന്ന് പല സഭകളിലും നാമെന്താണ് കാണുന്നത്? ഇതിനു നേരേ വിപരീതം തന്നെ . ശിശുക്കളെ സ്നാനം കഴിപ്പിക്കുന്നു; മുതിർന്നവരുടെ തലമേൽ കൈ വയ്ക്കുന്നു(സ്ഥിരീകരണം)! യേശു ചെയ്തതിനു നേരേ വിപരീതമായതു ചെയ്ക എന്നതു എതിർക്രിസ്തുവിന്റെ (ക്രിസ്തുവിന് എതിരായ) ആത്മാവുമായി ബന്ധപ്പെടുക തന്നെയാണ്.

പെന്തെക്കോസ്ത് ദിവസത്തിൽ ധാരാളമാളുക്ൾക്കു പാപബോധമുണ്ടായപ്പോൾ പത്രോസ് അവരോടു മാനസാന്തരപ്പെടുവാനും സ്നാനമേൽക്കുവാനും ഉപദേശിച്ചു. “ അദ്ദേഹത്തിന്റെ വാക്കു കൈക്കൊണ്ടവർ സ്നാനമേറ്റു” എന്നാണ് തുടർന്നുള്ള ഭാഗത്ത് രേഖപ്പെടുത്തിയിരിക്കുന്നത് (അപ്പോ. 2:38,41). ദൈവവചനം ബുദ്ധിപൂർവ്വം കൈക്കൊള്ളുവാനും മാനസാന്തരപ്പെടവാനും കഴിവുള്ളവർ മാത്രമാണ് സ്നാനമേറ്റത് എന്ന കാര്യം വ്യക്തമത്രേ.

അപ്പോസ്തലപ്രവർത്തിളിൽ രേഖപ്പെടുത്തിയിട്ടുള്ള ഓരോ സന്ദർഭങ്ങളിലും ഈവിധത്തിലായിരുന്നു സംഭവിച്ചത്.

**ജലസ്നാനത്തിന്റെ അർത്ഥം**

റോമർ 6:17 ജലസ്നാനത്തിന്റെ അർത്ഥം വ്യക്തമായി വിവരിക്കുന്നു. അവിടെ നമ്മുടെ പഴയ മനുഷ്യൻ ക്രിസ്തുവിനോടുകൂടി ക്രൂശിക്കപ്പെട്ടിരിക്കുന്നുവെന്നും സ്നാനത്തിൽ നാം ക്രിസ്തുവിനോടകൂടെ കുഴിച്ചിടപ്പെടന്നുവെന്നും പ്രസ്താവിച്ചിട്ടുണ്ട്. നമുക്കു മാനസാന്തരാനുഭവമില്ലാതിരുന്ന കാലങ്ങളിൽ നമുക്കുണ്ടായിരുന്ന മനസ്സാണ് നമ്മുടെ പഴയ മനുഷ്യൻ . അത് ക്രിസ്തുവിനോടുകൂടി ക്രൂശിക്കപ്പെട്ടിരിക്കുന്നു (റോമർ 6:6).

ഇതു നമ്മുടെ ജീവിതത്തിൽ ഒരു യാഥാർത്ഥമായിത്തീരുന്നതിനുമമ്പുതന്നെ ആ കാര്യം നാം മനസ്സിലാക്കിയിരിക്കണമെന്നില്ല.ദൈവം സംസാരിക്കുന്ന കാര്യം നാം വിശ്വസിക്കുക മാത്രം ചെയ്ക. കാൽവറിയിൽ ക്രിസ്തു ക്രൂശിക്കപ്പെട്ടുവെന്ന് ദൈവവചനം പറയുമ്പോൾ അതു നാം എത്ര ഉറപ്പായി വിശ്വസിക്കുന്നുവോ അതുപോലെതന്നെ നമ്മുടെ പഴയ മനുഷ്യൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടുരിക്കുന്നുവെന്ന് ദൈവവചനം പറയുമ്പോൾ നാം അതു വിശ്വസിക്കുന്നു. ഈ രണ്ടു സത്യങ്ങളും വിശ്വാസത്താൽ നാം അംഗീകരിക്കുന്നു.

പഴയ മനുഷ്യനും ജഡവും ഒന്നല്ല, ദൈവഹിതത്തെ എതിർത്തുകൊണ്ട് നമ്മിൽ കുടികൊള്ളുന്ന തിന്മകളുടെയെല്ലാം കലവറയാണ് ജഡം. നാം മരിക്കുന്ന ദിവസം വരെയും ഇത് നമ്മോടൊപ്പം ഉണ്ടായിരിക്കും.

നമ്മുടെ ഭവനത്തിൽ കടക്കുവാൻ ശ്രമിക്കുന്ന ഒരു കൂട്ടം കൊള്ളക്കാരോട് ജഡത്തെ ഉപമിക്കാം. കൊള്ളക്കാർക്ക് ഭവനത്തിൽ കടക്കുന്നതിനുവേണ്ടി എപ്പോഴും വാതിൽ തുറന്നു കൊടുക്കുന്നവനും വീട്ടിനുള്ളിൽത്തന്നെവസിക്കുന്നവനുമായ അവിശ്വസ്തനായ ഒരു ഭൃത്യനെപ്പോലെയാണ് പഴയമനുഷ്യൻ. ആ അവിശ്വസ്തനായ ഭൃത്യനാണ് ഇപ്പോൾ സ്നാനത്തോടുകൂടി മരിച്ച അടക്കപ്പെട്ടത്. കൊള്ളക്കാർ ഇപ്പോഴും പഴയപടി പ്രവർത്തിക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. എന്നാലിപ്പോൾ കൊള്ളക്കാർക്കെതിരേ വാതിൽ അടച്ചിടുവാൻ ഉത്സാഹിക്കുന്ന ‘ പുതിയ മനുഷ്യൻ’ എന്നൊരു ഭൃത്യൻ നമുക്കുണ്ട്.

പാപം ചെയ്യുവാനാഗ്രഹിക്കുന്ന പഴയ മനുഷ്യന്റെ മരണം. ശവസംസ്കാരം എന്നിവയെപ്പറ്റിയും മേലാൽ ജീവന്റെ പുതുക്കത്തിൽ നടക്കുവാനായി ക്രിസ്തവിനോടുകൂടെ നാം ഉയിർത്തെഴുന്നേറ്റിരിക്കുന്നതിനെപ്പറ്റിയും സാക്ഷ്യം പറയുകയാണ് സ്നാനത്തിൽ നാം ചെയ്യുന്നത് (റോമർ 6:4).

നോഹയുടെ കാലത്തുണ്ടായ ജലപ്രളയം ജലസ്നാനത്തിന്റെ ഒരു പ്രതീകം കൂടിയാണ് (1 പത്രോസ് 3;20,21). ജലപ്രളയത്തിലൂടെ അന്നത്തെ ലോകം മുഴുവൻ നശിക്കപ്പെട്ടു. നോഹ പെട്ടകത്തിലൂടെ ആ പ്രളയത്തെ തരണം ചെയ്കയും അതിൽനിന്നും പുറത്തേക്ക്- തികച്ചും പുതുതായ ഒരു ലോകത്തിലേക്ക് - വരികയും ചെയ്തു. പഴയ ലോകവും അതിലുള്ള സകലവും ജലപ്രളയത്താൽ മൂടപ്പെട്ടുപോയി ഇതുതന്നെ

യാണ് സ്നാനത്തിലും നാം സാക്ഷീകരിക്കുന്നത്. ലോകവുമായുള്ള നമ്മുടെ പഴയ ബന്ധം (ലോകത്തിന്റെ സമ്പ്രദായങ്ങളും ലൗകികസ്നേഹിതരുമെല്ലാം ഇതിൽ ഉൾപ്പെടുന്നു) മുഴുവനായി ഇപ്പോൾ വിച്ഛേദിക്കപ്പെട്ടിരിക്കുന്നു. ഇപ്പോൾ നാം വെള്ളത്തിൽ നിന്നു പുറത്തേക്ക് -തികച്ചും പുതിയ ഒരു ലോകത്തിലേക്ക് -പ്രവേശിക്കുകയാണ് ചെയ്യുന്നത്.

**സ്നാനപ്പെടേണ്ട വിധം**

എങ്ങനെയാണ് സ്നാനപ്പെടേണ്ടത്? ഈ ചോദ്യത്തിലേക്ക് നാം ഇനി കടക്കുകയാണ്.

ബാപ്റ്റിസം (സ്നാനം) എന്ന പദത്തിന്റെ ഉദ്ഭവം നോക്കിയാൽ അത് ഒരു ഇംഗ്ലീഷ് പദമല്ല എന്നു ഗ്രഹിക്കാം. പുതിയ നിയമത്തിന്റെ മൂലം ഗ്രീക്കുഭാഷയിലാണ് എഴുതപ്പെട്ടത്. ബാപ്റ്റിസം എന്ന വാക്ക് ഗ്രീക്കിലിള്ള 'ബാപ്റ്റോ' എന്ന വാക്കിൽനിന്നാണ് ഉണ്ടായിട്ടുള്ളത്. ഈ പദത്തിന് ഒരു ദ്രാവകത്താൽ മൂടപ്പെടുക അല്ലെങ്കിൽ മുഴുകുക എന്നാണർത്ഥം. ആദിമകാലത്തെ അപ്പോസ്തലന്മാർ ബപ്റ്റിസം എന്ന പദത്തെ വെള്ളത്തിൽ മുഴുകുക എന്ന ഈ അർത്ഥത്തിൽ തന്നെയാണ് ഉപയോഗിച്ചിരുന്നത്. അതിനാൽ ഒരുവന്റെ തലമേൽ വെള്ളം തളിക്കുന്നത് തീർച്ചയായും ബാപ്റ്റിസമല്ല.

ഫിലിപ്പോസ് എത്യോപ്യക്കാരനായ ഷണ്ഡനെ സ്നാനം കഴിപ്പിച്ചപ്പോൾ അവർ "ഇരുവരും വെള്ളത്തിൽ ഇറങ്ങി " എന്നും 'വെള്ളത്തിൽ നിന്നു കയറി ' എന്നും എഴുതിയിരിക്കുന്നു (അപ്പോ. 8;38,39). യേശുവിന്റെ സ്നാനത്തെപ്പറ്റിയും തുല്യമായ വാക്കുകൾ എഴുതിയിരിക്കുന്നതായി നാം വായിക്കുന്നു. "സ്നാനം കഴിഞ്ഞു വെള്ളത്തിൽനിന്നു കയറിയ ഉടനേ..."(മർക്കോ.1:10).

പുതിയനിയമത്തിൽ സ്നാനം എപ്പോഴും വെള്ളത്തിൽ മുഴുകുന്ന വിധത്തിലാണ് നടത്തപ്പെട്ടിട്ടുള്ളത് . സ്നാനം ഒരു ശവസംസ്കാരം അഥവാ കുഴിച്ചിടൽ ആകയാൽ മുഴുകൽ മാത്രമേ അതിനെ സൂക്ഷ്മമായി കുറിക്കുകയുള്ളുവെന്ന കാര്യം വ്യക്തമാണ്. എന്തെന്നാൽ ആളുകളുടെ തലമേൽ മണ്ണു വിതറിയട്ടല്ല, നേരേ മറിച്ച് അവരെ പൂർണ്ണമായും ഭൂമിക്കുള്ളിൽ മറവു ചെയ്തിട്ടാണ് നാം അവരെ സംസ്കരിക്കുന്നത്.

ആരുടെ ജീവിതത്തിൽ പഴയമനുഷ്യൻ മരിച്ചു കഴിഞ്ഞിരിക്കുന്നുവോ അവർ , അതായത് ഇനി മേലാൽ പാപം ചെയ്വാനാഗ്രഹിക്കാത്തവർ, മാത്രമാണ് സ്നാനത്തിനു യോഗ്യരെന്ന വസ്തുത ഇതിൽനിന്നും വ്യക്തമാകുന്നു. എന്തുകൊണ്ടെന്നാൽ മരിച്ചവരെ മാത്രമേ കുഴിച്ചിടാൻ കഴിയൂ. മരിക്കാത്ത ഒരാളെ കഴുച്ചിടുന്നത് ഒരു കുറ്റകൃത്യമാണ്.

**പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ**

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനമേൽപ്പിക്കണമെന്ന് യേശു കല്പിച്ചു (മത്താ. 28:20). 'നാമത്തിൽ' എന്ന പദം ഏകവചനമാണ് . കാരണം ദൈവം ഏകനാണല്ലോ. എന്നാൽ ദൈവം ഒരുവനെങ്കിലും ഒന്നിൽനിന്നൊന്ന് വ്യതിരിക്തമായ മൂന്നു വ്യക്തികളായിട്ടാണ് ദൈവത്തിന്റെ അസ്തിത്വമെന്ന് യേശു വെളിപ്പെടുത്തി.

നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ചത് പിതാവല്ല, പരിശുദ്ധാത്മാവുമല്ല, പുത്രനാണ്. യേശു സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്പ്പോൾ അവിടുന്ന് പിതാവിന്റെ വലത്തുഭാഗത്തിരുന്നു : പരിശുദ്ധാത്മാവിൻ വലത്തഭാഗത്തല്ല ഇരുന്നത്. അതുപോലെ തന്റെ ശിഷ്യന്മാരുടെ സഹായകനായി യേശു അയച്ചത് പരിശുദ്ധാത്മാവിനെയാണ്. പിതാവിനെയല്ല. ഇതെല്ലാം പ്രാഥമികവസ്തുതകളായിത്തോന്നിയേക്കാം. എന്നാൽ ദൈവത്വത്തിലുള്ള മൂന്നു വ്യക്തികളേയും നമ്മുടെ വീണ്ടെടുപ്പിലുള്ള അവരുടെ നിസ്തുല്യമായ ശുശ്രൂഷകളെയും തമ്മിൽ കൂട്ടിക്കുഴയ്ക്കാതിരിക്കുക എന്നത് സുപ്രധാന കാര്യമാണ്.

അപ്പോസ്തലന്മാർ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം കഴിപ്പിച്ചതായി അപ്പോസ്തലപ്രവർത്തികളിൽ വീണ്ടും വീണ്ടും നാം വായിക്കുന്നു (അപ്പോ. 2:38 മുതലായവ) . മത്താ. 28:20- ലുള്ള യേശുവിന്റെ കല്പനയുമായി ഇതു എപ്രകാരം യോജിച്ചുപോകും?

തിരുവെഴുത്തിൽ പ്രഥമദൃഷ്ട്യ പരസ്പരവിരുദ്ധമായ രണ്ടു പ്രസാതാവനകൾ കാണുമ്പോൾ , കൂടുതൽ ഗാഢമായ പഠനം നടത്തിയാൽ , രണ്ടും സത്യമാണെന്ന് നമുക്ക് ബോധ്യപ്പെടും.

പിതാവും പുത്രനും പരിശുദ്ധാത്മാവും വിജാതീയദേവന്മാരുടെ ഒരു ത്രിത്വമല്ലെന്ന് വ്യക്തമാക്കുവാൻ വേണ്ടി അപ്പോസ്തല്മാർ പുത്രനെ യേശുക്രിസ്തുവെന്ന പേരിൽ വ്യവഹരിച്ചു. അതിനാൽ അവർ ആളുകളെ "പിതാവിന്റെയും പുത്രനായ യേശുക്രിസ്തുവിന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ" സ്നാനം കഴിപ്പിച്ചു. ഇതിനെയാണ് യേശുക്രിസ്തുവിന്റെ നാമത്തിലുള്ള സ്നാനമെന്ന് പരാമർശിച്ചിട്ടുള്ളത്.

**വിശ്വാസത്തിന്റെ അനുസരണം.**

ഒരു ശിഷ്യന്റെ ജീവിതത്തിൽ അനുസരണത്തിന്റെ ഒന്നാമത്തെ പടിയാണ് ജലസ്നാനം. ജീവതകാലം മുഴുവൻ നീണ്ടുനില്ക്കുന്ന അനുസരണത്തിലേക്ക് ഇത് അവനെ നയിക്കുന്നു. എന്നാൽ ഇത് യുക്തിയുടെ അനുസരണമായിട്ടല്ല, വിശ്വാസത്തിന്റെ അനുസരണമായിട്ടാണ് തീരേണ്ടത്.

യേശു തന്നെ യുക്തിയിൽ ഊന്നിനിന്നിരുന്നെങ്കിൽ അവിടുന്ന് സ്നാനമേൽക്കുവാനായി യോഹന്നാൻ സ്നാപകന്റെ അടുക്കൽ പോകയില്ലായിരുന്നു. എന്തെന്നാൽ അവിടുത്തെ യുക്തി സ്നാനമേൽക്കുന്നതിനെതിരായി പല വാദമുഖങ്ങൾ ഉന്നയിക്കുമായിരുന്നു. പ്രത്യേകിച്ച് അവിടുന്ന് ഒരിക്കലും പാപം ചെയ്യാതിരുന്നതു മൂലം. യേശു എന്തുകൊണ്ടു സ്നാനമേൽക്കണം എന്ന കാര്യം യോഹന്നാനു തന്നെയും മനസ്സിലാക്കുവാൻ കഴിഞ്ഞില്ല. എന്നാൽ യേശു യുക്തിയുടെ വാദമുഖങ്ങളെ നീക്കിക്കളഞ്ഞശേഷം പരിശുദ്ധാത്മാവിന്റെ ശബ്ദം അനുസരിക്കുക മാത്രമാണ് ചെയ്യതത്(മത്താ. 3:15).

“പൂർണ്ണഹൃദയത്തോടെ ദൈവത്തിൽ ആശ്രയിക്ക:സ്വന്തവിവേകത്തിൽ ഊന്നരുത് ” എന്നു ദൈവവചനം പറയുന്നു (സദൃ.3:5).യുക്തി വിശ്വാസത്തിന്റെ ഒന്നാം നമ്പർ ശത്രുവാണ്. കാരണം, മാനുഷിക യുക്തിയ്ക്കു ആത്മീയസത്യങ്ങളെഗ്രഹിപ്പാൻ സാധ്യമല്ല.

നാം സ്നാനമേല്ക്കുമ്പോൾ അവസാനമായി വെള്ളത്തിൽ മുഴുകുന്ന ശരീരഭാഗം നമ്മുടെ തലയുടെ മുകൾവശമാണ്. ഇത് പ്രതീകാത്മകമായ പ്രാധാന്യം ഉള്ളതത്രേ. നമ്മിൽ മരണത്തിനേൽപ്പിക്കുവാൻ ഏറ്റവും പ്രയാസമുള്ള ഘടകം നമ്മിലുള്ള യുക്തിയുടെ ആധിപത്യമാണ്! ആദാമിന്റെ മക്കൾ അവരുടെ യുക്തി പറയുന്ന കാര്യങ്ങൾ അനുസരിച്ചാണ് ജീവിക്കുന്നത്. സ്നാനത്തിൽ ആ വിധത്തിലുള്ള ജീവിതത്തിന്, അതായത് യുക്തിയിൽ ചാരുന്നതിന്, നാം മരിച്ചിരിക്കുന്നതായും ഇപ്പോൾ നാം ദൈവത്തിന്റെ വായിൽ നിന്നു പുറപ്പെടുന്ന എല്ലാ വചനത്തിനാലും ജീവിക്കുന്നതായും സാക്ഷീകരിക്കുന്നു (മത്താ. 4:4, റോമർ 1 : 17).

സ്നാനം ഒരു നിസ്സാര കാര്യമെന്നു പറഞ്ഞു പല ക്രിസ്ത്യാനികൾ അതിനെ അവഹേളിക്കുന്നുണ്ട്. നയമാൻ തന്റെ കുഷ്ടരോഗം നീങ്ങി സൗഖ്യം പ്രാപിക്കുന്നതിലേക്ക് യോർദ്ദാനിൽ ഏഴു പ്രാവശ്യം മുങ്ങണമെന്ന് ഏലീശ നൽകിയ കല്പനയെ ആദ്യം നിന്ദിച്ചതായി നാം വായിക്കുന്നു. എന്നാൽ ആ ലളിതമായ കല്പന അനുസരിച്ചപ്പോഴാണ് അവൻ സൗഖ്യം പ്രാപിച്ചത്(2 രാജാ. 5:10–14). ചെറിയ ചെറിയ കാര്യങ്ങളിലാണ് ദൈവം നമ്മുടെ അനുസരണത്തെ പരീക്ഷിക്കുന്നത്.

ദൈവത്തോടുള്ള അനുസരണം ഒരിക്കലും നാം താമസിപ്പിക്കരുത് . നിങ്ങളുടെ പഴയമനുഷ്യൻ വാസ്തവമായി മരിച്ചിട്ടുണ്ടെങ്കിൽ അവനെ ഉടൻതന്നെ കുഴിച്ചിടേണ്ടതാണ്. മരിച്ച ഒരു മനുഷ്യനെ സംസ്കരിക്കാതിരിക്കുന്നത് ഒരു കുറ്റകൃത്യമാണ്. “എന്തിനു താമസിക്കുന്നു? എഴുന്നേറ്റു സ്നാനമേൽക്കുക ” (അപ്പോ. 22:16).

# അധ്യായം ആറ്
# പരിശുദ്ധത്മസ്നാനം

വിശ്വസികളെന്ന നിലയിൽ രണ്ട് അടിസ്ഥാനാവശ്യങ്ങൾ നമുക്കുണ്ട്. ഒന്ന് ഭൂതകാലത്തെ സംബന്ധിച്ചത്. അതായത് നമ്മുടെ പാപങ്ങളുടെ കുറ്റം നീങ്ങിക്കിട്ടുക. രണ്ട് ഭാവിയെ സംബന്ധിക്കുന്നത്. അതായത് ദൈവത്തെ പ്രസാദിപ്പിക്കുന്ന ഒരു ജീവിതം നയിക്കുവാനാവശ്യമായ ശക്തി ലഭിക്കുക. ഇതിൽ ഒന്നാമത്തെ ആവശ്യം ക്രിസ്തുവിന്റെ മരണം മൂലം നമുക്കു ലഭിക്കുന്നു രണ്ടാമത്തേതു സാധിപ്പാൻ ദൈവം തന്റെ പരിശുദ്ധാത്മാവിന്റെ ശക്തി നമുക്കു നല്കുന്നു.

**ജീവിതത്തിനും സേവനത്തിനും ആവശ്യമായ ശക്തി**

മുൻപറഞ്ഞ ഒന്നാത്തെ ആവശ്യം നമുക്ക് സ്വയം നിറവേറ്റുക തന്നെ വേണ്ടിയിരുന്നു. അതുപോലെ തന്നെയാണ് രണ്ടാമത്തേതും. നമ്മുടെ സ്വന്തശക്തിയിൽ ആശ്രയിച്ചുകൊണ്ട് ദൈവത്തെ പ്രസാദിപ്പിക്കുന്നതും അവിടത്തെ ഹിതം മുഴുവനായി നിറവേറ്റുന്നതുമായ ഒരു ജീവിതത്തിന്റെ ആരംഭഘട്ടത്തിൽത്തന്നെ ഈ വസ്തുത സമ്മതിച്ചുകൊടുക്കുവാൻ തക്കവണ്ണം വിവേകശാലികളാണ്. അതിനാൽ അവർ നേരേ ദൈവശക്തി പ്രാപിപ്പാൻ ശ്രമിക്കുന്നു.

മറ്റു ചിലർ ഈ സത്യം വളരെ പ്രയാസപ്പെട്ടശേഷം മാത്രമേ ഗ്രഹിക്കുന്നുള്ളൂ അവർ പല പല പ്രാവശ്യം സ്വയം പരിശ്രമിക്കുകയും പരാജയപ്പെടുകയും ചെയ്തശേഷം ഒടുവിൽ ശക്തി ലഭിക്കുവാൻ ദൈവത്തിങ്കലേക്ക് തിരിയുന്നു.

ദൗർഭാഗ്യവശാൽ വീണ്ടും വീണ്ടും ആവർത്തിച്ചാവർത്തിച്ചു പരാജയപ്പെട്ടശേഷം ഒരു വിജയജീവിതം നയിക്കുവാൻ ഈ ലോകത്തിൽ സാധ്യമല്ലെന്നു വിശ്വസിക്കുകയും ഒടുവിൽ ഒരു പരാജയജീവിതത്തിനു സ്വയം കീഴ്പ്പെടുകയും ചെയ്യുന്ന മറ്റൊരു കൂട്ടരും ഉണ്ട്.

കർത്താവിനെ സേവിക്കുകയും അവിടത്തെ ഒരു സാക്ഷിയായിത്തീരുകയും ചെയ്യുന്ന കാര്യത്തിലും ഈ സത്യം സംഗതമാണ്. മിക്ക വിശ്വാസികളും തങ്ങളുടെ മാനസാന്തരത്തിനുശേഷം തങ്ങൾ കർത്താവിന് സാക്ഷികളായിരിക്കേണ്ടതാവശ്യമാണെന്നു മനസ്സിലാക്കുന്നു. പക്ഷേ അവർ,പലപ്പോഴും തങ്ങൾ നാവു പൊന്താത്തവരും ശക്തിഹീനരുമാണെന്ന് സ്വയം കണ്ടെത്തുന്നു. ചിലർ ഇതിനെ തങ്ങളുടെ വ്യക്തിത്വത്തിന്റെ നിർഭാഗ്യകരമായ ഒരു പ്രത്യേകതയായി സ്വീകരിച്ച് എപ്പോഴെങ്കിലും ശക്തിയുള്ള ഒരു സാക്ഷിയായിത്തീരുക തങ്ങൾക്കു അസാധ്യമെന്നു കരുതി ആശയറ്റവരായിത്തീർന്നു.

ശേഷമുള്ളവർ ദൈവം തങ്ങൾക്കു പരിശുദ്ധാത്മാശക്തി വാഗാദാനം ചെയ്യതിട്ടുണ്ടെന്നുള്ള വസ്തുത മനസ്സിലാക്കുന്നു. അതിനാൽ ഈ ശക്തിക്കായി ദൈവത്തെ അന്വേഷിക്കുകയും അതു പ്രാപിക്കയും ചെയ്യുന്നു. അവർ ക്രിസ്തുവിനുവേണ്ടി ജ്വലിച്ചുപ്രകാശിക്കുന്നവരും ലജ്ജാഹീനരും പ്രയോജനപൂർണ്ണരുമായ സാക്ഷികളായി മാറുന്നു. അതിനാവശ്യമായ ധൈര്യവും സ്വർഗ്ഗീയവരങ്ങളും ദൈവം അവർക്കു നൽകുന്നു.

ആത്മാവിനാൽ ജനിക്കുക എന്നത് ഒരു കാര്യം. അപ്രകാരമാണല്ലോ നാം ദൈവമക്കളായിത്തീരുന്നത്. എന്നാൽ പരിശുദ്ധാത്മാവിലുള്ള സ്നാനം (മുഴുകൽ ) പ്രാപിച്ചവരായിത്തീരുക എന്നത് അതിൽനിന്നു ഭിന്നമായ മറ്റൊരു കാര്യമാണ്. നാം അതായിത്തീരണമെന്നും എന്തു ചെയ്യണമെന്നും ദൈവം ആഗ്രഹിക്കുന്നുവോ

അതായിത്തീരുവാനും ആ വേല ചെയ്യുവാനും ശക്തി ലഭിച്ചവരായി നാം തീരുന്നത് ഈ മാർഗ്ഗത്തിലൂടെയാണ്.

**പുതിയനിയമപ്രകാരമുള്ള നമ്മുടെ ജന്മാവകാശം**

പഴയ നിയമകാലത്ത് ദൈവത്തിനായി ചില കാര്യങ്ങൾ നിർവഹിക്കുവാൻ വേണ്ടി ചില ആളുകളുടെ മേൽ മാത്രം പരിശുദ്ധാത്മാവു വന്നതായി നാം കാണുന്നു. എന്നാൽ പുതിനിയമപ്രകാരം എല്ലാവർക്കും പരിശുദ്ധാത്മാവിനെ പ്രാപിപ്പാൻ കഴുയും. യേശുവിന്റെ മഹത്വം നമുക്കു കാണിച്ചുതരുവാനും അവിടുത്തെ സാദൃശ്യത്തിലേക്ക് നമ്മെ രൂപാന്തരപ്പെടുത്തുവാനുമാണ് പരിശുദ്ധാത്മാവു വന്നിട്ടുള്ളത്.

യേശു നിർവഹിക്കുന്ന രണ്ടു ശുശ്രൂഷകൾ യോഹന്നാൻ സ്നാപകൻ ജനങ്ങൾക്കു ചൂണ്ടിക്കാണിച്ചുകൊടുത്തു. ഒന്ന് പാപം നീക്കിക്കളയുക: മറ്റേതു ആളുകളെ പരിശുദ്ധാത്മാവിൽ സ്നാനം കഴിപ്പിക്കുക (യോഹ. 1: 29,33). ഇവ രണ്ടും നാം അനുഭവത്തിലാക്കേണ്ടവയാണ്.

പുതിയനിയമത്തിലെ ഒന്നാമത്തെ വാഗാദാനം "അവൻ (യേശു)തന്റെ ജനത്തെ അവരുടെ പാപങ്ങളിൽനിന്ന് രക്ഷിക്കും" എന്നാതാണ് (മത്താ.1:21).

രണ്ടാമത്തെ വാഗ്ദാനം "അവൻ നിങ്ങളെ പരിശുദ്ധാത്മാവിൽ സ്നാനം കഴിപ്പിക്കും" എന്നതത്രേ (മത്താ.3:11).

ഈ രണ്ടു വാഗ്ദാനങ്ങളോടെയാണ് പുതിയനിയമം ആരംഭിക്കുന്നതെന്ന കാര്യം സവിശേഷപ്രാധാന്യം അർഹിക്കുന്നു. മനുഷ്യനോടുള്ള ഇടപെടലിൽ ഒരു  പുതിയയുഗത്തിന്റെ – പുതിയ ഉടമ്പടിയുടെ – ആരംഭമായിരുന്നു ഇത്.

അതിനാൽ ദൈവമക്കളെന്ന നിലയിലുള്ള നമ്മുടെ ദ്വിമുഖമായ ജന്മാവകാശമാണിത്. പാപത്തിൽനിന്ന് രക്ഷനേടുകയും പരിശുദ്ധാത്മാവിൽ സ്നാനമേൽക്കുകയും ചെയ്യുക. നമ്മുടെ ജന്മാവകശം പകുതി മാത്രമല്ല, പൂർണ്ണമായുത്തന്നെ നമുക്കു നൽകുവാൻ ദൈവം ആഗ്രഹിക്കുന്നു.

പുതിയനിയമത്തിലെ ആദ്യത്തെ അഞ്ചു പുസ്തങ്ങളിലോരോന്നും പരിശുദ്ധാത്മസ്നാനത്തിന്റെ വാഗ്ദാനവുമായിട്ടാണ് ആരംഭിക്കുന്നത് (മത്താ. 3:11; മർക്കോ. 1:8; ലൂക്കോ. 3:16; യോഹ. 1:33; അപ്പോ. 1: 5; ). എങ്കിലും ഒട്ടുവളരെ ക്രിസ്ത്യാനികൾ ഈ വാഗ്ദാനം അവകാശപ്പെടുത്താതെ അതിനെ അവഗണിച്ചുകളയുന്നു.

**ജീവജലനദികൾ**

പുതിയനിയമത്തിൽ പരിശുദ്ധാത്മാവിനെ ദൈവസിംഹാസനത്തിൽ നിന്നൊഴുകി ഭൂമിയിലേക്കു പതിക്കുന്ന ഒരു നദിയായി ചിത്രീകരിച്ചിട്ടുണ്ട് (വെളി. 22:1; അപ്പോ. 2:33). പരിശുദ്ധാത്മസ്നാനം പ്രാപിക്കുക എന്നുവച്ചാൽ ഈ വെള്ളച്ചാട്ടത്തിൽ മുഴുകുക എന്നാണർത്ഥം. ദാഹിക്കുന്നവരെല്ലാം തന്റെ അടുക്കൽ വന്നു കുടിക്കുന്ന പക്ഷം അവരുടെ ഉള്ളിന്റെ അഗാധതയിൽനിന്ന് ജീവജലനദികൾ ഒഴുകുമെന്ന് യേശു പറഞ്ഞു (യോഹ. 7:37).

എന്നാൽ ഒരു ശരാശരി വിശ്വാസിയുടെ അനുഭവം ഒരു ഹാൻഡ് പമ്പിനോടാണ് അധികം സാമ്യം വഹിക്കുന്നത്. വളരെ ക്ലേശിച്ച് പമ്പുവലിച്ചു പ്രവർത്തിപ്പിക്കുന്നതിന്റെ ഫലമായി ഉണങ്ങിവരണ്ട ഹൃദയത്തിൽനിന്ന് ഏതാനും ജലകണികകൾ പുറപ്പെടുവിക്കുന്നതുപോലെയാണത് . എന്നാൽ അത് അപ്രകാരമായിരിക്കേണ്ടആവശ്യമില്ല. നമ്മുടെ ഉണങ്ങിവരണ്ട അവസ്ഥ നമ്മെ കർത്താവിലേക്കു നയിക്കുമെങ്കിൽ , അപ്പോൾ നമ്മുടെ ജീവിതത്തിൽ കാര്യങ്ങൾ വ്യത്യസ്തമായിത്തീരും. നാമുമായി ബന്ധപ്പെടുന്ന എല്ലാവരിലേക്കും നമ്മിൽനിന്നുള്ള അനുഗ്രഹനദികൾ പ്രവഹിക്കണം എന്നതാണ് നമ്മെപ്പറ്റിയുള്ള ദൈവഹിതം.

ഇതിലേക്കുള്ള ആദ്യപടി നമ്മുടെ ആവശ്യം നാം അംഗീകരിക്കണം എന്നതാണ്. ഒട്ടധികം വിശ്വാസികൾ ചില വാക്കുകളെ സംബന്ധിച്ചുള്ള ബുദ്ധിഹീനമായ തർക്കങ്ങളിലേർപ്പെട്ട് സമയം നയിക്കുന്നു. എന്നാൽ നമുക്കാവശ്യമായിരിക്കുന്നത് ശരിയായ പദപ്രയോഗമല്ല,  ശക്തിയാണ്. നാം ഒരു ഉണങ്ങിയ അസ്ഥിക്കഷണംപോലെ ശുഷ്കിച്ചവരെങ്കിൽ ശരിയായ പദപ്രയോഗം കൊണ്ടെന്തു ഫലം? നാം സത്യസന്ധരായിത്തീർന്ന് നമ്മിലുടെ അനുഗ്രഹനദികൾ ഒഴുകുന്നില്ലെന്ന പരാമത്ഥം ഏറ്റുപറഞ്ഞുകൊണ്ട് ദൈവസന്നിധിയിലേക്കു വരുമെങ്കിൽ അത് ഏറെ നന്നായിരിക്കും. ഈപ്രഥമികകൃത്യം നിർവഹിച്ചശേഷം നാം ചോദിക്കുന്നതു നമുക്കു നൽകുവാനായി നമുക്ക് ദൈവത്തിൽ ആശ്രയം വയ്ക്കാം.

പരിശുദ്ധാത്മസ്നാനം പ്രപിക്കുവാനായി നമുക്ക് ആകെക്കൂടിവേണ്ടത് രണ്ടു കാര്യങ്ങളാണ്:ദാഹവും വിശ്വാസവും. നമ്മുടെ ജീവിതത്തിൽ ദൈവത്തെ മഹത്വീകരിക്കുവാനുള്ള അഭിവാഞ്ഛയിൽനിന്നു പുറപ്പെടുന്ന തീക്ഷണമായ ആഗ്രഹത്തെയാണ് ദാഹം എന്നിവിടെപ്പറയുന്നത്. ഇതാണ് ഒന്നാമതായി വേണ്ടത്. താൻ വാഗാദാനം ചെയ്ത് ദൈവം നൽകുമെന്നുള്ള സമ്പൂർണ്ണമായ ഉറുപ്പാണ് രണ്ടാമതായി വേണ്ടത്  അതിനെയത്രേ വിശ്വാസം എന്നു വ്യവഹരിച്ചത്. അതിനാൽ ഈ ദാഹത്തോടും ഈ വിശ്വാസത്തോടും കൂടി നമുക്ക് ഈ ദിവ്യദാനത്തിനായി ദൈവത്തോടു അപേക്ഷിക്കാം. ദൈവം നമ്മുടെ യാചന ഒരിക്കലും നിരസിക്കുകയില്ല.

**ശക്തി ധരിക്കുക**

ആദ്യകാലത്തെ അപ്പോസ്തലന്മാർ യേശുവിനെ അനുഗമപ്പാനായി സർവസ്വവും തൃജിച്ചവരായിരുന്നു.എങ്കിലും ദൈവം അവർക്കായി നിശ്ചിയിച്ചിരുന്ന ശുശ്രൂഷ നിറവേറ്റുവാൻ പുറപ്പെടുന്നതിനുമുമ്പ് പരിശുദ്ധാത്മസ്നാനം പ്രപിക്കുവാനായി കാത്തിരിക്കേണ്ടത്  അവർക്ക് ആവശ്യമായിരുന്നു.

യേശുവിനു തന്നെയും തന്റെ പരസ്യശുശ്രൂഷ ആരംഭിക്കുന്നതിനു മുമ്പ് പരിശുദ്ധാത്മാവിനാലും ശക്തിയാലുമുള്ള അഭിഷേകം പ്രാപിക്കേണ്ടിയിരുന്നു (അപ്പോ. 10:38).അവിടുത്തേക്ക്പോലും ഈ അഭിഷേകം ആവശ്യമായിരുന്നെങ്കിൽ നമുക്ക് എത്രയധികം!

“നിങ്ങൾ ഉയരത്തിൽനിന്നു ശക്തി ലഭിക്കുവോളം നഗരത്തിൽ പാർപ്പിൻ” എന്ന് യോശു തന്റെ അപ്പോസ്തലന്മാരോട് ആജ്ഞാപിച്ചു (ലൂക്കോ. 24:49). താൻ സ്വർഗ്ഗാരോഹണം ചെയ്യുന്നതിന് തൊട്ടുമുമ്പ് അവിടുന്ന് വീണ്ടും അവരോട്: “പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചവരാകും” എന്ന് അരുളിച്ചെയ്തു ( അപ്പോ.1:8).

പെന്തക്കോസ്ത് ദിവസത്തിൽ പരിശുദ്ധാത്മാവ് അവരുടെമേൽ ചൊരിയപ്പെട്ടു. ഭീരുക്കളായിരുന്ന ആ മനുഷ്യർ അതോടെ ധീരരും ദിവ്യാഗ്നികൊണ്ടു ജ്വലിക്കുന്നവരുമായ കർത്തൃസാക്ഷികളായി രൂപാന്തരപ്പെട്ടു (അപ്പോ. 2:4). അവർ പ്രാപിക്കുമെന്ന് യേശു അവരോട് പറഞ്ഞിരുന്ന അതേ കാര്യം -ശക്തി- തന്നെയാണ് അവർ പ്രാപിച്ചത്.

ക്രിസ്തീയ ജീവിതം നയിക്കുവാൻ നമുക്കാവശ്യമായിരിക്കുന്നത് വെറുമൊരു ഉപദേശസംഹിതയല്ല: ജീവിതത്തിൽ നിറഞ്ഞു വ്യാപരിക്കുന്ന ദൈവശക്തിയാണ്. പരിശുദ്ധാത്മസ്നാനം നമുക്ക് ദൈവികജീവിതത്തിനും സേവനത്തിനും ആവശ്യമായ ആ ശക്തി നൽകുന്നു.

**പരിശുദ്ധാത്മാവിന്റെ പ്രവർത്തനവൈവിധ്യം**

ദൈവവചനത്തിൽ പരശുദ്ധാത്മാവിനെ കാറ്റിനോട് സാദൃശ്യപ്പെടുത്തിയിട്ടുണ്ട്. കാറ്റ് പല സമയത്ത് പലവിധത്തിൽ വീശുന്നു. ആത്മാവിനാൽ ജനിച്ചവനെല്ലാം അതുപോലെയാണെന്ന് കർത്താവു പറഞ്ഞിട്ടുണ്ട് (യോഹ. 3:8). അതിനാൽ പരിശുദ്ധാത്മാസ്നാനത്തിന്റെ ബാഹ്യമായ വിശദാംശങ്ങളിൽ ഓരോ വിശ്വാസിയുടെയും അനുഭവം വിഭിന്നമായിരിക്കും. എങ്കിലും ആന്തരികമായ ശക്തി ധരിക്കലാണ് പ്രധാന കാര്യം.

സഭയെ യേശുക്രിസ്തുവിന്റെ ശരീരമായി പണിതുയർത്തുന്നതിലേക്കു ദൈവത്തെ ഫലപ്രദമായി സേവിക്കുവാൻ ആവശ്യമായ വരങ്ങൾ ആത്മാവിലൂടെ ദൈവം നമുക്കു നൽകുന്നു. എങ്കിലും നമ്മിൽ ഓരോരുത്തർക്കും ഏതു വരം നൽകണമെന്ന കാര്യം അവിടുന്നാണ് തീരുമാനിക്കുന്നത്.

ഈ വരങ്ങളിൽവച്ച് ഏറ്റവും പ്രയോജനകരം പ്രവചനമാണ്. വിശ്വസികളെ ആഹ്വാനം ചെയ്യുവാനും ധൈര്യപ്പെടുത്തുവാനും ആശ്വസിപ്പിക്കുവാനുമായി ദൈവവചനം ശക്തിയോടെ സംസാരിക്കുവാനുള്ള വരമാണ് പ്രവചനം ( 1 കൊരി. 14:1 – 5). ഇതു കൂടാതെ സേവനമനുഷ്ഠിക്കുക, പഠിപ്പിക്കുക, രോഗശാന്തി വരുത്തുക, പ്രബോധിപ്പിക്കുക, പണം കൊടുത്തു സഹായിക്കുക , നേതൃത്വം നൽകുക എന്നിങ്ങനെ മറ്റനേകം വരങ്ങളുമുണ്ട് (റോമർ 12:6 –8 ; 1 കൊരി. 12:8–10). അജ്ഞാതഭാഷകളിൽ സംസാരിക്കുവാനുള്ള കഴിവ്– അന്യഭാഷാവരം – ദൈവം നൽകുന്ന മറ്റൊരു ദാനമാണ്. നമ്മുടെ മനസ്സിന്റെയും മാതൃഭാഷയുടെയും പരിമിതികൾക്കപ്പുറമായി പ്രാർത്ഥിക്കുവാനും സ്തോത്രം ചെയ്യുവാനുമുള്ള കഴിവ് ഇതുമൂലം നമുക്കു ലഭിക്കുന്നു

നിങ്ങൾ പരിശുദ്ധാത്മസ്നാനം പ്രാപിച്ചിട്ടില്ലെങ്കിൽ ദൈവത്തെ അന്വേഷിക്കുകയും നിങ്ങളുടെ ആ ജന്മാവകാശം അവകാശപ്പെടുകയും ചെയ്ക. ഇതിനെ സംബന്ധിച്ചുള്ള ഒരു നിർണ്ണയം നിങ്ങൾക്കു നൽകുവാനും അവിടത്തോടു ആവശ്യപ്പെടുക. “ ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്ക് നല്ല ദാനങ്ങളെ കൊടപ്പാൻ അറിയുന്നുവെങ്കിൽ, സ്വർഗ്ഗസ്ഥനായ പിതാവു തന്നോടു യാചിക്കുന്നവർക്കു പരിശുദ്ധാതാമാവിനെ എത്രയധികം കൊടുക്കും!” “നിങ്ങൾ യാചിക്കായ്കകൊണ്ടു കിട്ടുന്നില്ല” (ലൂക്കോ. 11: 13 , യാക്കോ 4:2).

അതിനാൽ നമുക്കു പൂർണ്ണഹൃദയത്തോടെ ദൈവത്തെ നോക്കി നിലവിളിക്കാം. പെനിയേലിൽവച്ച് യാക്കോബ് ചെയ്തതുപോലെ – “നീ എന്നെ അനുഗ്രഹിച്ചാലല്ലാതെ ഞാൻ നിന്നെ വിടുകയില്ല”എന്നു നമുക്ക് പറയാം (ഉൽപ. 32:26). ദൈവത്തിന് മുഖപക്ഷമില്ല. മറ്റുള്ളവർക്കുവേണ്ടി അവിടുന്നു ചെയ്തതു നിങ്ങൾക്കുവേണ്ടിയും ചെയ്യും ഇന്നും അവിടുന്ന് തന്നെ താല്പര്യത്തോടു കൂടി അന്വേഷിക്കുന്നവർക്കു പ്രതിഫലം നൽകുന്നവനത്രേ (എബ്രാ. 11:6). തന്നെ മഹത്വപ്പെടുത്തുവാൻ ആഗ്രഹിക്കുന്ന എല്ലാവർക്കും പരിശുദ്ധാത്മാവിനെ അവിടുത്തെ എല്ലാ നിറവേടും കൂടി നല്കുവാൻ അവിടുന്ന് ഏറ്റവുമധികം ഒരുക്കമുള്ളവനാണ്.

# അധ്യായം ഏഴ്
# വിശുദ്ധീകരണം

പാപകർമ്മത്തിൽ പിടിക്കപ്പെട്ട സ്ത്രീയോടുള്ള യേശുവിന്റെ വാക്കുകളിൽ സുവിശേഷത്തിന്റെ ദ്വിമുഖമായ സന്ദേശം സംക്ഷേപിക്കപ്പെട്ടിരിക്കുന്നു 1) ഞാൻ നിന്നെ കുറ്റം വിധിക്കുന്നില്ല. 2)ഇനി പാപം ചെയ്യരുത് (യോഹ. 8:11).

ക്രിസ്തീയജീവിതമാകുന്ന ഓട്ടത്തിന്റെ തുടക്കം കുറിക്കുന്ന രേഖയാണ് നീതികരണം. എന്നാൽ ഈ ഓട്ടം നാം ഓടേണ്ടത് വിശുദ്ധീകരണമെന്ന ട്രാക്കിൽ കൂടിയാണ്. വിശുദ്ധീകരിക്കുക എന്നർത്ഥമായ sanc-

tify എന്ന വാക്കിന് 'ഒരു പ്രത്യേക കാര്യത്തിനായി വേർതിരിക്കുക ' എന്നാണർത്ഥം. അതിനാൽ പാപത്തിൽനിന്നും ലോകത്തിൽനിന്നും നമ്മുടെ സ്വർത്ഥജീവിതത്തിൽനിന്നും ക്രമാഗതമായി അധികമധികം വേർതിരിക്കപ്പെടുന്ന പരിപാടിയാണ് വിശുദ്ധീകരണം.

ഒരു ഓട്ടക്കാരൻ ഒരു മത്സരയോട്ടത്തിന്റെ പ്രാരംഭരേഖയിൽ വന്നു നിൽക്കുന്നത് ഓട്ടത്തിൽ പങ്കെടുക്കുവാൻവേണ്ടി ആയിരിക്കുന്നതുപോലെ നാം ക്രിസ്തുവിന്റെ അടുക്കലേക്ക് വരുന്നതിന്റെ ആകെക്കൂടിയുള്ള ഉദ്ദേശ്യം നാം വിശുദ്ധീകരണം പ്രാപിക്കണം എന്നതത്രേ. ഓട്ടക്കാരൻ ഓട്ടത്തിൽ മത്സരിക്കുവാൻ ആഗ്രഹിക്കുന്നില്ലെങ്കിൽ അയാൾ മറ്റുള്ളവരോടൊപ്പം ആസ്ഥാനത്തു വന്നുനിൽക്കുന്നത് അർത്ഥശൂന്യമാണല്ലോ.

**നമ്മെക്കുറിചച്ചുള്ള ദൈവോദ്ദേശ്യം**

നമ്മിൽ മിക്കവരും ആദ്യം ദൈവത്തിന്റെ അടക്കൽ വരുന്നത് എന്തെങ്കിലും ചില സ്വർത്ഥോദ്ദേശ്യങ്ങളോടുകൂടയാണ് : ദൈവത്തിൽനിന്നും എന്തെങ്കിലും കാര്യലാഭം പ്രതീക്ഷിച്ചാണു. ആ കാര്യലാഭം രോഗശാന്തിയാകാം, അഥവാ നരകാഗ്നിയിൽനിന്നുള്ള മോചനമാകാം. എങ്കിലും ആസ്വാർത്ഥപരമായ ഉദ്ദേശ്യം നമ്മിലുണ്ടായിരുന്നാൽ നമ്മിലുണ്ടായിരുന്നാൽ തന്നെയും ദൈവം നമ്മെ കൈക്കൊള്ളുന്നു. മുടിയൻ പുത്രൻ ഭവനത്തിലേക്ക് തിരിച്ചുവന്നത് തന്റെ വിശപ്പ് ശമിപ്പിക്കുവാനായിരുന്നുവങ്കിലും പിതാവ് അവനെ അളവറ്റു സ്നേഹിച്ചിരുന്നതിനാൽ അവനെ ഭവനത്തിലേക്കു സ്വഗതം ചെയ്തു. അതുപോലെയാണ് ദൈവവും. അവിടുത്തെ നന്മയും കരുണയും അത്ര അപ്രമേയമാണ്.

എന്നാൽ നാം ക്രിസ്തീയജീവിതത്തിൽ തുടരുന്നത് സ്വർഗ്ഗത്തിൽ പോകാൻ നാം ആഗ്രഹിക്കുന്നതികൊണ്ടുമാത്രമാണെങ്കിൽ അത് യഥാർത്ഥത്തിൽ ദു:ഖകരമാണ്. നമ്മുടെ ജീവിതത്തെക്കുറിച്ചുള്ള ദൈവഹിതം നാം കൂടുതൽ അറിയുന്തോറും അതിനെ പൂർണ്ണമായി നിറവേറ്റുവാൻ നാം ആഗ്രഹിക്കും. എഫെസോസിലെ ക്രിസ്ത്യാനികൾക്കുവേണ്ടിയുള്ള പൗലോസിന്റെ പ്രാർത്ഥന, തങ്ങളുടെ വിളിയാലുള്ള ആശ ഇന്നതെന്ന് അവർ ഗ്രഹിക്കുമാറ് അവരുടെ ഹൃദയദൃഷ്ടിപ്രകാശിതമാകണം എന്നായിരുന്നു (എഫേ 1:18).

ദൈവത്തിന്റെ വിളിയാലുള്ള ആശ എന്താണെന്ന് റോമർ 8:28,29 വാക്യങ്ങൾ നമ്മോടു പറയുന്നുണ്ട്. താൻ മുന്നറിഞ്ഞവരെ തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിന് അവന്റെ സ്വരൂപത്തോട് അനുരൂപരാകുവാൻ ദൈവം മുന്നിയമിച്ചിരിക്കുന്നു.

നാം യേശുവിന്റെ സാദൃശ്യത്തോട് അനുരൂപരാകുമാറ് രൂപാന്തരപ്പെടുകയും അവിടത്തെ ഇളയസഹോദരന്മാരാകുകയും ചെയ്യണമെന്നുള്ളതാണ് നമ്മെപ്പറ്റിയുള്ള ദൈവഹിതമെന്ന് അവിടെ നാം വായിക്കുന്നു. വിശുദ്ധീകരണത്തിന്റെ ഒന്നാകെയുള്ള അർത്ഥം അതാണ്. നാം ക്രമാഗതമായി അധികമധികം യേശുവിനെപ്പോലെ ആയിത്തീരുക: നാം ഓടുവാനായി ദൈവം നമ്മെ പ്രബോധിപ്പിക്കുന്ന മത്സരയോട്ടം അതാണ്. നമുക്ക് മുമ്പായി ഈ ഓട്ടം ഓടിയ യേശുവിങ്കൽ നമ്മുടെ കണ്ണുകളെ ഉറപ്പിച്ചുകൊണ്ടാണ് ഈ ഓട്ടം നാം ഓടേണ്ടത് (എബ്രാ. 12:1,2.).

### പാപം വിട്ടൊഴിയുക

ഈ ഓട്ടത്തിലെ ഒന്നാമത്തെ ഘട്ടം ബോധപൂർവ്വം പാപം ചെയ്യുന്നതു നിറുത്തുകയാണ്. ന്യായപ്രമാണവ്യവസ്ഥയിൽ പാപം നിറുത്തുവാനുള്ള പ്രബോധനം ഉണ്ടായിരുന്നില്ല. എന്നാൽ പുതിയ നിയമവ്യവസ്ഥപ്രകാരം സുവിശേഷത്തിന്റെ ദ്വിമുഖമായ സന്ദേശം യേശു പ്രസ്താവിച്ചതുപോലെ തന്നെ, ശിക്ഷാവിധിയിൽ നിന്നുള്ള സ്വാതന്ത്ര്യവും പാപജീവിതത്തിന്റെ വിരാമവും (മേലാൽ പാപം ചെയ്യുന്നതു നിറുത്തുക ) ആണെന്നുള്ള കാര്യത്തിൽ എല്ലാ അപ്പോസ്തലന്മാരും ഏകാഭിപ്രായക്കാരാണ്.

പൗലോസ് പറയുന്നു: " പാപം ചെയ്യാതിരിപ്പിൻ " (അഥവാ പാപം ചെയ്യുന്നത് നിറുത്തുവിൻ) (1 കൊരി. 15:34 ). യോഹന്നാൻ പറയുന്നു: " നിങ്ങൾ പാപം ചെയ്യാതിരിപ്പാൻ ഞാൻ ഇതു നിങ്ങൾക്കു എഴുതുന്നു " (യോഹ. 2:1). പത്രോസും പാപം വിട്ടൊഴിഞ്ഞവരായിത്തീരുവാൻ നമ്മെ പ്രബോധിപ്പിക്കുന്നു ( 1 പത്രോസ് 4:1).

റോമർ അഞ്ചാമധ്യായത്തിൽ വിശ്വാസത്താലുള്ള നീതികരണത്തെ വിശദീകരിച്ചശേഷം പൗലോസ് ഈ ചോദ്യം ചോദിക്കുന്നു ; " ആകയാൽ നാം എന്തുപറയേണ്ടു ? കൃപപെരുകേണ്ടതിന് പാപം ചെയ്തുകൊണ്ടിരിക്ക എന്നോ ? " (റോമർ 6: 1). വീണ്ടും കൂടുതൽ ശക്തിയായ ഭാഷയിൽ അദ്ദേഹം ചോദിക്കുന്നു : " അതിനാൽ എന്ത്? നാം ( ഒരിക്കൽ എങ്കിലും ) പാപം ചെയ്യുക എന്നോ ? " (റോമർ 6:15,ആക്ഷരിക തർജ്ജമ ) . ഈ രണ്ട് സ്ഥാനങ്ങളിലുമുള്ള മറുപടി " ഒരു നാളും അരുത് " എന്നു തന്നെയാണ്.

അരുത് : നാം ഒരു പ്രാവശ്യം പോലും ബോധപൂർവ്വം പാപം ചെയ്യരുത്.

ഇതു ഭാരമുള്ള , ദുർവഹമായ ഒരു സന്ദേശമായിത്തോന്നുന്നുണ്ടോ ? പാപത്തിൽ തുടരാനാഗ്രഹീക്കുന്നവർക്കു മാത്രമേ ഇത് ഭാരമായിത്തോന്നുകയുള്ളൂ. എന്നാൽ പാപത്തിന്റെ അടിമത്തത്തിലിരുന്നു മുഷിഞ്ഞവരും പൊറുതി മുട്ടിയവരുമായ ആളുകൾക്ക് ഇതു സന്തോഷപൂർവമായ ഒരു വിമോചനസന്ദേശമാണ്. ഏതൊരു തടവുകാരനും താൻ സ്വതന്ത്രനാകുവാൻ സാധ്യതയുണ്ടെന്നുള്ള സന്ദേശം കേൾക്കുന്നത് സന്തോഷകരമായിരിക്കും . അതൊരിക്കലും ഒരു ഭാരമായി അവനു തോന്നുകയില്ല. തോന്നുമോ?

ബദ്ധന്മാർക്കു വിടുതൽ പ്രഖ്യാപിക്കുവാനും സാത്താനാൽ പീഡിതരായവരെ വിടുവിക്കുവാനുമാണ് ദൈവം യേശുവിനെ അഭിഷേകം ചെയ്തതു (ലൂക്കോ. 4:18).

പുതിയനിയമത്തിലെ മഹത്വകരമായ വാഗ്ദാനം ഇതാണ്: " നിങ്ങൾ ന്യായപ്രമാണത്തിന് (പഴയനിയ

മത്തിന്) അല്ല , കൃപയ്ക്കു (യേശു സ്ഥാപിച്ച പുതിയനിയമത്തിന്) അത്രേ അധീനരാകയാൽ പാപം നിങ്ങളുടെ മേൽ കർത്തൃത്വം നടത്തുകയില്ല " ( റോമർ 6:14). ഇപ്രകാരമൊരു ജീവിതം നിങ്ങൾക്കു സാധ്യമാണെന്നു വിശ്വസിക്കുന്നതാണ് വിജയജീവിതത്തിലേക്കുള്ള ഒന്നാമത്തെ കാൽവയ്പ്പു.

**പ്രലോഭനവും പാപവും** (പരീക്ഷിക്കപ്പെടുന്നതും പാപവും)

പരീക്ഷിക്കപ്പെടുന്നതും പാപം ചെയ്യുന്നതും തമ്മിൽ വ്യത്യസമുണ്ട്.

യാക്കോ.1: 14, 15 ആ വ്യത്യാസത്തെപ്പറ്റി വളരെ വ്യക്തമായി പ്രതിപാദിക്കുന്നു. അവിടെം ഇപ്രകാരം പറയുന്നു: " ഒരോരുത്തൻ പരീക്ഷിക്കപ്പെടുന്നത് സ്വന്തമോഹത്താൽ ആകർഷിക്കപ്പെടുകയും വശീകരിക്കപ്പെടുകയും ചെയ്യുന്നതിനാൽ ആകുന്നു. മോഹം ഗർഭം ധരിക്കുവാൻ നാം അനുവദിക്കാതിരിക്കുന്നിടത്തോളം കാലം പാപം നമ്മുടെ ഹൃദയത്തിൽ ജനിക്കുന്നില്ല. ഏതെങ്കിലും ഒരു മോഹം നമ്മുടെ മനസ്സിലേക്ക് ഒരി പാപചിന്തയുടെ മിന്നലാട്ടം അയയ്ക്കുമ്പോഴാണ് നാം പരീക്ഷിക്കപ്പെടുന്നത്. ആപരീക്ഷയ്ക്ക് നമ്മുടെ മനസ്സ് സമ്മതം നൽകുന്ന പക്ഷം , ആ സമയത്ത് പാപത്തിന്റെ ഒരു ഗർഭധാരണം നടക്കുന്നു. അങ്ങനെ പാപം ജനിക്കുന്നു .

പരീക്ഷിക്കപ്പെടുക എന്നത് നമ്മിൽ പാപം ഉളവാക്കുന്നില്ല . യേശു തന്നെയും പരീക്ഷിക്കപ്പെട്ടു. എന്നാൽ അവിടുന്ന് ഒരിക്കൽപ്പോലും ഏതെങ്കിലും വിധത്തിൽ പാപം ചെയ്തില്ല. തന്മൂലം അവിടുന്ന് പൂർണ്ണമായും വിശുദ്ധനായിരുന്നു.

യേശു സകലത്തിലും തന്റെ സഹോദരന്മാരോട് തുല്യനായിരുന്നവെന്നും സകലത്തിലും നമുക്ക് തുല്യമായി പരീക്ഷിക്കപ്പെട്ടുവെന്നും തിരുവെഴുത്തു പറയുന്നു (എബ്രാ. 2:17, 4:15).തികച്ചും നമ്മെപ്പോലെ തന്നെ അവിടുന്ന് പരീക്ഷിക്കപ്പെട്ടു. എങ്കിലും അവിടുന്ന് ഒരിക്കലും പാപം ചെയ്തില്ല. യേശു ദൈവമാകയാൽ സ്വഭാവികമായിതന്നെ പാപത്തെ നിഷ്പ്രയാസം ജയിച്ചതായി കരുതുന്നതിനാൽ നമ്മിൽ ചിലർക്ക് ഈ കാര്യം വളരെ അദ്ഭുതകരമായിത്തോന്നുകയില്ല. എന്നാൽ അവിടുന്ന് ഭൂമിയിലേക്കു വന്നപ്പോൾ ദൈവത്തോടുള്ള സമത്വം മൂലം തനിക്കുണ്ടായിരുന്ന പദവികൾ എല്ലാം വിട്ടുകളഞ്ഞു. അവിടുന്ന് തന്നെത്താൻ ഒഴിച്ചു (emptied Himself)എന്ന കാര്യം നാമോർക്കണം ഫിലി. 2: 6,7).അവിടുന്നു ദൈവമായിരുന്നുവെങ്കിലും താൻ ഒരു മനുഷ്യനായി ലോകത്തിൽ ജീവിച്ചിരുന്ന കാലത്ത് ഇന്നു നമുക്കു താൻ നല്കിയിട്ടുള്ള അതേ പരിശുദ്ധാത്മാവിന്റെ ശക്തി മാത്രമേ അവിടുത്തേക്ക് ലഭ്യമായിരുന്നുള്ളൂ.

അതിനാലാണ് യേശുവിങ്കലേക്കു നമ്മുടെ കണ്ണുകൾ ഉറപ്പിച്ചുകൊണ്ട് നമ്മുടെ ഓട്ടം ഓടുവാൻ ദൈവവചനം നമ്മെ പ്രബോധിപ്പിക്കുന്നത്. ഇന്ന് പാപത്തിനെതിരായിട്ടുള്ള നമ്മുടെ പോരാട്ടത്തിൽ നമുക്ക് അവിടുത്തെ ദൃഷ്ടാന്തം നോക്കി ധൈര്യം സംഭരിക്കുവാൻ സാധിക്കും (എബ്രാ.12: 2-4). കാരണം , നാം അഭിമുഖികരിക്കുന്ന ഓരോ പരീക്ഷയിന്മേലും യേശു ഒരു മനുഷ്യനെന്ന നിലയിൽ വിജയം നേടി. അങ്ങനെ അവിടുന്ന നമുക്ക് ഒരു മുന്നോടിയും പിന്തുടരുവാൻ ഒരു ദൃഷ്ടാന്തവും ആയിതീർന്നു (എബ്രാ. 6:20).

" ക്രിസ്തു ജഡത്തിൽ വന്നു: ആത്മാവിൽ നീതിമാൻ എന്നു പ്രഖ്യാപിക്കപ്പെട്ടു " എന്നതാണ് ദൈവികസ്വഭാവത്തിന്റെ മർമ്മം (1 തിമോ. 3:16). അവുടുത്തേക്കു ഉണ്ടായിരുന്നതു നമുക്കുള്ള ജഡമായിരുന്നുവെങ്കിലും അവിടുന്ന് സ്വജീവിതത്തിൽ തന്റെ ആത്മാവിൽ ആദ്യന്തം വിശുദ്ധിയിൽ സൂക്ഷിച്ചു.

താൻ ജയിച്ചതുപോലെ നമുക്കും സാധിക്കുമെന്ന പ്രത്യാശ നമുക്ക് നല്കുന്നത് ഈ വസ്തുതയാണ്. എന്തെന്നാൽ അവിടുന്നു നമുക്കുവേണ്ടി തന്റെ ജഡത്തിലൂടെ ജീവനുള്ള ഒരു പുതുവഴി തുറന്നു. അതിലൂടെ ഇന്ന് നമുക്ക് അവിടുത്തെ പിന്തുടരുവാൻ കഴിയും (എബ്രാ. 10: 20). ഇതാണ് വിശുദ്ധീകരണത്തിന്റെ മാർഗ്ഗം.

### പഴയ മനുഷ്യനും പുതിയ മനുഷ്യനും

പഴയ മനുഷ്യൻ കള്ളന്മാരെ വീട്ടിനുള്ളിൽ കടക്കാൻ അനുവദിക്കുന്ന അവിശ്വസ്തനായ ഒരു ഭൃത്യനെപ്പോലെയാണെന്ന വസ്തുത നാം നേരത്തേ മനസ്സിലാക്കി. എങ്കിലും ആ പഴയ മനുഷ്യൻ ക്രൂശിക്കപ്പെടുകയും ഉരിഞ്ഞുകളയപ്പെടുകയും കുഴുച്ചിടപ്പെടുകയും ചെയ്തിരുക്കുന്നു. - " ദൈവമേ , ഇതാ, നിന്റെ ഇഷ്ടം ചെയ്‌വാൻ ഞാൻ വരുന്നു " എന്നു പറയുന്ന ഒരു പുതുമനുഷ്യൻ നമ്മുടെ ഉള്ളിൽ കൂടിക്കോള്ളുന്നു (എബ്രാ.10: 7).

എന്നാൽ തന്നയും യേശുവിന്റെ ഏതൊരു ശിഷ്യനും പാപം ചെയ്യുക സാധ്യമാണെന്ന ദുഖസത്യം അവശേഷിക്കുന്നു . പക്ഷേ ഒരു വിശ്വാസി പാപം ചെയ്യുന്നതും ഒരവിശ്വാസി പാപം ചെയ്യുന്നതും തമ്മിൽ വ്യത്യാസമുണ്ട്. ഒരു പൂച്ച ചെളിവെള്ളത്തിൽ വീണുപോകുന്നതും ഒരു പന്നി അതേ ചെളിവെള്ളത്തിലേക്ക് കുതിച്ചുചാടുവാൻ ഉത്സാഹിക്കുന്നതും തമ്മിൽ വ്യത്യാസമുള്ളതുപോലെയാണിത്. പൂച്ച ചെളിവെള്ളത്തെ വെറുക്കുന്നുവെങ്കിലും അബദ്ധവശാൽ അതിൽ വീണുപോകാം. പന്നിയാകട്ടെ , സ്വേച്ഛയായത് തിരഞ്ഞെടുക്കുന്നു. ഇതാകെ സ്വഭാവത്തിന്റെ ഒരു പ്രശ്നമാണ്. യേശുവിന്റെ ശിഷ്യന് വിശുദ്ധിയെ സ്നേഹിക്കുകയും പാപത്തെ വെറുക്കുകയും ചെയ്യുന്ന ഒരു പുതിയ സ്വഭാവമാണുള്ളത്.

പഴയ മനുഷ്യൻ പാപം ചെയ്യുവാൻ ആഗ്രഹിക്കുന്നു. പുതിയ മനുഷ്യൻ അതൊരിക്കലും ആഗ്രഹിക്കുന്നില്ല. എന്നാൽ പുതിയ മനുഷ്യൻ വേണ്ടുവോളം ബലവാനല്ലെങ്കിൽ ജഡത്തിലെ മോഹങ്ങൾക്കെതിരേ തന്റെ ഹൃദയവാതിൽ അടച്ചു സൂക്ഷിക്കുവാൻ അവനു കഴികയില്ല. ഇതു തീർച്ചായായും അവൻ ആ മോഹങ്ങൾ ആഗ്രഹിക്കുന്നതുമൂലമല്ല. എന്നാൽ അവയോടെതിർത്തുനില്ക്കുവാൻ വേണ്ടത്ര ബലം അവനില്ലാത്തതാണ് അതിന് കാരണം . അവൻ ദൈവവചനം മുലം വേണ്ടുവോളം തന്നെത്താൻ പോഷിപ്പിക്കാത്തതുമൂലവും

പ്രാർത്ഥനയിലൂടെ തന്നെത്തന്നെ ശക്തീകരിക്കാത്തതുകൊണ്ടുമാണ് ഇങ്ങനെ സംഭവിക്കുന്നത്.

അതിനാൽ പാപം ചെയ്യുന്നതും പാപത്തിൽ വീഴുന്നതും തമ്മിൽ ഒരു വ്യത്യസമുണ്ട്.ഈ വ്യത്യാസം അറിയുന്നത് പ്രധാനകാര്യമാണ്. അതറിഞ്ഞിരുന്നാൽ അനാവശ്യമായ വളരെയധികം കുറ്റബോധം നമ്മുടെ ഹൃദയത്തിൽനിന്ന് ഒഴിവാക്കുവാൻ നമുക്കു കഴിയും.

യോഹന്നാൻ തന്റെ ഒന്നാം ലേഖനത്തിൽ ഈ വ്യത്യാസം വിശദമാക്കുന്നുണ്ട്. " പാപം ചെയ്യുന്നവൻ (അതായത് ബോധപൂർവം പാപം ചെയ്തുകൊണ്ടേയിരിക്കുന്നവൻ ) പിശാചിന്റെ മകനാകുന്നു" എന്ന് അദ്ദേഹം പറയുന്നു. ( യോഹ. 3:8). മറുവശത്ത് അദ്ദേഹം വിശ്വാസികളെ സംബോധന ചെയ്യതുകൊണ്ട് " ഒരുവൻ പാപം ചെയ്യുന്നുവെങ്കിൽ (അതായത് ഒരുവൻ അബദ്ധവശാൽ പാപത്തിൽ വീണുപോകുന്നുവെങ്കിൽ) നീതി മാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്കു പിതാവിന്റെ അടുക്കലുണ്ട്: അവൻ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തമാകുന്നു" എന്നും എഴുതിയിരിക്കുന്നു (യോഹ. 2:1,2).

## ബോധപൂർവവും അബോധപൂർവവുമായ പാപം

ഇതുപോലെ പാപത്തിൽ വീഴുന്നതും പാപം നമ്മിൽ ഉണ്ടായിരിക്കുന്നതും തമ്മിലും ഒരു വ്യത്യാസം ഉണ്ട് . പാപം നമ്മിൽ ഉണ്ടായിരിക്കുക എന്നു വച്ചാൽ നമ്മുടെ വ്യക്തിത്വത്തിൽ അബോധപൂർവമായ പാപം കുടികൊള്ളുക എന്നാണ് അതിനർത്ഥം. ഈ പാപത്തെപ്പറ്റി നമുക്കു തന്നെ അറിവുണ്ടായിരിക്കയില്ല. എങ്കിലും നമ്മെക്കാൾ കൂടുതൽ പക്വത പ്രാപിച്ച മറ്റുള്ളവർക്ക് അത് മനസ്സിലാക്കുവാൻ കഴിയും. എന്നാൽ ഈ അബോധപൂർവമായ പാപം നമ്മിൽ ഒരിക്കലും കുറ്റബോധം ജനിപ്പിക്കേണ്ട ആവശ്യമില്ല. എന്തെന്നാൽ ന്യായപ്രമാണമില്ലാത്തിടത്ത് പാപത്തെ കണക്കിടുന്നില്ല എന്ന് ദൈവചനം പറയുന്നു (റോമർ. 5:13). (നമ്മുടെ ബോധമനസ്സിൽ പാപത്തെക്കുറിച്ചുള്ള ബോധ്യം ഇല്ലാതിരിക്കുമ്പോൾ ദൈവം നമുക്ക് പാപം കണക്കിടുന്നില്ല എന്നു കൂടി ഇതിനർത്ഥമുണ്ട്.)

എങ്കിലും നാം വെളിച്ചത്തിൽ നടക്കുന്നവരാണെങ്കിൽ, ക്രമേണ കുറഞ്ഞുകുറഞ്ഞുവരുന്ന ഒരളവിൽ നമ്മിൽ അബോധപൂർവമായ പാപം ഉണ്ടായിരിക്കും. ഇതു നിമിത്തമാണ് യോഹന്നാൻ അപ്പോസ്തലൻ " "നമുക്കു പാപമില്ല എന്നു നാം പറയുന്നുവെങ്കിൽ നമ്മെത്തന്നെ വഞ്ചിക്കുന്നു ; സത്യം നമ്മിൽ ഇല്ലാതെയായി" എന്നു പറയുന്നത് (1യോഹ 3:8) . തന്നിൽ പാപമില്ല എന്നു പറയുന്ന ഒരുവൻ യഥാർത്ഥത്തിൽ താൻ ക്രിസ്തുവിനെപ്പോലെ പൂർണ്ണനായി എന്നു അവകാശപ്പെടുകയാണ് ചെയ്യുന്നത്. എന്നാൽ ക്രിസ്തു നമ്മെ ചേർക്കുവാൻ വരുമ്പോൾ നാം അവനെപ്പോലെയാകും . അതിനുമുമ്പ് ആകുകയില്ല എന്നാണ് ദൈവവചനം പറയുന്നത് (1 യോഹ. 3: 2) . തന്മൂലം ഇപ്പോൾ തന്നെ പൂർണ്ണമായ വിശുദ്ധീകരണം പ്രാപിച്ച് പരിപൂർണ്ണരായി എന്നവകാശപ്പെടുന്നവർ തങ്ങളെത്തന്നെ വഞ്ചിക്കുന്നവരാണ്.

എങ്കിലും അബോധപൂർവമായ പാപത്തിൽനിന്നും നാം ശുദ്ധീകരിക്കപ്പെടേണ്ടതാവശ്യമാണ്. നാം വെളിച്ചത്തിൽ നടക്കുമ്പോൾ യേശുവിന്റെ രക്തം സകല അബോധപൂർവമായ പാപവും പോക്കി നമ്മെ ശുദ്ധീകരിക്കും ( 1യോഹ. 1:7).

അതിനാൽ അപരിമേയമായ വിധം വിശുദ്ധനായ ഒരു ദൈവത്തിന്റെ മുമ്പിൽ യാതൊരു ഭയവും കൂടാതെ ധൈര്യത്തോടെ നില്ക്കുവാൻ ഇപ്പോൾ നമുക്ക് കഴിയും . ക്രിസ്തുവിന്റെ രക്തത്തിന് നമ്മെ ശുദ്ധീകരിക്കുവാനുള്ള ശക്തി അത്രമാത്രമാണ്. ഹല്ലേലുയ്യാ!

## കരുണയും കൃപയും

"നമുക്ക് സഹായം ആവശ്യമായിരിക്കുന്ന സമയത്ത് കരുണയും കൃപയും കണ്ടെത്തുവാനായി നാം ധൈര്യത്തോടെ കൃപാസനത്തിന് അടുത്ത് ചെല്ലുക " എന്ന് ദൈവവചനം നമ്മെ പ്രബോധിപ്പിക്കുന്നു (എബ്രാ.4:16). കരുണയും കൃപയും ഒന്നല്ല. കരുണ പാപക്ഷമയെ സംബന്ധിക്കുന്നതാണ്. അതു നമുക്കാവശ്യം തന്നെ. എന്നാൽ അതിനുപുറമേ ഭാവിയിലുണ്ടാകുന്ന ആവശ്യസന്ദർഭങ്ങളിൽ കൃപയും നമുക്ക് വേണ്ടിയിരിക്കുന്നു.

നമുക്ക് സഹായമാവശ്യമായ സന്ദർഭം, നാം പരീക്ഷിക്കപ്പെടുമ്പോൾ, നാം വീഴുവാനാരംഭിക്കുന്ന അതേ സമയത്തുതന്നെയാണ്. പത്രോസ് ഗലീലക്കടലിൽ താണുപോകുവാനാരംഭിച്ച സമയം അദ്ദേഹത്തിന്റെ ആവശ്യസമയമായിരുന്നതുപോലെയാണിത് ( മത്താ. 14:30). കൃപയ്ക്കുവേണ്ടി നാം നിലവിളിക്കേണ്ട സമയം അപ്പോഴാണ്. പത്രോസ് താണുപോകാതെ അദ്ദേഹത്തെ പിടിച്ചുകൊള്ളുവാൻ കർത്താവ് ഉടനെ കൈനീട്ടിയതുപോലെ നമുക്കും വീണുപോകാതിരിക്കുവാനുള്ള കൃപ ലഭിക്കുമെന്ന് അപ്പോൾ നമുക്ക് ബോധ്യമാകും.

വീണുപോകാതെ ദൈവം നമ്മെ സൂക്ഷിച്ചുകൊള്ളുമെന്ന് ഉറപ്പുനൽകുന്ന അദ്ഭുതകരമായ വാഗ്ദാനങ്ങൾ ദൈവവചനത്തിലുണ്ട്. അവയിൽ ചിലത് നോക്കുക:

ആദ്യമായി ദൈവം നൽകിയിട്ടുള്ള ഒരു വാഗ്ദാനം ഇതാണ് ; നമുക്ക് അതിജീവിക്കുവാൻ കഴിയാത്ത വിധം അത്ര ശക്തിയേറിയ പരീക്ഷകൾ നേരിടുവാൻ ഒരിക്കലും ദൈവം അനുവദിക്കുകയില്ല. " ദൈവം വിശ്വസ്തൻ : നിങ്ങൾക്കു കഴിയുന്നതിനുമൂതേ പരീക്ഷനേരിടുവാൻ സമ്മതിക്കാതെ നിങ്ങൾക്കു സഹിപ്പാൻ കഴിയേണ്ടതിന് പരീക്ഷയോടുകൂടെ അവൻ പോക്കുവഴിയും ഉണ്ടാക്കും " (1കൊരി. 10: 13).

ദൈവവചനം നൽകുന്ന മറ്റൊരു ഉറപ്പു നോക്കുക: " വീഴാതവണ്ണം നിങ്ങളെ സൂക്ഷിച്ച് തന്റെ മഹിമാസന്നിധിയിൽ കളങ്കമില്ലാത്തവരായി ആനന്ദത്തോടെ നിറുത്തുവാൻ ശക്തിയുള്ളവൻ " ആണ് ദൈവം (യൂദ . 24).

ഇപ്രകാരം തന്റെ വചനത്തിലൂടെ ദൈവം നമുക്ക് നൽകിയിട്ടുള്ള അദ്ഭുതകരമായ വേറെയും വാഗ്ദത്തങ്ങൾ ഉണ്ട് . ഇവയുടെയെല്ലാം വെളിച്ചത്തിൽ നോക്കിയാൽ മേലാലൊരിക്കലും നമുക്ക് പാപം ചെയ്യേണ്ട ആവശ്യമില്ല. 1 പത്രോ. 4:2-ൽ പറയുന്നതുപോലെ മേലാൽ ദൈവഹിതം മാത്രം നിറവേറ്റുമാറ് ജീവിതം നയിക്കുവാൻ നമുക്ക് കഴിയും.

**ക്രമപ്രവൃദ്ധമായ വിശുദ്ധീകരണം**

താൻ കല്പിച്ചതൊക്കെയും അനുസരിക്കുമാറ് മറ്റുള്ളവരെ പഠിപ്പിക്കുവാൻ യേശു തന്റെ ശിഷ്യന്മാരോട് ആജ്ഞാപിച്ചു (മത്താ. 28:20) . കർത്താവിനെ സ്നേഹിക്കുന്ന ഒരുവൻ ആദ്യം തന്നെ ഈ കല്പനകൾ ഏതെല്ലാമാണെന്നു കണ്ടുപിടിക്കുവാൻ പൂർണ്ണഹൃദയത്തോടെ ശ്രമം ചെയ്യും . പിന്നീട് അവയെ അനുസരിക്കുവാൻ ശ്രമിക്കുകയും ചെയ്യും (യോഹ. 14:21).

ന്യായപ്രമാണവ്യവസ്ഥയിൽ ദൈവം മനുഷ്യർക്ക് കല്പനകൾ നല്കിയിരിക്കുന്നു: എന്നാൽ അവയെ അനുസരിക്കുവാനുള്ള ശക്തി നൽകിയിരുന്നില്ല. അങ്ങനെയെങ്കിൽ എന്തിനുവേണ്ടിയാണ് ദൈവം ന്യായപ്രമാണം നല്കിയത്? ദൈവം നിശ്ചിയിച്ച നിലവാരത്തിലേക്കു വന്നുചേരുവാൻ തനിക്കു കഴിവില്ലെന്ന് മനുഷ്യൻ കണ്ടെത്തുവാനും അങ്ങനെ ഒരു രക്ഷകന്റെയും സഹായിയുടെയും ആവശ്യം മനസ്സിലാക്കുവാനുമത്രേ ദൈവം അപ്രകാരം ചെയ്തത് . ന്യായപ്രമാണം നമ്മെ ക്രിസ്തുവിങ്കലേക്ക് നടത്തുന്ന ശിശുപാലകൻ (**tutor**)ആയിതീർന്നു (ഗലാ. 3:24).

എന്നാൽ ഇപ്പോൾ ദൈവം മനുഷ്യനുമായി ഒരു പുതിയ ഉടമ്പടി സ്ഥാപിച്ചിരിക്കുന്നു. അതിലൂടെ ദൈവം നമുക്ക് കല്പനകൾ മാത്രമല്ല, നമ്മുടെ കർത്താവായ യേശുക്രിസ്തു എന്ന വ്യക്തിയിലൂടെ നാം പിന്തുടരേണ്ട ഒരു മാതൃകയും നൽകിയിരിക്കുന്നു. ദൈവത്തിന്റെ എല്ലാ കല്പനകളും അനുസരിക്കുവാൻ നമ്മുടെ ഭൗമീക ജീവിതത്തിൽ നമുക്ക് സാധ്യമാണെന്ന് തന്റെ ഇഹലോകജീവിതത്തിലൂടെ യേശു കാണിച്ചുതന്നിരിക്കുന്നു.

പുതിയ ഉടമ്പടിപ്രകാരം തന്റെ കല്പനകൾ നമ്മുടെ ഉള്ളിലാക്കി വയ്ക്കുമെന്നും അവയെ നമ്മുടെ ഹൃദയത്തിന്മേൽ എഴുതുമെന്നുംകൂടി ദൈവം വാഗ്ദാനം ചെയ്തിരിക്കുന്നു(എബ്രാ. 8.10) . നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവിലൂടെയാണ് ദൈവം ഇതു ചെയ്യുന്നത്. ദൈവത്തിന്റെ ഹിതം എന്താണെന്നു നമുക്കു കാണിച്ചുതരിക മാത്രമല്ല, ആ ഹിതം മുഴുവനായി ചെയ്യുവാനുള്ള ഒരാഗ്രഹം നമുക്കു നൽകുകയും അത് അനുസരിക്കുവാനുള്ള കൃപ ദാനം ചെയ്യകയും ചെയ്യുന്ന ഒരു സഹായിയാണ് പരിശുദ്ധാത്മാവ്.

നമ്മെ പൂർണ്ണമായി വിശുദ്ധീകരിക്കുന്ന ഒരുവനാണ് ദൈവം (1 തെസ്സ. 5:23). നമുക്കിതു സ്വമേധയാ ചെയ്യുവാൻ സാധ്യമല്ല. ഈ ദൈവത്തിൽ ആശ്രയിച്ചിട്ടേ നമുക്കിതു സാധിക്കൂ. തന്റെ ഹിതം ചെയ്യുവാനുള്ള **ആഗ്രഹവും** ഒപ്പം അതു അനുസരിപ്പാനുള്ള **ശക്തിയും** നമുക്ക് നൽകുവാനായി നമ്മുടെ ഉള്ളിൽ പ്രവർത്തിക്കുന്ന ഒരുവനാണ് ദൈവം, എന്നാൽ നാമാകട്ടെ, ഭയത്തോടും വിറയലോടും കൂടി നമ്മുടെ രക്ഷ പ്രാവർത്തികമാക്കുവാൻ പ്രയത്നിച്ചേ മതിയാവൂ (ഫിലി. 2:12,13). ദൈവം ഉള്ളിലിരുന്നു പ്രവർത്തിക്കുന്ന കാര്യം പുറമേ സാധിതപ്രായമാക്കുവാൻ നാം സഹകരിക്കണം, കാരണം , ദൈവം നമ്മെ യന്ത്രങ്ങളായിട്ടല്ല സൃഷ്ടിച്ചിരിക്കുന്നത്.

പാപത്തെക്കുറിച്ചുള്ള കുറ്റബോധത്തിൽനിന്ന് ദൈവം നമ്മെ ശുദ്ധീകരിക്കുന്ന, എന്നാൽ " ജഡത്തിലേയും ആത്മാവിലേയും സകല കല്മഷങ്ങളും നീക്കി നമ്മെത്തന്നെ വെടിപ്പാക്കി ദൈവഭയത്തിൽ വിശുദ്ധിയെ തികച്ചുകൊള്ളുവാൻ" അവുടുന്ന് നമ്മോടു കല്പിച്ചിരിക്കുന്നു (2കൊരി 7:1). നമ്മുടെ ഉള്ളിൽ ഏതേതു കല്മഷങ്ങളാണ് ഉള്ളതെന്നതിനെപ്പറ്റി നമുക്ക് വെളിച്ചം കിട്ടിയാലുടൻ അതു നീക്കുവാൻ നാം കഠിനപ്രയ്നം ചെയ്യണം.

ഇപ്രകാരം നാം ആത്മാവിനാൽ ശരീരത്തിന്റെ പ്രവൃത്തികളെ മരിപ്പിക്കുമ്പോഴാണ് ആത്മാവിന്റെ ഫലങ്ങളായ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ ,പരോപകാരം, വിശ്വസ്തത , സൗമ്യത, ഇന്ദ്രിയജയം എന്നിവ (ഗലാ.5:22)അധികമധികം നമ്മിൽ വിളഞ്ഞുവരുന്നത്. ക്രിസ്തുവിന്റെ സാദൃശ്യത്തിലേക്ക് രൂപാന്തരപ്പെടുക എന്നതിന്റെ അർത്ഥം ഇതത്രേ.

ഈ വിധത്തിൽ നമ്മുടെ ജീവിതപാത സമയം കഴുയുംന്തോറും അധികമധികം ശോഭാപൂർണ്ണമായിത്തീരും(സദൃ. 4:18). ദൈവം നമുക്കായി നിശ്ചയിച്ചിട്ടുള്ള വിശുദ്ധീകരണത്തിന്റെ തേജോമയമായ മാർഗ്ഗം ഇതത്രേ.

# അധ്യായം എട്ട്
# ദൈവവചനവും പ്രാർത്ഥനയും

ജനനാന്തരം ഒരു ശിശുവിലുള്ള രണ്ട് ആവശ്യങ്ങൾ ഭക്ഷണവും വായുവുമാണ്. ആത്മീയ ജനനം പ്രാപിക്കുന്നവരുടെ അനുഭവവും അതുപോലെതന്നെ. പുതുതായി ജനിച്ച ദൈവപൈതൽ ഭക്ഷിക്കയും ശ്വാസോച്ഛ്വാസം ചെയ്കയും വേണം. ദൈവത്തിന്റെ വചനമാണ് അവന്റെ ഭക്ഷണം: പ്രാർത്ഥന അവന്റെ ജീവശ്വാസവും.

### ദൈവവചനം- നമ്മുടെ ആത്മീയഭക്ഷണം.

ആരംഭത്തിൽ ഒരു ശിശുവിന് ആവശ്യം പാലാണ് . പിന്നീട് കുറെ നാൾ കഴിയുമ്പോൾ കട്ടിയായ ഭക്ഷണവും വേണ്ടിവരും. ബൈബിളിൽ ഇതു രണ്ടും അടങ്ങിയിരിക്കുന്നു. പാലിനെ ക്രിസ്തുവിനെക്കുറിച്ചുള്ള ആദ്യപാഠങ്ങൾ എന്നു ബൈബിൾ വിളിക്കുന്നു ( എബ്രാ. 6:1). കട്ടിയായ ഭക്ഷണത്തെ നീതിയുടെ വചനമെന്നും (എബ്രാ. 5:13). എത്രവേഗം കട്ടിയായ ആഹാരത്തിലേക്കു നമുക്കു മാറാമെന്നത് എത്ര വേഗത്തിൽ ദൈവം തരുന്ന വെളിച്ചം നാമനുസരിക്കുന്നുവെന്നതിനെ ആശ്രയിച്ചാണിരിക്കുന്നത്.

നമ്മുടെ ആത്മീയവളർച്ച വിശ്വാസത്തിന്റെയും അനുസരണത്തിന്റെയും അടിസ്ഥാനത്തിലാണ് സംഭവിക്കുന്നത്. നാം ദൈവത്തിൽ ആശ്രയം വയ്ക്കേണ്ടതിനായി കല്പനകളും തന്നിട്ടുണ്ട്.നാം ക്രമമായി ദൈനം ദിനം ദൈവവചനം ധ്യാനിക്കയും ദൈവത്തെ വിശ്വസിക്കയും അനുസരിക്കയും ചെയ്യുന്നപക്ഷം ഒരിക്കലും വാട്ടമില്ലാതെ എന്നും പച്ചയായിരിക്കുന്ന വൃക്ഷം പോലെ നാം ദൈവത്തിൽ ആഴത്തിൽ വേരൂന്നിയവരായി ത്തീരും. നാം ചെയ്യുന്ന എല്ലാറ്റിലും അഭിവൃദ്ധി നേടമാറ് അപ്പോൾ ദൈവം നമ്മെ അനുഗ്രഹിക്കും (സങ്കീ.1:2,3).

ബുദ്ധിപരമായ പഠനം കൊണ്ടുമാത്രം ദൈവവചനം മനസ്സിലാക്കുവാൻ നമുക്കു സാധ്യമല്ല. അതിലേക്ക് നമുക്കു പരിശുദ്ധാത്മാവിന്റെ വെളിപ്പാട് ആവശ്യമായിരിക്കുന്നു. ആത്മീയസത്യങ്ങൾ ജ്ഞാനികൾക്കും വിവേകികൾക്കും മറച്ച് ശിശുക്കൾക്കു വെളിപ്പെടുത്തിയിരിക്കുന്നതായി കർത്താവു പ്രസ്താവിച്ചു (മത്താ. 11:25).ജ്ഞാനുകൾക്കും ബുദ്ധിശാലികൾക്കും ഇല്ലാത്ത എന്തെന്നാണ് ശിശുക്കുള്ളത്? ഒരു ശുദ്ധഹൃദയം ! ദൈവം ഹൃദയത്തെയാണ് നോക്കുന്നത്, തലയെ (ബുദ്ധിയെ) അല്ല. താഴ്മയുള്ളവരും തന്റെ വചനത്തിങ്കൽ വിറയ്ക്കുന്നവരുമായ ആളുകൾക്കു അവിടുന്നു വെളിപ്പാടു നൽകും (യെശ. 66:2). ദൈവഹിതം ചെയ്യുവാൻ ഒരുക്കമുളളവർക്കു മാത്രമേ വചനം മനസ്സിലാകൂ എന്ന് കർത്താവ് പറഞ്ഞിട്ടുണ്ട് (യോഹ. 7:17).

### ദൈവവചനം –ആത്മാവിന്റെ വാൾ

സാത്താനെതിരായുള്ള യുദ്ധത്തിൽ നാമുപയോഗിക്കുന്ന ഒരായുധം കൂടിയാണ് ദൈവവചനം . എഫേ . 6:17 ൽ അതിനെ ആത്മാവിന്റെ വാൾ എന്നു വിളിച്ചിരിക്കുന്നു. യേശു തന്നെയും മരുഭൂമിയിൽ വച്ചുള്ള അവസാനത്തെ മൂന്നു പരീക്ഷകളിൽ ഈ ആയുധം വളരെ ഫലപ്രദമായ വിധത്തിൽ ഉപയോഗിക്കുകയുണ്ടായി. ഓരോ പ്രാവശ്യവും സാത്താന്റെ പ്രലോഭനങ്ങളെ " ഇപ്രകാരം എഴുതിയിരിക്കുന്നു" എന്ന വചനത്താൽ കർത്താവ് അഭിമുഖീകരിച്ചു (മത്താ. 4:4,7,10) .അങ്ങനെയായിരുന്നു അവിടുന്നു വിജയം നേടിയത്. നമുക്ക് ജയം നേടാൻ കഴിയുന്നത് ആ വിധത്തിൽ തന്നെ.

സാത്താൻ കുറ്റം പറയുന്നവനാണ്. അവന്റെ കുറ്റാരോപണങ്ങളെയും പരിശുദ്ധാത്മാവു നൽകുന്ന സത്യബോധത്തെയും തമ്മിൽ നാം വേർതിരിച്ചറിയണം. തന്റെ കുറ്റാരോപണങ്ങളാൽ നമ്മെ പീഡിപ്പിക്കുവാനും നാം ശിക്ഷായോഗ്യരെന്ന കുറ്റബോധം നൽകുവാനുമാണ് സാത്താന്റെ എപ്പോഴുമുള്ള ശ്രമം, നേരേമറിച്ച് പരിശുദ്ധാത്മാവു നൽകുന്ന സത്യബോധമാകട്ടെ , എപ്പോഴും സൗമ്യവും പ്രത്യാശാപൂർണ്ണവുമായിരിക്കും.

കുറ്റം പറയുന്നവനായ സാത്താനെ കുഞ്ഞാടിന്റെ രക്തത്താലും നമ്മുടെ സാക്ഷ്യവചനത്താലും മാത്രമാണ് നമുക്ക് ജയിക്കാൻ സാധിക്കുന്നത് (വെളി.12:11). യേശുവിന്റെ രക്തം സകല പാപവുംപോക്കി നമ്മെ പൂർണ്ണമായി ശുദ്ധീകരിക്കുന്നു എന്ന സാക്ഷ്യം സാത്താനു നല്കിയിട്ടാണ് നമ്മുടെ ഭൂതകാലപാപങ്ങളെപ്പററിയുള്ള സാത്താന്റെ കുറ്റാരോപണങ്ങളെ നാം ജയിക്കുന്നത്. യേശു ഉപയോഗിച്ച അതേ ആയുധം തന്നെ – അതായത് ' ഇപ്രകാരം എഴുതിപ്പെട്ടിരിക്കുന്നു' എന്നതു തന്നെ– നാമും ഉപയോഗിക്കണം.

സാത്താന്റെ കുറ്റാരോപണങ്ങളെ മാത്രമല്ല, നിരാശത, ആകുലചിന്ത തുടങ്ങി സാത്താൻ നമ്മുടെ മനസ്സിനെ ആക്രമിക്കുന്ന ഒട്ടുവളരെ കാര്യങ്ങളെയും ജയിക്കുവാനുള്ള മാർഗ്ഗം ഇതുതന്നെയാണ്– അതായത് ദൈവവചനം ആഴത്തിലും പൂർണ്ണമായും അറിഞ്ഞിരിക്കേണ്ടത് നമുക്ക് അനുപേക്ഷണീയമായിരിക്കുന്നത്. അപ്പോൾ മാത്രമേ നമുക്ക് ആവശ്യം വരുന്ന ശരിയായ സമയത്ത് പരിശുദ്ധാത്മാവ് ശരിയായ ദൈവവചനം നമുക്ക് ഓർമ്മ വരുത്തുവാൻ സാധ്യമാകൂ.

അതിനാൽ ദൈവവചനം ധ്യാനിക്കുവാനും നമ്മോടു സംസാരിക്കുവാൻ ദൈവത്തോട് അപേക്ഷിക്കുവാനുമായി ദിവസവും ഒരു പ്രത്യേകസമയം വേർതിരിക്കുന്നത് പ്രയോജനകരമാണ് .ദൈവവചനം നാം ഹൃദയത്തിൽ സംഗ്രഹിക്കുമ്പോൾ ദൈവത്തിനെതിരെ പാപം ചെയ്യാതെ അതു നമ്മെ സൂക്ഷിച്ചുകൊള്ളും (സങ്കീ.119:11).

### നമ്മുടെ ജീവിതത്തെപ്പറ്റി ദൈവത്തിനുള്ള പ്ലാൻ

നമ്മുടെ ജീവിത്തെപ്പറ്റി ദൈവത്തിന് സമ്പൂർണ്ണമായ ഒരു പ്ലാനുണ്ട് . അതിന്റെ സാക്ഷാൽക്കാരത്തിലേക്കു നമ്മെ നയിക്കുവാൻ അവിടുന്ന് ആഗ്രഹിക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ ആ പ്ലാൻ പൂർണ്ണമായി നിറവേറ്റുന്ന ഒരു ജീവിതമാണ് ഭൂമിയിൽ നമുക്ക് ഏതുകാലത്തും നയിപ്പാൻ കഴിയുന്ന ഏറ്റവും അനുഗ്രഹപൂർണ്ണമായ ജീവിതം . ഒരു ജീവിതപ്രവർത്തനം (**career**)തിരഞ്ഞെടുക്കുമ്പോഴും വിവാഹബന്ധത്തിലേർപ്പെടുമ്പോഴും നമുക്കായി ദൈവം ഒരു പാത നിശ്ചയിച്ചിട്ടുണ്ടെന്നറിയുന്നത് എത്ര അദ്ഭുതകരമാണ്!അവിടുത്തെ മാർഗ്ഗം നാം തിരഞ്ഞെടുക്കുന്ന പക്ഷം നമ്മെ വീഴിക്കുവാൻ സാത്താൻ ഒരുക്കിവെച്ചിട്ടുള്ള കെണികളിൽനിന്ന് ഒഴിഞ്ഞുപോകുവാൻ നമുക്ക് സാധിക്കും. ഈ ദൈവീകപ്ലാനിലേക്ക് നമ്മെ ദൈവം നയിക്കുന്നത് പ്രാഥമികമായും തന്റെ വചനത്തിലൂടെയാണ്.

ദൈവഹിതം കണ്ടെത്തുക എന്നതു കൂടുതൽ വ്യാപകമായ ഒരു വിഷയമാണ്. ആ പേരിൽ ഞാൻ

എഴുതിയിട്ടുള്ള പുസ്തകത്തിൽ ആ വിഷയം ചർച്ചചെയ്തിട്ടുണ്ട്. ആത്മീയമായ ഒരു മാർഗ്ഗത്തിലൂടെ വിവാഹത്തെ സമീപിക്കുക എന്നതു അതുപോലെ മറ്റൊരു വിഷയമത്രേ. ' സെക്സ്, പ്രേമം, വിവാഹം - ഒരു ക്രസ്തീയ സമീപനം ' എന്ന പുസ്തകത്തിൽ ഈ വിഷയവും കൈകാര്യം ചെയ്തിരിക്കുന്നു.

### പ്രാർത്ഥന – ദൈവത്തോടുള്ള സംഭാഷണം

ദൈവവുമായുള്ള സംഭാഷണം അങ്ങോട്ടുമിങ്ങോട്ടും ഇരുവഴിയായി നടക്കുന്ന ഒരു പ്രവർത്തനമാണ്. ആദ്യമായി ദൈവവചനത്തിലൂടെ അവിടുന്നു നമ്മോടു സംസാരിക്കുന്നത് നാം കേൾക്കുന്നു. അനന്തരം നാം ദൈവത്തോടു ചില അപേക്ഷകൾ കഴിക്കുക മാത്രമല്ല, പ്രാർത്ഥനയുടെ പ്രാഥമികമായ ഭാഗം ഒരു വധു വരനോടുകൂടെയെന്നത് പോലെ ദൈവത്തോടു സംസർഗ്ഗം പുലർത്തുകയാണ്.

ഒരു വധു തന്റെ വരനോട് എപ്രകാരം സംഭാഷിക്കണമെന്നു നിഷ്കർക്കുന്ന നിയമങ്ങൾ ഒന്നുമില്ല. എന്നാൽ ഒരു ശിക്ഷണം എന്ന നിലയിൽ നമ്മുടെ പ്രാർത്ഥനയിൽ താഴെപ്പറയുന്ന ഘടകങ്ങൾ ഉൾക്കൊണ്ടിരിക്കുന്നത് ആശ്വാസ്യമായിരിക്കും:

1. ദൈവം ആരാണെന്നു മനസ്സിലാക്കിക്കൊണ്ട് അവിടത്തെ സ്തുതിക്കുക.
2. നമ്മുടെ പാപങ്ങളും പരാജയങ്ങളും ഏറ്റുപറയുക.
3. ദൈവരാജ്യത്തിനു വേണ്ടിയുള്ള അപേക്ഷകൾ.
4. നമ്മുടെ വ്യക്തിപരമായ ആവശ്യങ്ങൾക്കായുള്ള അപേക്ഷകൾ.
5. മറ്റുള്ളവരുടെ ആവശ്യങ്ങൾക്കായുള്ള മധ്യസ്ഥപ്രാർത്ഥന.
6. ദൈവം ചെയ്ത കാര്യങ്ങളോർത്തു നന്ദി പ്രകടപ്പിക്കുക.
7. ഭാവിയിൽ ദൈവം ചെയ്യുവാൻ പോകുന്നവയ്ക്കായി നന്ദി കരേറ്റുക.

എപ്പോഴും പ്രാർത്ഥിക്കണമെന്ന് യേശു നമ്മെ ഉദ്ബോധിപ്പിച്ചിട്ടുണ്ട് (ലൂക്കോ.18:1). ദൈനംദിനംജീവിത്തിലെ ചെറിയ കാര്യങ്ങളെപ്പറ്റി ദൈവത്തോടു സംസാരിക്കുകയും അങ്ങനെ ദിവസം മുഴുവനും പ്രാർത്ഥനയുടെ ഒരന്തരിക്ഷത്തിൽ ആയിരിക്കയും ചെയ്യുവാൻ പരിശീലിക്കുന്നത് ഒരു നല്ല കാര്യമായിരിക്കും. അങ്ങനെ ദൈവത്തോട് സംഭാഷിക്കുന്നത് നമുക്ക് ഒരു ചടങ്ങായിത്തീരാതെ ഒരു സന്തോഷമായിപ്പരിണമിക്കും, അപ്പോൾ അദ്ഭുതകരമായവിധത്തിൽ ദൈവം നമ്മുടെ ഹൃദയത്തിൽ നമ്മോടു സംസാരിക്കുന്നതായി നമുക്ക് അനുഭവപ്പെടുകയും ചെയ്യും.

എന്നാൽ ഇതെല്ലാം പ്രാർത്ഥനയെന്ന വിദ്യാലയത്തിലെ ശൈശവപാഠങ്ങൾ മാത്രമാണ്. നാം വിശ്വസ്തരെങ്കിൽ നമുക്ക് മുന്നോട്ടുകടന്ന് വളർച്ച പ്രാപിക്കുവാൻ കഴിയും.

ഏതുവിധമായാലും പ്രാർത്ഥന ശുഷ്കമായ ഒരു ചടങ്ങായി അധ:പതിക്കുവാൻ നാം അനുവദിക്കരുത് . പ്രാർത്ഥന ശ്വാസോച്ഛ്വസം പോലെയാണ്. ശ്വാസോച്ഛ്വസം നമുക്ക് വിഷമകരമായിത്തീരുമ്പോൾ എവിടെയോ എന്തോ തകരാറുണ്ടെന്ന് നമുക്ക് മനസ്സിലാക്കാം. പ്രാർത്ഥന ശുഷ്കമോ വിരസമോ ആയിത്തീരുവാൻ ദൈവം ഒരിക്കലും ഉദ്ദേശിച്ചിട്ടില്ല.

എന്നാൽ നാം ആത്മീയവളർച്ച പ്രാപിക്കുമ്പോൾ പ്രാർത്ഥന ഒരു കഠിനാധ്വാനമാണെന്ന് നാം മനസ്സിലാക്കും. നമ്മുടെ ഹൃദയത്തിൽ ദൈവം വയ്ക്കുന്ന ചെറിയ ചെറിയ ഭാരങ്ങളുടെ കാര്യത്തിൽ നാം വിശ്വസ്തരായിരിക്കുന്നപക്ഷം, തന്റെ ഭാരങ്ങളിൽ അധികമധികം ഏറിവരുന്ന ഒരു പങ്ക് ദൈവം നമ്മുടെമേൽ വയ്ക്കുന്നതായി നമുക്ക് അമനുഭവപ്പെടും. അങ്ങനെ മറ്റുള്ളവരെ അനുഗ്രഹിക്കുന്ന ദൈവത്തിന്റെ പ്രവർത്തനത്തിൽ നാം അവിടുത്തെ സഹപ്രവർത്തകരായിത്തീരും.

യേശു ഉറച്ച നിലവിളിയോടും കണ്ണുനീരോടും കൂടി പ്രാർത്ഥിച്ചു(എബ്രാ.5:7). ഒരിക്കൽ ഗെതസമനയിൽ യേശു പ്രാർത്ഥിച്ചപ്പോൾ അവിടുത്തെ വിയർപ്പ് നിലത്തു പതിക്കുന്ന വലിയ ചോരത്തുള്ളികളായി മാറി.( ലൂക്കോ. 22:44).അത്രമാത്രം ഗാഢവും ശക്തവുമായിരുന്നു അവിടുത്തെ പ്രാർത്ഥന. ഒരിക്കൽ ഒരു രാത്രി മുഴുവൻ അവിടുന്നു പ്രാർത്ഥനയിൽ കഴിച്ചു (ലൂക്കോ.6:12). പ്രാർത്ഥിപ്പാനായി കൂടെക്കൂടെ നിർജ്ജനസ്ഥലങ്ങളില്ക്കു വാങ്ങിപ്പോകുന്ന ഒരു പതിവു കർത്താവുനുണ്ടായിരുന്നു (ലൂക്കോ,5:16). ആരോ പറഞ്ഞിട്ടുള്ളതുപോലെ സഞ്ചാരികൾ ഒരു പുതിയ സ്ഥലത്തുവരുമ്പോൾ കാണേണ്ട കാഴ്ചകൾ തിരഞ്ഞുകണ്ടെത്തുന്നതുപോലെ യേശു എവിടെപ്പോയാലും പ്രാർത്ഥിപ്പാൻ പറ്റിയ ഒരേകാന്തസ്ഥലം തിരഞ്ഞു കണ്ടെത്തുക പതിവായിരുന്നു.

പ്രാർത്ഥന എത്ര പ്രധാന കാര്യമെന്ന് യേശുവിന്റെ ദൃഷ്ടാന്തം നമുക്കു വെളിപ്പെടുത്തിത്തരുന്നു. ഇത്രയധികം പ്രാർത്ഥിക്കേണ്ട ആവശ്യം അവിടുത്തേക്കുണ്ടായിരുന്നെങ്കിൽ എനിക്കും നിങ്ങൾക്കും അത് എത്രയധികം ആവശ്യമാണ് ! അതിനാൽ അലസതയ്ക്കെതിരേ പോരാടുകയും ഏതു വിലകൊടുത്തും ഒരു പ്രാർത്ഥനാമനുഷ്യനായി (പ്രാർത്ഥിക്കുന്ന സ്ത്രീയായി)ത്തീരുവാൻ ദൃഢചിത്തതയോടെ തീരുമാനിക്കുകയും ചെയ്യുക

# അധ്യായം ഒൻപത്

# കൂട്ടായ്മയും സഭയും

ക്രിസ്തുവിനു സദൃശ്യമായ ഒരവസ്ഥയിലേക്ക് നമ്മെ രൂപാന്തരപ്പെടുത്തുവാൻ ദൈവം ആഗ്രഹിക്കു

ന്നുവെന്ന വസ്തുത നാം നേരത്തേ തന്നെ മനസ്സിലാക്കിയല്ലോ. എന്നാൽ ഈ രൂപാന്തരം യേശുവിന്റെ മറ്റു ശിഷ്യന്മാരിൽനിന്നും വേർപെട്ട് ഒറ്റപെട്ട ഒരവസ്ഥയല്ല നമ്മിൽ സംഭവിക്കുന്നത്. അവരോടൊപ്പം മാത്രമാണ് നമുക്കും രൂപാന്തരമുണ്ടാകുന്നത്.

ദൈവത്തോടുള്ള ആശ്രയത്തിലും പരസ്പരമുള്ള കൂട്ടായ്മയിലും നാം ജീവിക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്.പഴയനിയമകാലങ്ങളിൽ ഒരു മോശ, ഒരു ഏലിയാവ്, ഒരു യോഹന്നാൻ സ്നാപകൻ എന്നിങ്ങനെ ഒറ്റയൊറ്റ വ്യക്തികളിലൂടെ ദൈവം പ്രവർത്തച്ചു . എന്നാൽ പുതിയനിയമവ്യസ്ഥയിൽ തലയായ ക്രിസ്തുവിന്റെ നിയന്ത്രണത്തിൻകീഴിൽ ശിഷ്യസമൂഹമാകുന്ന നാം ഒരു ശരീരമയി പ്രവർത്തിക്കണമെന്നാണ് ദൈവത്തിന്റെ ആഗ്രഹം, ഇതുതന്നെയാണ് സഭ അഥവാ ക്രിസ്തുവിന്റെ ശരീരം ( എഫേ . 1:22,23, 2:14,16).

## സഭ – ക്രിസ്തുവിന്റെ ശരീരം

സഭയെന്നത് ഒരു കെട്ടിടമല്ല, ഒരു പ്രത്യേക ജനവിഭാഗമല്ല, സഭ എന്ന അർത്ഥത്തിൽ പുതിയനിയമത്തിൽ ഉപയോഗിച്ചിട്ടുള്ളത് ഗ്രീക്കിലുള്ള ' എക്ലീസിയ' എന്ന പദമാണ്. വിളിച്ചു വേർതിരിക്കപ്പെട്ട ആളുകളുടെ ഒരു സമൂഹത്തെയാണ് ആ പദം കുറിക്കുന്നത്. ദൈവത്തിന്റെ സ്വന്തവകയായിത്തീരുവാൻ ലോകത്തിൽനിന്നും വിളിച്ചു വേർതിരിക്കപ്പെട്ട ജനങ്ങളുടെ സമൂഹമാണ് സഭ എന്ന പേരിൽ അറിയപ്പെടുന്നത്.

ലോകത്തിലുടനീളം പാപത്തിൽനിന്നും ലോകത്തിൽനിന്നും വേർതിരിക്കപ്പെടുവാനുള്ള ദൈവവിളികേട്ട് അനുസരിക്കുന്നവരാണ് സഭയായി – ക്രിസ്തുവിന്റെ ശരീരമായി – രൂപം പ്രാപിക്കുന്നത്. ഓരോ പ്രദേശത്തും ക്രിസ്തുവിന്റെ ശരീരത്തിലെ അവയവങ്ങളായ ഈ ആളുകൾ ഒന്നായിചേർന്ന് ആ ശരീരത്തിന്റെ ഒരു പ്രാദേശിക ഘടകമായി നിലകൊള്ളുന്നു.

ക്രിസ്തുവിന്റെ ഒന്നാമത്തെ ശരീരം അവിടുന്നു ലോകത്തിലേക്കു വന്നപ്പോൾ ധരിച്ച ഭൗതികശിരീരമായിരുന്നു. അതിലൂടെ ദൈവം തന്നെത്തന്നെ ലോകത്തിനു കാണിച്ചുകൊടുത്തു. യേശു തന്നെത്തന്നെ പിതാവിന് കീഴ്പ്പെടുത്തിക്കൊടുത്തുതുമൂലം തന്റെ ഐഹികജീവിതത്തിന്റെ അവസാനത്തിൽ " എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു " എന്നു പറയുവാൻ അവിടത്തേക്കു സാധിച്ചു (യോഹ. 14:9).

ഒരുമിച്ചു ചേർന്നുനിന്നുകൊണ്ട് നമുക്ക് ചുററുമുള്ള ലോകത്തിന് യേശുവിനെ കാണിച്ചുകൊടുക്കുവാനാണ് ദൈവം നമ്മെ വിളിച്ചിട്ടുള്ളത്. യാതൊരു മനുഷ്യനും താൻ സ്വയം ഏകനായി യേശുവിനെ കാണിച്ചുകൊടുപ്പാൻ സാധ്യമല്ല. നാം പരസ്പരാശ്രയത്തോടെ ഒന്നായി ബന്ധിക്കപ്പെട്ടവരാണ്. നമ്മിൽ അത്യുത്തമന്മാർപോലും സന്തുലിതാവസ്ഥയില്ലാത്തവരാണ്. നമുക്കോരോരുത്തർക്കും നമ്മുടെ ബലവത്തായ വശങ്ങളുണ്ട് . ക്രിസ്തുവിന്റെ ഒരു പ്രത്യേക വശത്തെ പ്രതിനിധീകരിക്കുവാൻ നമുക്ക് കഴിഞ്ഞേക്കാം: എന്നാൽ മറ്റൊരു വശത്തെ വളരെ മോശമായ നിലയിലേ നമുക്ക് പ്രതിഫലിപ്പിപ്പാൻ കഴിയൂ.

എന്നാൽ ഒരുമിച്ചു ചേരുമ്പോൾ ഒരാളിന്റെ ബലവത്തായ വശങ്ങൾ മറ്റൊരുവന്റെ ബലഹീനവശങ്ങളോട് ചേർന്നു സന്തുലിതം സൃഷ്ടിക്കുന്നതായി നാം മനസ്സിലാക്കുന്നു . അതിനാൽ അന്യോന്യ സ്നേഹത്തോടും കീഴടക്കത്തോടും കൂടി നാം ജീവിക്കന്നുവെങ്കിൽ, ക്രസ്തുവിനെ അവിടുത്തെ സമ്പൂർണ്ണതയോടുകൂടി അവിശ്വാസമുള്ള ലോകത്തിന്റെ മുമ്പിൽ പ്രതിഫലിപ്പിക്കുവാൻ നമുക്കു കഴിയും. സഭയെക്കുറിച്ചുള്ള ദൈവോദ്ദേശ്യം ഇതത്രേ.

## ഒരു പ്രാദേശികസഭയുടെ അംഗത്വം

നിങ്ങൾ മാനസാന്തരപ്പെട്ട് ക്രിസ്തുവിങ്കലേക്കു വന്നാലുടൻ തന്നെ, ദൈവവചനം അനുസരിക്കുവാനും യേശുവിന്റെ കാൽപ്പാടുകളിലൂടെ അവിടുത്തെ അനുഗമിപ്പാനും ശുഷ്കാന്തിയുള്ള ശിഷ്യന്മാരടങ്ങിയ ഒരു കൂട്ടായ്മയെ കണ്ടെത്തി അവരോട് ചേരേണ്ടത് ആവശ്യമാണ്.

പുതുതായി ക്രിസ്തുവിനെ കൈക്കൊള്ളുന്ന വിശ്വാസിയെ കുഴയ്ക്കുന്ന ഒരു പ്രശ്നമാണിത്. എന്തെന്നാൽ ക്രൈസ്തവലോകത്തിൽ കാണുന്ന എണ്ണമറ്റ ഗ്രൂപ്പുകളെയും വിഭാഗങ്ങളെയും കണ്ട് അയാൾ അമ്പരന്നുപോകുന്നു. ഉപദേശപരമായ നിലപാടിന്റെ ഒരറ്റം മുതൽ മറ്റേയറ്റം വരെയുള്ള അനവധി ഗ്രൂപ്പുകൾ ഭൂമിയിൽ ക്രിസ്തുവിന്റെ യഥാർത്ഥ അനുയായികൾ തങ്ങളാണ് എന്നവകാശപ്പെട്ടുകൊണ്ടു നിലകൊള്ളുന്ന ദൗർഭാഗ്യകരമായ കാഴ്ചയാണ് അയാളെ അഭിമുഖീകരിക്കുന്നത് .

ഈ ഗ്രൂപ്പുകളിൽ പലതും തങ്ങളുടെ ബൈബിളിന്മേൽ കൈചുരുട്ടി ഇടിച്ചു കൊണ്ട് നിങ്ങൾ അവരോടു ചേരുന്നില്ല എങ്കിൽ നിങ്ങൾക്കു ക്രിസ്തുവിന്റെ ശരീരത്തുന്റെ ഒരു ഭാഗമാകുവാൻ സാധ്യമല്ലെന്നു തെളിയിച്ചുതരും.

തങ്ങളുടെ ഗ്രൂപ്പിൽ അല്ലാത്തവരും തങ്ങളുടെ പ്രത്യേക ഉപദേശരൂപം പിടിച്ചുകൊള്ളാത്തവരുമായ ധാരാളം മക്കൾ ദൈവത്തിനുണ്ടെന്ന അവരെ ബോധ്യപ്പെടുത്തുക മിക്കവാറും അസാധ്യമായിരിക്കും!മുൻവിധിയുടെ ശക്തി അത്രയധികമാണ്. ക്രൈസ്തവലോകത്തിന്റെ നല്ല പങ്കിനെയും ഇന്നു ഗ്രസിച്ചിട്ടുള്ള കപടഭക്തിയുടേയും മതഭ്രാന്തിന്റെയും മായാവലയത്തിൽ അകപ്പെട്ടുപോകാതിരിപ്പാൻ നിങ്ങൾ വളരെ ശ്രദ്ധിത്തേണ്ടതാവശ്യമാണ്

കർത്താവിനെ സ്നേഹിക്കുകയും ആത്മാർത്ഥമായി പിന്തുരുവാൻ ആഗ്രഹീക്കുകയും ചെയ്യുന്ന എല്ലാവരുടെയും നേരേ തുറന്ന ഹൃദയമുള്ള ഒരുവനായിരിക്കുക. നിങ്ങൾക്കുള്ള ഉപദേശപരമായ അതേ സവിശേഷതകൾ അല്ലായിരിക്കാം അവർക്കുള്ളത്. എങ്കിലും ദൈവം അവർക്കു നല്കിയിട്ടുള്ള വെളിച്ചത്തിൽ അവർ നടക്കുന്നുണ്ടെങ്കിൽ അതു ഗൗരവമുള്ള കാര്യമല്ല. ദൈവം നമുക്ക് നൽകിയിട്ടുള്ള വെളിച്ചത്തിൽ അവർ നടക്കണമെന്നു നാം ശഠിക്കുന്നതു ശരിയല്ല.

### എല്ലാ ദൈവമക്കളെയും കൈക്കൊള്ളുക

**ദൈവത്തിന് എത്രയധികം മക്കളുണ്ടോ അത്രയധികം സഹോദരീസഹോദരന്മാർ നമുക്ക് ഉണ്ടായിരിക്കണം.**

ദൈവം കൈക്കൊണ്ടിട്ടുള്ള എല്ലാവരേയും തന്നെ നാം പൂർണ്ണഹൃദയത്തോടെ കൈക്കൊള്ളണം (റോമർ 14:1 , 15:7). ഒരുവനെ സഹോദരനെന്നു വിളിക്കുവാൻ യേശു ലജ്ജിക്കുന്നില്ലെങ്കിൽ നാമും അപ്രകാരം ലജ്ജിക്കാതിരിക്കണം (എബ്രാ.2:11).

കൂട്ടായ്മയെ സംബന്ധിച്ച ഈ കാര്യങ്ങൾ വിശ്വാസികൾ സ്വീകരിപ്പാനിടയുള്ളതും അതിരുകടന്നതുമായ രണ്ട് നിലപാടുകൾ ഉണ്ട്. ഒന്ന് കൂട്ടായ്മ പുലർത്തുവാനായി സത്യവിരുദ്ധമായ ഒത്തുതീർപ്പിനു സന്നദ്ധരാകുക. രണ്ടാമത്തേത് കൂട്ടായ്മ വാഗ്ദാനം ചെയ്യുന്നതിനു മുമ്പുതന്നെ എല്ലാ കാര്യങ്ങളിലും ഏകരൂപത്വം വേണമെന്നു ശഠിക്കുക. നിങ്ങൾ ജ്ഞാനിയെങ്കിൽ ഈ രണ്ടു കടന്ന നിലകളെയും ഒഴിവാക്കുവാൻ നിങ്ങൾ ശ്രദ്ധിക്കും.

ദൈവത്തിന്റെ വേല ഏതുവിധം ചെയ്യപ്പെടണമെന്ന കാര്യത്തിൽ നമ്മോടു യോജിക്കാത്തവരുമായി ഒരുമിച്ചു പ്രവർത്തിക്കുവാൻ നമുക്ക് സാധ്യമല്ലെന്ന കാര്യം വ്യക്തമാണ്. എന്നാൽ ഒരവനുമായി കൂട്ടായ്മയിലേർപ്പെടുന്നതിനു മുമ്പുതന്നെ, തികച്ചും നാം വിശ്വസിക്കുന്ന അതേവിധത്തിൽ തന്നെ മറ്റൊരാളും ഏറ്റവും ചെറിയ വിശദാംശങ്ങളിൽ വരെ വിശ്വസിച്ചുകൊള്ളണമെന്ന് നാം നിർബന്ധിക്കേണ്ടതില്ല. ഒരാളുമൊത്ത് കൂട്ടായ്മയിലേർപ്പെടുന്നതും അയാളോടൊത്ത് പ്രവർത്തിക്കുന്നതും തമ്മിൽ ഒരു വ്യത്യാസം ഉണ്ടല്ലോ.

ഇങ്ങനെയൊക്കെയാണെങ്കിലും നിങ്ങളുടെ താമസസ്ഥലത്ത് നിങ്ങൾക്ക് ഒരാത്മീയഭവനമായിരിപ്പാൻ സാധ്യതയുള്ളതും വിധേയത്വം പുലർത്താവുന്നതുമായ ഒരു സഭയ്ക്കുവേണ്ടി നിങ്ങൾ അന്വേഷിക്കേണ്ടത് ആവശ്യമത്രേ.

### പുതിയനിയമസഭ

നിങ്ങളുടെ പ്രദേശത്തുള്ള അനേകം സഭാവിഭാഗങ്ങളിൽ വച്ച് പുതിയനിയമത്തോട് അതിനെ ഇന്നുവരെയും മനസ്സിലാക്കിയിട്ടുള്ളതിന്റെ വെളിച്ചത്തിൽ , ഏറ്റവും അടുത്തുനില്ക്കുന്ന ഒരു സഭയ്ക്കുവേണ്ടി നിങ്ങൾ അന്വേഷിക്കണം. സമയം മുന്നോട്ടുപോകുമ്പോൾ, പുതിയനിയമം നിങ്ങൾ കൂടുതൽ മനസ്സിലാക്കുന്നതോടെ, നിങ്ങൾ ആ സഭയെ വിട്ടിട്ട് ദൈവവചനവുമായി കൂടുതൽ യോജിച്ചുപോകുന്ന മറ്റൊന്നിനെ ആശ്ലേഷിക്കേണ്ടതായി വന്നേക്കാം.

ആത്മീയമായി വളർന്നുകൊണ്ടിരിക്കയും തന്റെ ജീവിത്തിൽ ദൈവത്തിന്റെ സർവോന്നതവും അത്യുത്തമവുമായതിനുവേണ്ടി അന്വേഷിക്കുകയും ചെയ്യുന്ന ഒരു വ്യക്തിയുടെ കാര്യത്തിൽ ഇതു സ്വഭാവികം മാത്രമാണ്. ഏതു മണ്ഡത്തിലും ദൈവത്തിന്റെ സർവോന്നതഹിതത്തിൽ കുറഞ്ഞ ഒന്നുകൊണ്ടും നിങ്ങൾ സംതൃപ്തനാകരുത്. അങ്ങനെയെങ്കിൽ നിത്യതയിൽ നിങ്ങൾ പശ്ചാത്തപിക്കുവാൻ ഇട വരികയില്ല.

ഒരു പുതിയനിയമസഭയ്ക്ക് പ്രത്യേക സഭവിഭാഗത്തിന്റേതായ ഒരു ലേബലും ഉണ്ടായിരിക്കുന്നതല്ല. പരിശുദ്ധാത്മാവിനാൽ യേശുക്രിസ്തുവിന്റെ നാമത്തിൽ ഒരുമിച്ച് ചേർക്കപ്പെട്ട വ്യക്തികളുടെ ഒരു കൂട്ടായ്മയായിരിക്കും അത്. അപ്രകാരമൊരു കൂട്ടത്തിന്റെ മധ്യത്തിൽ മാത്രം സന്നിഹിതനാകാമെന്നാണ് കർത്താവു വാഗ്ദാനം ചെയ്തിട്ടുള്ളത് (മത്താ. 18:20).

നിങ്ങൾ ഭാഗഭാക്കായിത്തീരുന്ന സഭ ബൈബിളിനെ ദൈവത്തിന്റെ വചനമായും വിശ്വാസത്തിനും ജീവിതത്തിനും ഏകാധാരമായും സ്വീകരിക്കുന്ന ഒന്നായിരിക്കണം. അമിതനിഷ്ഠയുള്ള പല മതസമുഹങ്ങളും **(cultistic groups)** ബൈബിൾ തങ്ങളുടെ പ്രമാണരേഖയാണെന്ന് പറയാറുണ്ടെങ്കിലും തങ്ങളുടെ നേതാക്കന്മാർ എഴുതിയിട്ടുള്ള കാര്യങ്ങളെയും തുല്യപ്രമാണികത്വം കൊടുത്ത് ഉദ്ധരിക്കാറുണ്ട്. അവയെ നിങ്ങൾ അധികം അടുത്തറിയുമ്പോൾ ദൈവവചനത്തെക്കാളധികം തങ്ങളുടെ നേതാക്കന്മാരുടെ ഉപദേശങ്ങളെയാണ് അവ മുറുകെപ്പിടിക്കുന്നതെന്ന് നുങ്ങൾക്കു ബോധ്യമാകും. അവയിൽ പല നല്ല കാര്യങ്ങളും കണ്ടെന്നുവരാം .എന്നാൽ നിങ്ങൾ അവരോട് ചേരുന്നപക്ഷം അവയുടെ അമിതനിഷ്ഠാപരമായ പ്രവണതകൾ നിങ്ങളെ അടിമത്തത്തിൽ ആഴ്ത്തുന്നതായി നിങ്ങൾ വേഗം മനസ്സിലാക്കും.

ദൈവത്തിന്റെ സഭയിൽ എല്ലാ വിശ്വാസികളും ഒരുപോലെ തന്നെ ദൈവത്തിന്റെ പുരോഹിതന്മാരാണ്. എന്തെന്നാൽ ദൈവം നമ്മെയെല്ലാം രാജകീയപുരോഹിതന്മാരാക്കിത്തീർത്തിരിക്കുന്നു (പത്രോ.2:9). ഒരു സഭയിൽ പുരോഹിതന്മാരെന്നോ പാസ്റ്ററന്മാരെന്നോ വിളിക്കപ്പെടുന്ന ഒരു പ്രത്യേകവർഗ്ഗം ഉണ്ടായിരിക്കയും അവർ മാത്രമാണ് ദൈവവചനം ശുശ്രൂഷിപ്പാൻ യോഗ്യരെന്നു പരിഗണിക്കപ്പെടുകയും ചെയ്യുന്നപക്ഷം അപ്രാകാരമുള്ള ഒരു സഭ ദൈഹിതത്തിനു വിരുദ്ധമായിട്ടുള്ളതത്രേ.

സഭ നേതൃത്വം എപ്പോഴും മൂപ്പന്മാരുടെ (എപ്പോഴും ഒന്നിലധികം പേർ)പക്കലായിരിക്കണമെന്ന് ദൈവം വ്യവസ്ഥചെയ്തിരിക്കുന്നു, എന്നാൽ ഈ മൂപ്പന്മാർ പൂർണ്ണസമയപ്രവർത്തകരായിരിക്കണമെന്നില്ല (അപ്പോ. 14:23; തീത്തോ. 1:5).

ഒരു പുതിയനിയമസഭയുടെ യോഗങ്ങളിൽ ദൈവചനം സംസാരിക്കുന്നതിനായിരിക്കും ഏറ്റവുമധികം പ്രാധാന്യം കലിപിക്കപ്പെടുന്നത്. അപ്രാകാരമൊരു സഭയിൽ എല്ലാ വിശ്വാസികൾക്കും താന്താങ്ങളുടെ ആത്മീയപക്വതയും ആത്മാവിന്റെ കൃപാവരവുമനുസരിച്ച് ദൈവവചനം ശുശ്രൂഷിക്കുവാൻ സ്വാതന്ത്ര്യം ഉണ്ടായിരിക്കും . സംസാരിക്കപ്പെടുന്ന വചനം യഥാർത്ഥത്തിൽ പരിശുദ്ധാത്മാവിന്റെ പ്രചോദനത്തോടുകൂടിയതാണെങ്കിൽ, അത് ആളുകളുടെ ഹൃദയങ്ങളെ ആശ്വസിപ്പിക്കുകയും വെല്ലുവിളിക്കുകയും അവർക്കു ആത്മീകവർദ്ധന വരുത്തുകയും അവരുടെ ഹൃദയരഹസ്യങ്ങൾ വെളിപ്പെടുത്തുകയും ചെയ്യും. അപ്പോൾ ദൈവമാണ് സംസാരിക്കുന്നതെന്ന കാര്യം അംഗീകരിക്കുവാൻ ആളുകൾ നിർബദ്ധരായിത്തീരും (1 കൊരി. 14: 3, 24:31).

യഥാർത്ഥമായ ഒരു പുതിയനിയമസഭയുടെ മുഖ്യമായ പ്രവർത്തനലക്ഷ്യം ആളുകളെ ശിഷ്യത്വത്തിലേക്കു നയിക്കുകയും അവർക്കു യേശുവിന്റെ കല്പനകളോടുള്ള പൂർണ്ണാനുസരണം പഠിപ്പിച്ചുകൊടുക്കുകയും ആണ്. (മത്താ, 28:19, 20). യോഹ. 13:35 – ൽ യേശു പ്രസ്താവിച്ചിരിക്കുന്നതുപോലെ അത്തരമൊരു സഭയെ മറ്റുള്ളവയിൽനിന്നു തിരുച്ചറുയുവാൻ സഹായകമായ സവിശേഷത അതിലെ അംഗങ്ങൾക്കു തമ്മിൽത്തമ്മിലുള്ള സ്നേഹം ആയിരിക്കും. " നിങ്ങൾക്കു തമ്മിൽത്തമ്മിൽ സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് എല്ലാവരും അറിയും".

നിങ്ങളുടെ ജീവിതരംഗമായ സ്ഥലത്ത് ദൈവവചനം ശക്തിയോടെ ഘോഷിക്കപ്പെടുന്നതും ദൈവസ്നേഹം വാഴുന്നതും ദൈവസാന്നിധ്യം അനുഭവയോഗ്യമായിരിക്കുന്നതുമായ ഒരു സഭയിലാണ് നിങ്ങൾ അംഗമായിത്തീരേണ്ടത്.

### കൂട്ടായമയുടെ പ്രാധാന്യം

സ്നേഹമയമായ കൂട്ടായ്മയിൽ മറ്റുള്ളവരോടോപ്പം ജീവിക്കുവാൻ നാം ശ്രമിക്കുമ്പോഴാണ് ആ കൂട്ടായ്മ നിലനിർത്തുവാൻ നാം ആഗ്രഹിക്കുന്നുവെങ്കിൽ , നമ്മെത്തന്നെ ത്യജിക്കേണ്ടതും നാൾതോറും നമ്മുടെ ക്രൂശെടുക്കേണ്ടതും എത്രയധികം ആവശ്യമാണെന്ന് നാം മനസ്സിലാക്കുന്നത്.

ദൈവമക്കൾക്കിടയിൽ ചില പിളർപ്പുകൾ സൃഷ്ടിക്കുവാനുള്ള ശ്രമത്തിൽ എപ്പോഴും വ്യാപൃതനാണ് സാത്താൻ. നാം പരിപക്വഹൃദയരാണെങ്കിൽ നമുക്കും മറ്റുള്ളവർക്കുമിടയിൽ അത്തരം പിളർപ്പുകൾ ഉണ്ടാകാതെ സൂക്ഷിക്കുവാൻ ജാഗ്രതയുള്ളവരായിരിക്കും. ക്രിസ്തുവിന്റെ ശരീരത്തിൽ കൂട്ടായ്മ തകർന്നു പോകുമ്പോൾ ദൈവത്തിനെന്നപോലെ നമുക്കും വമ്പിച്ച നഷ്ടമാണ് സംഭവിക്കുന്നത്.

സഭയുടെ ഐക്യത്തിൽ വലിയ ശക്തി അടങ്ങിയിരിക്കുന്നു. ഐക്യമുള്ള ഒരു സഭയ്ക്കു മാത്രമേ സാത്താനേ ജയിക്കുവാൻ കഴിവുള്ളൂ. കേവലം രണ്ടു വിശ്വാസികൾ തന്നെയും തങ്ങളുടെ ആത്മാവിൽ ഒന്നായിത്തീരുന്ന പക്ഷം അവർക്ക് ഏതൊരു കാര്യത്തിനുവേണ്ടിയും പിതാവിനോട് അപേക്ഷിക്കാമെന്നും അവരുടെ അപേക്ഷ നല്കപ്പെടുമെന്നും കർത്താവ് അരുളിച്ചെയ്തിട്ടുണ്ട്. എന്തെന്നാൽ എവിടെയെല്ലാം ആവിധ ഐക്യമുള്ള രണ്ടോ മൂന്നോ വ്യക്തികൾ പരിശുദ്ധാത്മാവിനാൽ ഒരുമിച്ച് കൂട്ടപ്പെടുന്നുവോ അവിടെയെല്ലാം കർത്താവ് തന്റെ ശക്തിയിൽ സന്നിഹിതനായിരിക്കും. അപ്രകാരമുള്ള വിശ്വാസികളുടെ ഒരു സമുഹത്തിന് ആകാശത്തിലും ഭൂമിയിലുമുള്ള സാത്താന്യശക്തികളെ ബന്ധിക്കുവാനും സാത്താന്റെ ശക്തിയെ നിയന്ത്രിക്കുവാനും സാധിക്കും. അവർക്ക് തങ്ങളുടെ പ്രാർത്ഥന മുഖാന്തരം ആളുകളെ സാത്താന്റെ ബന്ധനത്തിൽ നിന്നു വിടുവിപ്പാനും കഴിവുണ്ട് ( മത്താ. 18:18-20. സ്വതന്ത്രപരാവർത്തനം).

ഈ കാരണത്താലാണ് സാത്താൻ വിശ്വാസികൾക്കിടയിൽ ഭിന്നതകൾ സൃഷ്ടിക്കുന്നത്. ഇതു നിമിത്തമാണ് അവൻ സഭയിൽ ക്ലിക്കുകളും ഗ്രൂപ്പുകളും ഉണ്ടാക്കുന്നത്. ഐക്യമുള്ള ഒരു സഭ മൂലം തന്റെ രാജ്യം ആക്രമിക്കപ്പെടുവാൻ ഇടയാകാതെ അതിനെ സംരക്ഷിക്കുവാൻ അവൻ ആഗ്രഹിക്കുന്നു സാത്താന്റെ തന്ത്രങ്ങളെ സംബന്ധിച്ച് നാം ജാഗരുകരായിരിക്കണം: അവയെപ്പറ്റി അജ്ഞരായിരിക്കരുത്.

ക്രിസ്തുവിന്റെ ഭൗതീകശരീരത്തിലെ അവയവങ്ങൾക്ക് ഒരുമിച്ച്ചേർന്നു പ്രവർത്തിക്കുവാൻ കഴിയാതെവന്നിരുന്നുവെങ്കിൽ ആ ശരീരത്തിന് എത്രയധികം പരിമിതിയുണ്ടാകുമായിരുന്നുവെന്ന് ആലോചിച്ചു നോക്കുക. അങ്ങനെയായിരിന്നെങ്കിൽ താൻ ചെയ്തതുപോലെ ഈ ലോകത്തിനു ദൈവമഹത്വം വെളിപ്പടുത്തിക്കൊടുക്കുവാൻ അവിടുത്തേക്ക് കഴിവുണ്ടാവുകയില്ലായിരുന്നു. ഇന്ന് വിശ്വാസികൾ തമ്മിൽ ഭിന്നതയുണ്ടാകുന്ന സമയത്ത് തന്റെ ആത്മീയശരീരത്തിന്റെ തലയെന്ന നിലയിൽ ക്രിസ്തുവിനുണ്ടാകുന്ന പരിമിതി ഇതത്രേ.

നാമും നഷ്ടം സഹിക്കുന്നു. ദൈവമക്കളിൽ ഏതെങ്കിലും ഒരാളിൽനിന്നുപോലും നിങ്ങൾ വേർപിരിയുന്നപക്ഷം ആ ദൈവമകനിൽനിന്നു മാത്രം നിങ്ങൾക്കു ലഭിക്കാമായിരുന്ന ചില ദൈവസമ്പത്തുകൾ ലഭിക്കാതെപോകുന്നു. എല്ലാ വിശുദ്ധന്മാരോടും കൂടി മാത്രമേ ക്രിസതുവിന്റെ സ്നേഹപൂർണ്ണതയെ അറിയുവാൻ നമുക്കു കഴിവുണ്ടാവുകയുള്ളു( എഫേ. 3: 17-19).

ക്രിസ്തീയകൂട്ടായ്മയുടെ പ്രാധാന്യത്തെപ്പറ്റി കൂടുതൽ ആഴമായ ഒരു പഠനത്തിനുവേണ്ടി ' ക്രിസ്തുവിൽ ഏകശരീരം' **(one body in christ)** എന്ന എന്റെ പുസ്തകം വായിക്കേണ്ടതാണ്.

## അധ്യായം പത്ത്

# ഈ യുഗത്തിന്റെ പര്യവസാനം

പഴയനിയമകാലങ്ങളിൽ മരണാനന്തരജീവിതത്തെക്കുറിച്ചും ഭാവിയിലേക്കുള്ള ദൈവത്തിന്റെ പ്ലാനിനെക്കുറിച്ചും വ്യക്തമായ ധാരണകൾ ഉണ്ടായിരുന്നില്ല. എന്നാൽ ഈ രണ്ടു കാര്യങ്ങളെപ്പറ്റിയും വളരെ വ്യക്തമായി യേശു പഠിപ്പിച്ചു. അതിനാൽ ഇവയെപ്പറ്റിയുള്ള സത്യം അറിയുന്നത് നമുക്കു പ്രയോജനകരമായിരുക്കും.

**മരണാനന്തരം എന്ത്?**

ക്രസ്തുവിന്റെ ഒരു യഥാർത്ഥശിഷ്യന് മരണം യാതൊരു ഭീതിയും ഉളവാക്കുന്നില്ല. കാരണം, ക്രിസ്തു മരണത്തെ ജയിച്ചവനത്രേ. തന്മൂലം മരണം പരാജിതനായ ഒരു ശത്രുവാണ്. യേശു മരിച്ചിട്ട് മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ ജയിച്ചതായി ബൈബിൾ പ്രസ്താവിക്കുന്നു. അതിനാൽ ഇനിമേൽ നമുക്ക് മരണത്തെപ്പറ്റി യാതൊരു ഭയവും ഉണ്ടാകേണ്ട ആവശ്യമില്ല (എബ്രാ. 2:14,15). മരണത്തിന്റെ താക്കോൽ ഇപ്പോൾ യേശുവിന്റെ കൈവശമാണ് (വെളി.1:18). ഇപ്പോൾ തന്റെ ശിഷ്യമാരിൽ ഏതൊരാൾക്കും വേണ്ടി മരണത്തിന്റെ വാതിൽ തുറക്കുവാൻ അവിടുത്തേക്കു മാത്രമേ കഴിയൂ. സാത്താന് അവരെ തൊടുവാൻ സാധ്യമല്ല.

ഒരു മനുഷ്യൻ മരിക്കുമ്പോൾ എന്താണ് സംഭവിക്കുന്നത്? യേശു ധനവാനെയും ലാസറിനെയും പറ്റി പറഞ്ഞപ്പോൾ ഈ ചോദ്യത്തിന് വ്യക്തമായ ഉത്തരം നൽകി. ഇനി മുന്നോട്ട് നീങ്ങുന്നതിനുമുമ്പ് ഇപ്പോൾ തന്നെ ലൂക്കോ. 16: 19 –31 നിങ്ങൾ വായിക്കുന്നതു നന്നായിരിക്കും.

ഇത് ഒരു ഉപമയല്ല. കാരണം, യാതൊരു ഉപമയിലും ഒരുക്കലും യേശു ഇവിടെ ചെയ്തിട്ടുള്ളതുപോലെ ഒരു മനുഷ്യന്റെ പേരെടുത്തു പറഞ്ഞിട്ടില്ല. ധനവാനും ലാസറും ഇരുവരും യിസ്രായേലിൽ ജീവിച്ചിരുന്ന യഥാർത്ഥമനുഷ്യരായിരുന്നു.

മരിച്ചവർ പോകുന്ന രണ്ടു സ്ഥലമേയുള്ളൂവെന്ന് യേശു ഈ ഭാഗത്ത് വ്യക്തമാക്കിയിരിക്കുന്നു. ഒന്ന് അബ്രാഹാമിന്റെ മടി. ഇതിനെ പറുദീസയെന്നും വിളിച്ചിട്ടുണ്ട്. ഇത് ആശ്വാസത്തിന്റെ സ്ഥലമാണ്. മറ്റത് പീഡനത്തിന്റെയും യാതനയുടെയും സ്ഥലമായ നരകമാണ്. ഒരു മനുഷ്യൻ മരിച്ചാലുടൻ, അവന്റെ ഉടൽ ഭൂമിയിൽ മറവുചെയ്യപ്പെടുന്നതിനുമുമ്പുതന്നെ,അവന്റെ ആത്മാവ് ഈ രണ്ടു സ്ഥലങ്ങളിൽ ഒന്നിലേക്കു പോകുന്നു. അവിടെ തന്റെ ചുററുപാടുകളെക്കുറിച്ച് അവൻ ബോധവാനാണ്. അവന് ഒരു ശരീരമില്ലെങ്കിലും ആശ്വാസത്തെയോ വേദനയെയോകുറിച്ചുള്ള ബോധം അവനുണ്ട്.

ആത്മാവ് , ദേഹി. ദേഹം എന്നീ മൂന്നു ഘടകങ്ങളോടുകൂടിയ ഒരു സൃഷ്ടിയാണ് മനുഷ്യൻ(1തെസ്സ. 5:23). മരണസമയത്ത് ദേഹിയും ആത്മാവും ദേഹത്തിൽനിന്ന് വേർപിരിയുകയും ഒന്നുകിൽ പറുദീസയിലേക്കോ അല്ലെങ്കിൽ നരകത്തിലേക്കോ പോകയും ചെയ്യുന്നു.

യേശു ക്രൂശിൽ തൂങ്ങിക്കിടക്കുമ്പോൾ , അനുതപിച്ച കള്ളനോട് അവൻ ആ ദിവസംതന്നെ തന്നോടുകൂടെ പറുദീസയിൽ ഇരിക്കുമെന്നും പറഞ്ഞു. യേശുവും ആ കള്ളനും അവരുടെ ദേഹികൾ ദേഹത്തെ പിരിഞ്ഞ ഉടൻതന്നെ പറുദീസയിലേക്കുപോയി. തന്റെ മരണശേഷം താൻ മൂന്നുരാവും മൂന്നു പകലും ഭൂമിയുടെ ഉള്ളിലായിരിക്കുമെന്ന് യേശു പറഞ്ഞിട്ടുണ്ട് (മത്താ. 12:40). ഇതിൽനിന്നും ആ സമയത്ത് പറുദീസ ഭൂമിക്കുള്ളിൽ ആയിരുന്നുവെന്ന് നാം ഗ്രഹിക്കുന്നു.

എന്നാൽ യേശു ഭൂമിയുടെ അധോഭാഗങ്ങളിൽനിന്നും ഉയിർത്തെഴുന്നേററ് ഉയരത്തിൽക്കയറിപ്പോൾ ഒരു സമൂഹം ബദ്ധന്മാരെ കൂട്ടിക്കൊണ്ടുപോയതായി നാം വായിക്കുന്നു (എഫെ.4;8,9) പറുദീസയെയും അതിനുള്ളിൽ വസിച്ചിരുന്ന സകലദേഹികളെയും അവിടുന്നു മൂന്നാം സ്വർഗ്ഗത്തിലേക്കു കൊണ്ടുപോയി. 2 കൊരി. 12–ൽ രണ്ടും നാലും വാക്യങ്ങളെ നാം താരതമ്യപ്പെടുത്തുമ്പോൾ പറുദീസ ഇപ്പോൾ മൂന്നാം സ്വർഗ്ഗത്തിലാണെന്ന് നാം കാണുന്നു. യേശുവിന്റെ ഒരു ശിഷ്യൻ മരിച്ചാലുടൻ ഇവിടേക്കാണ് അയാൾ പോകുന്നത് (ഫിലി. 1:23).

## ക്രിസ്തുവിന്റെ വരവിന്റെ അടയാളങ്ങൾ

ക്രിസ്തുവിന്റെ തിരിച്ചുവരവിനു തൊട്ടുമുമ്പായി നടക്കുന്ന കുറെയധികം സംഭവങ്ങളെപ്പറ്റി ബൈബിൾ പറയുന്നുണ്ട്. അവയിൽ ചിലത് താഴെപ്പറയുന്നു:

1. യുദ്ധങ്ങളും ക്ഷാമങ്ങളും ഭൂകമ്പങ്ങളും (മത്താ. 24; 7). ഇവ എല്ലാ കാലങ്ങളിലും ഭൂമിയിൽ ഉണ്ടായിട്ടുണ്ട്. എന്നാൽ 1939 മുതൽ 1945 വരെ നടന്ന രണ്ടാം ലോകമഹായുദ്ധത്തിനുശേഷം ഇവയുടെ സംഖ്യയിൽ വളരെ വർദ്ധനവുണ്ടായിട്ടുണ്ട്.

2. വിജ്ഞാനത്തിന്റെ കുതിച്ചുയരലും ആഗോള സഞ്ചാരത്തിന്റെ വർദ്ധനവും (ദാനി. 12:4). ഈ രണ്ടു കാര്യങ്ങളും കഴിഞ്ഞ 50 വർഷക്കാലത്തിനിടയിൽ മുമ്പെന്നത്തെക്കാളുമധികം വർദ്ധിച്ചിട്ടുള്ളതായി കാണപ്പെടുന്നു.

3. മനുഷ്യർ ഭൗതികസുഖപ്രീയരായിത്തീരും (2തിമോ. 3:4). അധാർമ്മികത നാം ജീവിക്കുന്ന ഈ കാലഘട്ടത്തിലെ വിശേഷിച്ചും ദോഷകരമായ ഒരു സവിശേഷതയാണ്. ഇതിനെ വർദ്ധിക്കുന്നതിൽ ടെലിവിഷനും സിനിമയും വിഡിയോറ്റേപ്പുകളുമെല്ലാം സാത്താനെ സഹായിക്കുന്ന ഉപകരണങ്ങളായിത്തീർന്നിട്ടുണ്ട്.

4. മനുഷ്യർ നിഗളികളും ദൂഷകന്മാരും മാതാപിതാക്കളെ അനുസരിക്കാത്തവരുമായിത്തീരും (തിമോ.3:2 4). ഇന്ന് അധികാരസ്ഥാനങ്ങളോടുള്ള എതിർപ്പിന്റെയും മറുതലിപ്പിന്റെയും ആത്മാവിനെ നമുക്കു ചുറ്റുമുള്ള ഭവനങ്ങളിലും കോളേജുകളിലും ഫാക്ടറികളിലുമെല്ലാം നമുക്ക് കാണാൻ കഴിയും.

5. വിശ്വാസികൾ വിശ്വാസത്തിൽനിന്ന് **(cults)** വിപുലമായ വർദ്ധനവിനോടൊപ്പം വിശ്വാസികൾ അവയിൽ അകപ്പെട്ടുപോകുന്ന കാഴ്ചയും ഇന്ന് നാം കാണുന്നുണ്ട്.

6.യിസ്രായേൽ രാജ്യത്തിന്റെ പുനരാവിർഭാവം (യിസ്രായേലിന്റെ ഒരു പ്രതീകമായ അത്തിവൃക്ഷം തളിർക്കുന്നത് - ലൂക്കോ.21:29-32). ഏ.ഡി. 70-ാ മാണ്ടുമുതൽ യഹൂദന്മാർ ഭൂമിയിലെങ്ങും ചിതറിപ്പോകുവാ

നിടയായി. അതിനുശേഷം ഏതാണ്ട് പത്തൊൻപതു നൂറ്റാണ്ടു കാലം ഈ അത്തി വാടിയ നിലയിൽ കഴിഞ്ഞുകൂടി . എന്നാൽ 1948 മേയ് മാസത്തിൽ യിസ്രയേൽരാജ്യം ഉയിർത്തെഴുന്നേൽക്കുവാനിടയായി . ജാതികളുടെ (യഹൂദേതര വർഗ്ഗങ്ങളുടെ ) കാലം തികയുന്നതുവരെ അവർ യെരുശലേമിൽ വാസം ചെയ്യുമെന്ന് യേശു പറഞ്ഞിട്ടുണ്ട് (ലൂക്കോ. 21: 24). 1967 ജൂൺ മാസത്തിൽ ഇരുപതു നൂറ്റാണ്ടുകാലത്തിനിടയിൽ ആദ്യമായി യിസ്രായേൽക്കാർ യെരുശലേം പിടിച്ചെടുത്ത് അവിടെ വസിക്കുവാനാരംഭിച്ചു.

7. യിസ്രായേലിനെ എതിർക്കുന്ന ഒരു പ്രമുഖരാഷ്ട്രമായി റഷ്യ ഉയർന്നുവരിക (യെഹ. 38:2,3. ഇവിടെ റോഷ് റഷ്യയെയും മേശെക് മോസ്കോയെയും കുറിക്കുന്നു).

ഇന്നു ലോകത്തിൽ സംഭവിക്കുന്ന കാര്യങ്ങൾ മനസ്സിലാക്കുക ആവേശജനകമായ ഒരു കാര്യമാണ്. ഇ അടയാളങ്ങൾ എല്ലാം ക്രസ്തു വേഗം വരുമെന്നു ചൂണ്ടിക്കാണിക്കുന്നു.

ഒന്നാമത്തെ ഉയിർത്തെഴുന്നേൽപും ക്രിസതുവിന്റെ ന്യായവിധിയുടെ സിംഹാസനവും

ക്രിസ്തു വരുമ്പോൾ അവിടത്തെ ജനങ്ങളായ നാമെല്ലാവരും കണ്ണിമയ്ക്കുന്നതിനിടയിൽ രൂപാന്തരപ്പെടും. വാർദ്ധക്യമോ മരണമോ ബാധിക്കാത്ത പുതിയ ശരീരങ്ങൾ നമുക്ക് ലഭിക്കു (1കൊരി. 15:51-53)തന്റെ ഉയിർത്തെഴുന്നേൽപിനുശേഷം യേശുവിന് ഉണ്ടായിരുന്ന ശരീരത്തിന് തുല്യമായിരിക്കും നമ്മുടെ പുതിയ ശരീരങ്ങൾ (ഫിലി. 3:20,21 ). ക്രിസ്തുവിൽ മരിച്ചവർ കല്ലറകളിൽനിന്ന് പുതിയശരീരങ്ങളോടുകൂടി ഉയിർത്തെഴുന്നേറ്റ് അന്ന് ജീവിച്ചിരിക്കുന്ന ക്രിസ്തുശിഷ്യന്മാരോടൊപ്പം കർത്താവിനെ എതിരേൽപ്പാൻ ആകാശത്തിലേക്ക് ഉയരും (1 തെസ്സ.4:13-17).

അനന്തരം ക്രിസ്തു തന്റെ ന്യായാസനം സ്ഥാപിക്കും. അതിനുമുമ്പ്നാം ഓരോരുത്തുരായി ന്യായം വിധിക്കപ്പെടും (വിലയിരുത്തപ്പെടും).ഭൂമിയിലെ ജീവിതകാലത്ത് നാം എത്രമാത്രം വിശ്വസ്തരായിരുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ നമ്മിൽ ഓരോരുത്തനും പ്രതിഫലം ലഭിക്കും.

വിശ്വസ്തരായിരുന്നവർക്ക് ആ ദിവസത്തിൽ കിരീടങ്ങൾ നൽകപ്പെടുന്നതിലെപ്പറ്റി ബൈബിൾ പ്രതിപാദിക്കുന്നുണ്ട്. കർത്താവു ആ സമയത്ത് തന്റെ ശിഷ്യന്മാർക്ക് നൽകുന്ന പ്രതിഫലത്തെപ്പറ്റിയുള്ള വിശദാംശങ്ങൾ ഗ്രഹിക്കുന്നതിനുവേണ്ടി നിങ്ങൾക്ക് 2 കൊരി.5:10 , 1 കൊരി.3:11 -15, 2 തിമോ.4:8, 1 പത്രോ.5:4എന്നീ വചനഭാഗങ്ങൾ വായിക്കാം.

ഒന്നാം സ്ഥാനക്കാരായിരുന്ന പലരും ഒടുവിലത്തെ സ്ഥാനത്താണെന്നും ഒടുവിലത്തെ സ്ഥാനമുണ്ടായിരുന്ന പലരും ഒന്നാം സ്ഥാനക്കാരാണെന്നും ആ ദിവസങ്ങളിൽ നാം ഗ്രഹിക്കും (മത്താ. 19:30). ഭൂമിയിൽവച്ച് വലിയ ആത്മീയരായി ഗണിക്കപ്പെടുന്ന പലരും ദൈവദൃഷ്ടിയിൽ അത്ര വിശ്വസ്തരായിരുന്നില്ലെന്ന് അപ്പോൾ വെളിപ്പെടും. അതുപോലെ വളരെ ഉയർന്നവരെല്ലെന്നു നാം കരുതിയിരുന്ന പലരും ദൈവദൃഷ്ടിയിൽ വിശ്വസ്തരായിരുന്നുവെന്നും ഗ്രഹിപ്പാൻ സാധിക്കും.

ആരും അറിഞ്ഞിട്ടില്ലാത്ത വിശ്വസ്തയായ ഒരു വിധവ ദിവസത്തിൽ ലോക പ്രശസ്തനും എന്നാൽ അവിശ്വസ്തനുമായിരുന്ന സുവിശേഷപ്രസംഗകനെക്കാൾ ഉയർന്ന സ്ഥാനമുള്ളവളായിത്തീരും.

പണം, പ്രശസ്തി മുതലായപോലെ ഭൂമിയിൽ ജനങ്ങൾ വിലപ്പെട്ടവയായി കരുതിയിരുന്ന പലതും ദൈവമുമ്പാകെ നിശ്ശേഷം വിലയറ്റതാണെന്ന് ആ ദിവസത്തിൽ നാം മനസ്സിലാക്കും. അതുപോലെ വിശുദ്ധി, വിനയം, നിസ്സാർത്ഥത, കരുണ, നന്മ മുതലായ ലോകം വിലമതിക്കാതിരുന്ന അനേകം സൽഗുണങ്ങളെ ദൈവം ഏറ്റവും ഉന്നതമായിക്കരുതുന്നുവെന്നും അന്നു നാം കണ്ടുപിടിക്കും.

കുഞ്ഞാടിന്റെ കല്യാണമെന്ന് ബൈബിൾ വിളിക്കുന്ന ആ വിവാഹം- അന്നു നടക്കും. തങ്ങളെത്തന്നെ ത്യജിച്ച് നാൾതോറും തങ്ങളുടെ ക്രൂശെടുത്തുകൊണ്ട് ശിഷ്യന്മാരെന്ന നിലയിൽ യേശുവിനെ അനുഗമിക്കുന്നതിൽ വിശ്വസ്തരായിരുന്നവരാണ് യേശുവിന്റെ കാന്ത (വെളി.19:8 -10).

### സഹസ്രാബ്ദവാഴ്ച

അനന്തരം ആയിരം വർഷക്കാലത്തേക്കുള്ള ഒരു സമാധാനഭരണം ആരംഭിക്കും, അന്ന് ഭൂമിയിലെല്ലാം ഏദെൻതോട്ടത്തിലെ സന്തുഷ്ടസ്ഥിതി നിലവിൽ വരും. സിംഹം കുഞ്ഞാടിനോടൊപ്പം സമാധാനത്തിൽ ജീവിക്കും. ഒരു ശിശു ഉപദ്രവം ബാധിക്കാതെ സർപ്പത്തോടൊപ്പം കളിക്കും (യെശ. 11ഃ 6 -9).

അന്ന് യേശു യെരൂശലേമിൽനിന്ന് സകലഭൂമിക്കും രാജാവായി വാഴും (സെഖ.11:6-9). ആ വർഷങ്ങളിൽ സാത്താൻ ബന്ധിതനായിരിക്കയാൽ ഇന്നത്തെപ്പോലെ അവന് ഭൂമിയിൽ പ്രവർത്തിപ്പാൻ അവസരം ലഭിക്കയില്ല.

ആ ആയിരം വർഷത്തിന്റെ അവസാനത്തിൽ മാനസാന്തരപ്പെടാത്ത ഭൂവാസികളെ ഒരിക്കൽകൂടി ശോധന ചെയ്യുവാനായി സാത്താനെ ഒരു ഹ്രസ്വകാലത്തേക്ക് അഴിച്ചുവിടും . വീണ്ടും ഒരു വലിയ ജനസമുഹം സാത്താനെ പിന്തുടരും. ഈ ആളുകൾക്ക് വർഷക്കാലത്തെ ആ സമാധാനവാഴ്ചക്കുശേഷവും ക്രിസ്തു തങ്ങളുടെമേൽ രാജാവായിരിക്കുന്നത് സമ്മതമല്ലെന്ന് തന്റെ ദൂതന്മാർക്കും മനുഷ്യർക്കും ദൈവം കാണിച്ചുകൊടുക്കുന്നതിനായിരിക്കും ഇതു സംഭവിക്കുന്നത്.

മനുഷ്യന്റെ അന്ധതയും ദുശ്ശാഠ്യവും ദുഷ്ടതയും ആവിധത്തിലുള്ളതത്രേ.

എന്നാൽ ദൈവം ആ മത്സരികളായ ജനസമുഹത്തിന്റെമേൽ ന്യായവിധി നടത്തുവാൻ ഇറങ്ങിവരും. അവിടുന്ന് സാത്താനെ ബന്ധിച്ച് ഗന്ധകത്തീപ്പൊയ്കയിൽ ഇട്ടുകളയും (തീപ്പൊയ്ക- നരകത്തിന്റെ മറ്റൊരു പര്യായം വെളി.20:7-10).

### രണ്ടാമത്തെ പുനരുത്ഥാവും അന്തിമന്യായവിധിയും

അതിനുശേഷം ദൈവം അവിശ്വാസികളെ ന്യായം വിധിക്കുന്നതിനുള്ള തന്റെ ന്യായാസനം സ്ഥാപിക്കും. ഇതായിരിക്കും രണ്ടാമത്തെ പുനരുത്ഥാനം. മരിച്ചവർ തങ്ങളുടെ കല്ലറകളിൽനിന്ന് ഉയിർത്തെഴുന്നേൽക്കും. എല്ലാ അവിശ്വാസികളുടെയും ആത്മാക്കൾ ന്യായവിധിക്കായി ദൈവമുമ്പാകെ നിൽക്കേണ്ടതിന്ന് നരകത്തിൽനിന്ന് തങ്ങളുടെ ഭൗമശരീരങ്ങളിലേക്കു മടങ്ങിവരും. പുസ്തകങ്ങളിൽ എഴുതിയിരിക്കുന്നതിന് അനുസൃതമായി അവരിൽ ഓരോരുത്തർക്കും തങ്ങളുടെ പ്രവൃത്തികൾക്കനുസരിച്ചുള്ള ന്യായവിധി ഉണ്ടാകും (വെളി. 20: 12).

ഭൂമിയിലെ നമ്മുടെ ജീവിതകാലം മുഴുവൻ നാം ചിന്തിച്ചതും പറഞ്ഞതും പ്രവർത്തിച്ചതുമായ സകലത്തെയും, അതുപോലെ നമ്മുടെ മനോഭാവങ്ങൾ, ഉദ്ദേശ്യങ്ങൾ എന്നിവയേയും വിശ്വസ്തയോടെ രേഖപ്പെടുത്തുന്ന ഒരു വിഡിയോറ്റേപ്പിനു തുല്യമാണ് നമ്മുടെ ഓർമ്മശക്തി. എല്ലാ അവിശ്വാസികളുടെയും രഹസ്യജീവിതത്തെ ലോകത്തിനു വെളിവാക്കുന്നതിനുവേണ്ടി ദൈവം ആ ദിവസത്തിൽ ഈ റ്റേപ്പിനെ തിരിയെ പ്രവർത്തിപ്പിക്കും, താൻ അവരെ നിത്യശിക്ഷാവിധിയിലേക്കയയ്ക്കുന്നത് തികച്ചും നീതിയുക്തമാണെന്ന് എല്ലാവർക്കും ബോധ്യം വരിത്തുവാനായിട്ടുള്ള ദൈവത്തിന്റെ പ്രവർത്തനമായിരിക്കും ഇത്.

ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവരെയും, ഭൂമിയിൽ അവർ ആരെ സേവിച്ചുവോ ആസാത്താനോടു ചേരുവാനായി തീപ്പൊയ്കയിൽ ഇട്ടുകളയും (വെളി, 20:15).

### കാലത്തിന്റെ അന്ത്യം

അതോടെ കാലം അവസാനിക്കുകയും നിത്യത ആരംഭിക്കുകയും ചെയ്യും. വീണ്ടെടുക്കപ്പെട്ട സ്തീപുരുഷന്മാർ പുതിയ ആകാശത്തിലേക്കും പുതിയ ഭൂമിയിലേക്കും പ്രവേശിക്കയും ക്രിസ്തുവിന്റെ കാന്ത (വെളി.21-ൽ വർണ്ണിച്ചിരിക്കുന്നതുപെലെ) സകല തേജ്സ്സോടും കൂടെ പ്രാകാശിക്കും.

ദൈവം പുന:സൃഷ്ടിക്കുന്ന ആ പരിപൂർണ്ണതയുള്ള ആകാശത്തിൽനിന്നും ഭൂമിയിൽനിന്നും സാത്താനും സകല അവിശ്വാസികളും തുടച്ചുനീക്കപ്പെട്ടിരിക്കും, ആമഹത്വപൂർണ്ണമായ പുതിയ ലോകത്തിൽ മേലാൽ ഒരിക്കലും പാപം അതിന്റെ വികൃതമുഖം കാട്ടുകയില്ല. നമ്മുടെ ജഡത്തിൽ ഒരു മോഹവും ശേഷിക്കുകയില്ല. നിത്യത മുഴുവനും തങ്ങൾക്കായി ദൈവഹിതം തിരഞ്ഞെടുത്തിട്ടുള്ള ജനങ്ങളെക്കൊണ്ട് സ്വർഗ്ഗം നിറയും.

ജയിക്കുവാനുള്ള ആഹ്വാനം

ഇങ്ങനെ ഇവ (ഇപ്പോഴത്തെ ആകാശവും ഭൂമിയും ) അഴിവാനുള്ളതായിരിക്കയാൽ....നിങ്ങൾ എത്ര വിശുദ്ധജീവനവും ഭക്തിയും ഉള്ളവർ ആയിരിക്കണം! (2പത്രോ.3:11,12).

നാം ജീവിക്കുന്ന ഈ അന്ത്യനാളുകൾക്കായുള്ള ദൈവികസ്ന്ദേശം ഒരൊറ്റവാക്കിൽ സംക്ഷേപിക്കാം: **ജയിക്കുക (overcome)** (വെളി.2:7,11,17, 26: 3:5,12,21, 12:11, 21:7).

അവിശ്വാസികളോടുള്ള ഇന്നത്തെ സുവിശേഷസന്ദേശത്തിലെ വിട്ടുപോയ **കണ്ണിയായ മാനസാന്തരാപ്പെടുക** എന്നതിനെ ഊന്നിപ്പറഞ്ഞുകൊണ്ടാണ് നാം ഈ പുസ്തകം ആരംഭിച്ചത്.

വിശ്വാസികളോട് ഇന്നു പ്രസംഗിക്കപ്പെടുന്ന സന്ദേശത്തിലെ വിട്ടുപോയകണ്ണിയായ **ജയിക്കുക** എന്ന പദം ഊന്നിപ്പറഞ്ഞുകൊണ്ടാണ് നാം ഈ പുസ്തകം ഉപസംഹരിക്കുകയാണ്.

മനുഷ്യൻ പാപത്തിൽ വീണ കാലം മുതൽ ഇന്നയോളം അവനോടുള്ള ദൈവത്തിന്റെ ആഹ്വാനം 'പാപത്തെ ജയിക്കുക, കീഴടക്കുക'എന്നതത്രേ. കയീനോടു ദൈവം കല്പിച്ചു, "പാപം വാതിൽക്കൽ കിടക്കുന്നു:നീയോ അതിനെ കീഴടക്കണം" (ഉൽപ.4:7). ബൈബിളിലെ അവസാന പുസ്തകത്തിൽ ആ ആഹ്വാനം ആവർത്തിക്കപ്പെടുന്നു. നോക്കുക: " ജയിക്കുന്നവന് (പാപത്തെ കീഴടക്കുന്നവന്) ഇത് അവകാശമായി ലഭിക്കും: ഞാൻ അവന് ദൈവവും അവൻ തനിക്കു മകനുമായിരിക്കും " (വെളി.21: 7).

ദൈവത്തോടുള്ള കൂട്ടായ്മയിൽ നയിക്കപ്പെടുന്നതും അവിടുത്തെ ഉദ്ദേശ്യങ്ങൾ നിറവേറ്റുന്നതുമായ ഒരു ജീവിത്തിന്റെ തേജസ്സിനോടു താരതമ്യപ്പെടുത്താവുന്ന യാതൊന്നും ഈ ഭൂമിയിൽ ഇല്ല. യേശു ഈ ഭൂമിയിൽ ജീവിച്ച ജീവിതം ഏറ്റവും അദ്ഭുതകരവും അത്യന്തം മഹത്വപുർണ്ണവും ആയിരുന്നു. ഏതു മനുഷ്യനും ഏതു കാലത്തും നയിച്ചിട്ടുള്ളതിനേക്കാൾ അധികം സന്തോഷപുർവ്വമായിരുന്ന ഒരു ജീവിതമായിരുന്നു അത് . അവിടുന്ന് ലോകപ്രശസ്തനോ സമ്പന്നനോ ആയിരുന്നില്ല. എങ്കിലും തന്റെ ജീവിതത്തിലൂടെ അവിടുന്ന് ദൈവതേജസ്സിനെ പ്രതിഫലിപ്പിച്ചു. നിങ്ങൾക്കും അതേ തേജസ്സിനെ പ്രതിഫലിപ്പിക്കുവാൻ കഴിയും എന്നതാണ് സുവിശേഷത്തിലടങ്ങിയ സുവാർത്ത. നിങ്ങളുടെ ഭൗമിക ജീവിതത്തിലെ എല്ലാ ദിവസങ്ങളിലും പാപത്തെ കീഴടക്കി അതിന്മേൽ പൂർണ്ണജയം പ്രാപിച്ച ഒരുവനായിത്തീരുവാൻ നിങ്ങൾക്കു കഴിയും.

അതിനാൽ വിശ്വസ്തനായിത്തീർന്ന് നിത്യതയുടെ മൂല്യങ്ങളെ എല്ലാ സമയത്തും മുന്നിൽക്കണ്ടുകൊണ്ടു ജീവിക്കുവാൻ നിങ്ങൾക്ക് ഇടയാകട്ടെ. ആമേൻ.

■

## ഗ്രന്ഥകാരന്റെ ഇതര കൃതികൾ

1. ഇളകാത്ത അടിസ്ഥാനം **(A good foundation)**
2. ദൈവഹിതപ്രകാരമുള്ള പ്രർത്ഥന
   (എങ്ങനെ പ്രാർത്ഥിക്കണം ?) **(God centred praying)**
3. അദ്ഭുതസത്യങ്ങൾ **(Amazing facts)**
4. മുൻഗണന ഏതിന്? **(Supreme Priorities)**
5. സെക്സ്, പ്രേമം, വിവാഹം**(Sex, love and marriage)**
6. ദൈവതേജസ്സിന്റെ പ്രതിഫലനം**(Radiating His glory)**
7. ജയജീവിത രഹസ്യങ്ങൾ(**Secrets of victory)**
8. ക്രിസ്തുവും തന്റെ സഭയും ( **The Lord and His church)**
9. ദൈവത്തിന്റെ അംഗീകാരം ശോധനകളിലൂടെ (**Gaining God's approval)**
10. പുതുവീഞ്ഞു പുതിയ തുരുത്തിയിൽ (**New wine in newwineskins)**
11. സമ്പൂർണ്ണജീവിതം
    (ഗിരിപ്രഭാഷണം- ഒരു പഠനം ) ( **Aboundant life)**
12. നിങ്ങളുടെ പ്രതിയോഗിയെ അറിയുക (**Know your enemy)**
13. ദൈവഹിതം കണ്ടെത്തുക (**Finding God's will)**
14. പുതിയ നിയമത്തിലെ ഭൃത്യൻ (**The new covenant servant)**